# താമരമൊട്ടുകൾ

വാല്യം 24 | ഡിസംബർ 2022 | ലക്കം 12 | Price ₹ 20



എല്ലാവർക്കും
ക്രിസ്തുമസ് പുതുവത്സര
ആശംസകൾ...

## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ ഡിസംബർ 2022 ലക്കം 12

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



## വായനക്കാർക്കെല്ലാം ക്രിസ്തുമസ് ആശംസകൾ

# 50 ജൂബിലി നിറവിൽ



ഫാ. സെബാസ്റ്റ്യൻ
വടക്കേൽ
18-12-1972



ഫാ. ജെയിംസ്
പുൽത്തകിടിയിൽ
27-12-1997

25th ANNIVERSARY



ഫാ. ജോസഫ്
തേക്കുംകാട്ടിൽ
29-12-1997



ഫാ. ജോസഫ്
കൂനാനിക്കൽ
30-12-1997



ഫാ. ജോസഫ്
മഞ്ഞക്കഴക്കുന്നേൽ
31-12-1997



ഫാ. എബ്രഹാം
വയലിൽ
01-01-1998




ഫാ. മാത്യു
പെരുവേലിൽ
03-01-1998



ഫാ. വർഗ്ഗീസ്
മഠത്തിക്കുന്നേൽ
15-04-1998

## നാമഹേതുക തിരുനാൾ ആശംസകൾ

മോൺ. ജോൺ ഒറവുങ്കര
ഡിസംബർ 27



# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 884 |
| 2. | പ്രോഗ്രാം ഡിസംബർ 2022 | 885 |
| 3. | സർക്കുലർ | 886 |
| 4. | സർക്കുലർ 20/2022 | 890 |
| 5. | കച്ചേരിക്കാര്യം | 894 |
| 6. | തിരുപ്പട്ടം സ്വീകരിക്കുന്നവർ | 898 |
| 7. | ആദരാഞ്ജലികൾ - ഫാ. പോൾ പുത്തൻപുര | 899 |
| 8. | ആദരാഞ്ജലികൾ - ഫാ. ജോർജ് മഠത്തിപ്പറമ്പിൽ | 901 |
| 9. | വൈദിക സമ്മേളനം 2022 | 902 |
| 10. | കരുതൽ ഹെൽപ്പ് ലൈൻ | 904 |
| 11. | വിശ്വാസപരിശീലനം | 905 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 908 |
| 13. | നവസന്യാസിനികൾക്ക് ആശംസകൾ | 911 |
| 14. | തിരുബാലസഖ്യം | 912 |
| 15. | ലിറ്റർജി കമ്മീഷൻ | 913 |
| 16. | സെമിനാരി വാർത്തകൾ | 915 |
| 17. | ആദരാഞ്ജലികൾ | 915 |
| 18. | വിദ്യാഭ്യാസരംഗം | 916 |
| 19. | സ്റ്റാർട്ട് | 920 |
| 20. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 923 |
| 21. | അൽഫോൻസ കോളേജ് | 924 |
| 22. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 926 |
| 23. | മദ്യവിരുദ്ധ സമിതി | 928 |
| 24. | സി.എൻ.ജി.ഐ | 929 |
| 25. | ഇൻഫാം | 930 |
| 26. | മാതൃവേദി | 932 |
| 27. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 942 |
| 28. | കെസിവൈഎം - എസ്എംവൈഎം | 943 |
| 29. | ക്രിസ്റ്റീൻ മിനിസ്ട്രി | 947 |
| 30. | കരിസ്മാറ്റിക് മൂവ്മെന്റ് | 948 |
| 31. | ലീഡർഷിപ്പ് ഡെവലപിംഗ് സൊസൈറ്റി | 949 |
| 32. | ബഥാനിയ ധ്യാനകേന്ദ്രം | 950 |
| 33. | മലബാർ ലേബർ മൂവ്മെന്റ് | 952 |
| 34. | വികസനവേദി | 953 |
| 35. | യേശുനിധി | 958 |
| 36. | അജപാലനക്കുറിപ്പുകൾ | 959 |
| 37. | വിഷയവിവരങ്ങൾ | 963 |

# BIRTH DAY GREETINGS

Rev. Fathers

| | | | |
|---|---|---|---|
| | Mukaleparambil Joseph | December | 1 |
| | Kiliyananickal James | | 1 |
| | Kochukaipayil Thomas | | 1 |
| | Karakatt Sebastian | | 2 |
| | Vallopilly Abraham | | 3 |
| | Mathew Thekkekkaramattathil | | 4 |
| | Palakeel Kuriakose | | 8 |
| | Chennamkulath Benedict | | 10 |
| | Ponganpara Cheriyan | | 11 |
| | Pennaparambil Jose | | 12 |
| His Grace | Mar Jacob Thoomkuzhy | | 13 |
| | Kalapurackal George | | 15 |
| | Muthalakuzhiyil Joseph | | 18 |
| | Vellackakudiyil George | | 18 |
| | Varikkassery George | | 21 |
| | Thannickal Kurian | | 23 |
| | Palathumthalakal Augustine | | 25 |
| | Kottackal Mathew | | 26 |
| | Nagaparambil Thomas | | 27 |
| | Pulinchuvattil Abraham | | 28 |
| | Kizhukkarakattu Danties | | 29 |
| | Chirathalackal Joseph | | 31 |

# Feast Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Kalariparambil John | December | 27 |
| Msgr. | Oravankara John | | 27 |
| | Moolayil John | | 27 |
| | Pazhukunnel Johnson | | 27 |
| | Pallickavayalil John | | 27 |
| | Mar Remigiose Inchananiyil | | |

# പ്രോഗ്രാം ഡിസംബർ 2022

| | | |
|---|---|---|
| 01 | വ്യാഴം | ഇരുപത്തഞ്ച് നോമ്പാരംഭം |
| 03 | ശനി | **വി. ഫ്രാൻസീസ് സേവ്യർ** |
| 08 | വ്യാഴം | **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുന്നാൾ** |
| 14 | ബുധൻ | കുരിശിന്റെ വി. യോഹന്നാൻ |
| 18 | ഞായർ | മൈലാപ്പൂരിലെ അത്ഭുത സ്ലീവാ |
| 24 | ശനി | ചരമദിനം: ഫാ. ജോർജ്ജ് തടത്തിൽ (1998) |
| 25 | ഞായർ | **ക്രിസ്തുമസ്** |
| 26 | തിങ്കൾ | വി. എസ്തപ്പാനോസ്, വി. യോഹന്നാൻ ശ്ലീഹാ,<br>തിരുക്കുടുംബ തിരുനാൾ,<br>വി. യൗസേപ്പിതാവർഷ സമാപനം<br>പൗരോഹിത്യ സ്വീകരണദിനം -<br>മാർ റെമീജിയോസ് ഇഞ്ചനാനിയിൽ |
| 27 | ചൊവ്വ | തിരുപ്പട്ടസ്വീകരണം പുല്ലൂരംപാറ<br>ഡീക്കൻ ജോസഫ് പന്തലാടിക്കൽ,<br>ഡീക്കൻ ജേക്കബ് കോയിപ്പുറത്ത് |
| 28 | ബുധൻ | കുഞ്ഞിപ്പൈതങ്ങൾ |
| 29 | വ്യാഴം | ചരമദിനം: ഫാ. ജോസഫ് കാളക്കുഴി (2018)<br>തിരുപ്പട്ടസ്വീകരണം ചുണ്ടത്തുംപൊയിൽ<br>ഡീക്കൻ ജോസഫ് വിലങ്ങുപാറ |
| 30 | വെള്ളി | തിരുപ്പട്ടസ്വീകരണം കൂടരഞ്ഞി<br>ഡീക്കൻ ജോർജ്ജ് കരിന്തോളിൽ |
| 31 | ശനി | വർഷാവസാനം |

Ref: 3802/KCBC/K-35/OL/DS

# കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണ മാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരളസഭാ നവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പെന്തക്കൊസ്താ മുതൽ 2025 പെന്തക്കൊസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ 2,20-22) എന്ന ആപ്തവാക്യം ഈ വചനപാരായണമാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

## 1. സഭ

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (കഹാൽ- ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4,10). സമാന അർഥത്തിൽത്തന്നെയാണ് പുതിയനിയമവും ഈ പദം (എക്ളേസിയ-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത് (കാ. എഫേ 2,4-8; അപ്പ 2,37-42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2,9); ക്രിസ്തുവിന് സാക്ഷ്യംവഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3,8-10).

## 2. ക്രിസ്തുവിൽ

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (kenosis)പങ്കുചേർന്ന് ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വളരാനും, സ്വന്തമായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ 1,23).

ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെ ത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ട് കഴുകി, വചനത്താൽ വെൺമ യുള്ളതാക്കി മഹത്ത്വപൂർണയായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (കാ. എഫേ 5,27–29); അവളെ തന്റെ ശരീരവും നിർമലവധുവുമായി പരിപോഷിപ്പി ക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സാന്നിധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

### 3. സഭയാകുന്ന ഭവനം

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടാ യ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ഐക്യ പ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ഏകശരീരമായി മാറുന്നു (എഫേ 4,3 –6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനമായ ഒരു കെട്ടിടത്തെ യല്ല, മറിച്ച് കൂട്ടായ്മയുടെ കുടുംബത്തെയാണ് സൂചിപ്പിക്കുന്നത് (1 കോറി 3,16; 2 കോറി 6,16; എഫേ 2,21). സജീവ ശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തു തന്നെ യാണ് (1 പത്രോ 2,4–5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാംഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

### 4. പണിയപ്പെട്ടുകൊണ്ടിരിക്കുന്നു

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടനത്തിൽ സഭ , ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജ്ജം സ്വീകരിച്ച് പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാ കുന്ന ക്രിസ്തുവിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1,23; 4,13.).

പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്കരിച്ച രക്ഷയുടെ പദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ള താണ് (മർക്കോ 16,16). ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തു പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതുവരെ ഇത് തുട രേണ്ടിയിരിക്കുന്നു (കാ.1 കോറി 15,21–28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും കർമം കൊണ്ടും സാക്ഷ്യംനല്കാൻ നമ്മൾ പ്രാപ്തരാകു മ്പോൾ, നവീകരണപാതയുടെ അടിസ്ഥാനകർത്തവ്യനിർവഹണമായ സുവി ശേഷപ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

## കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെസിബിസി ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന പുതിയനിയമപഠന ബൈബിൾ പുറത്തിറക്കാൻകഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

## ബൈബിൾ പാരായണവും ബൈബിൾ ഞായറും

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവ്വകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി

മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തിയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

NB: 2022 ഡിസംബർ 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

*സർക്കുലർ 20/2022*

# മംഗളവാർത്തക്കാലം

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, പ്രിയ മാതാപിതാക്കളെ, യുവജനങ്ങളെ, വാത്സല്യമുള്ള കുഞ്ഞുമക്കളെ,

ആരാധനക്രമവത്സരത്തിന്റെ പുതിയ വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മംഗളവാർത്തക്കാലത്തിൽ ആരംഭിച്ച് ഈശോയുടെ ജനന, പരസ്യജീവിത, പീഡാസഹന മരണ ഉത്ഥാനത്തെക്കുറിച്ച് അനുദിനം ധ്യാനിച്ച് സ്വർഗ്ഗത്തെയും ഈശോയുടെ പ്രത്യാഗമനത്തെയും പ്രത്യാശയോടെ കാത്തിരിക്കുവാൻ തിരുസ്സഭാമാതാവ് ആരാധനക്രമവത്സര ത്തിലൂടെ നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു. മംഗളവാർത്തക്കാലം ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും അതിനുള്ള ഒരുക്കവുമാണ് ധ്യാനവിഷയമാക്കുന്നത്.

"അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" (ഏശയ്യ 9/2). ക്രിസ്തുമസ്സിന് ഒരുങ്ങുമ്പോൾ ഈ വചനഭാഗം നമുക്ക് ധ്യാനവിഷയമാക്കാം. മതബോധനഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ "യേശുക്രിസ്തു ലോകത്തിന്റെ കർത്താവും ചരിത്രത്തിന്റെ കർത്താവുമാണ്... എല്ലാ മനുഷ്യരെയും അവിടുന്നു വീണ്ടെടുത്തു. എല്ലാവരെയും അവിടുന്ന് വിധിക്കുകയും ചെയ്യും" (YOUCAT-110). അതുകൊണ്ട് ഈശോയുടെ ജനനം സകല ജനങ്ങൾക്കും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായിരുന്നു.

ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അതിമനോഹരവും ആഴപ്പെട്ടതുമായ ദൈവശാസ്ത്രം വി. യോഹന്നാൻശ്ലീഹ തന്റെ സുവിശേ ഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു. സമസ്തവും വചനത്തിലൂടെ സൃഷ്ടിക്കപ്പെട്ടു" (യോഹ. 1:1-3). ബൈബിളിലെ ആദ്യ അധ്യായത്തിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ട സൃഷ്ടിയുടെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ അന്ന് പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവം അതേ വചനം തന്നെ മാംസം ധരിക്കുവാൻ അനുവദിച്ചു എന്ന് വി. യോഹന്നാൻ പറഞ്ഞു വയ്ക്കുന്നു. "വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു" (യോഹ. 1:14) എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം സുവിശേഷകൻ സമർത്ഥിക്കുന്നുണ്ട്.

പൂർവ്വകാലങ്ങളിൽ പ്രവാചകന്മാരിലൂടെയും പിതാക്കന്മാരിലൂടെയും ഈ വചനം ദൈവജനത്തിന് നല്കപ്പെട്ടിട്ടുണ്ട്. പക്ഷേ മനുഷ്യരക്ഷ സാധ്യമാക്കുവാൻ വചനംതന്നെയും മാംസം ധരിക്കുവാൻ ഇടയായ വലിയ ദൈവിക രഹസ്യമാണ് ക്രിസ്തുമസ്സ്.

ഈശോയിൽ വിശ്വസിക്കുവാൻ കഴിയുന്നതിൽ നാം എന്നും അഭിമാനിക്കണം. കാരണം സത്യത്തിന്റെ കിരണങ്ങളിലല്ല, സത്യം തന്നെയായവനിലാണ് നമ്മുടെ വിശ്വാസവും പ്രത്യാശയും. ദൈവത്തിന്റെ വചനം മാംസം ധരിച്ചതിന്റെ ഉദ്ദേശ്യവും ലക്ഷ്യവും വി. യോഹന്നാൻ ശ്ലീഹ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ഇന്നും ആ വചനങ്ങൾ പ്രസക്തവുമാണ്. “ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാത നാണ് അവിടുത്തെ വെളിപ്പെടുത്തിയത്” (യോഹ. 1:18). ഈ വചനം ധ്യാനി ക്കുന്ന ഏതൊരു വ്യക്തിക്കും ഈശോമിശിഹാ ആരാണെന്നും എന്തിന് ഈ ലോകത്തിൽ അവതരിച്ചുവെന്നും മനസ്സിലാക്കുവാൻ സാധിക്കും.

ദൈവത്തെ ഒരിക്കലും കാണാത്ത മനുഷ്യകുലത്തോട് ദൈവം നമ്മുടെ പിതാവാണെന്നും, എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു വെന്നും ഈശോ വെളിപ്പെടുത്തി. ഈശോയിലുള്ള വിശ്വാസം സംശുദ്ധ മായ ഒരു ദൈവദർശനവും മനുഷ്യദർശനവും ലോകത്തിന് നല്കുന്നുണ്ട്. അതായത്, ലോകത്തിലുള്ള മനുഷ്യരെല്ലാവരും ഒരേ പിതാവിന്റെ മക്ക ളാണ് എന്നും, ഒരേ പിതാവിന്റെ മക്കളായ നാം സഹോദരങ്ങളുമാണെന്ന മഹത്തായ ദർശനം. അതുകൊണ്ടാണ് “അങ്ങ് മാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശി ഹായെ അങ്ങ് അയച്ചുവെന്നും, ലോകം മുഴുവൻ അറിയുവാൻ ഇടയാ കട്ടെ” എന്ന് സഭ പ്രാർത്ഥിക്കുന്നതും.

ക്രൈസ്തവ വിശ്വാസം ഇന്ന് രണ്ട് വെല്ലുവിളികളെ നേരിടുന്നുണ്ട്. ഒന്നാമത്തേത് ദൈവത്തിൽ വിശ്വസിക്കേണ്ട കാര്യമേയില്ല എന്നുള്ള നിരീശ്വര ചിന്തയാണ്. രണ്ടാമത്തേത് മതതീവ്ര നിലപാടുകളാണ്. ഈ രണ്ടു വെല്ലുവിളികളെയും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിലയി രുത്തി ക്രിസ്തു ചൈതന്യത്തിൽ ജീവിക്കുവാനും, നാം ജീവിക്കുന്ന സാഹചര്യങ്ങളിൽ ഈശോയുടെ ദർശനങ്ങളും മൂല്യങ്ങളും പൊതു സമൂഹത്തിനു നല്കുന്നതിനും നമുക്ക് സാധിക്കണം.

ഇന്നും പല മേഖലകളിലും നിറഞ്ഞു നില്ക്കുന്ന അന്ധകാരത്തെ നാം കാണാതെ പോകരുത്. ക്രിസ്തുമസ്സ് നല്കുന്ന വലിയ പ്രകാശം അവിടെയെല്ലാം പ്രതിഫലിക്കേണ്ടിയിരിക്കുന്നു. കിടപ്പാടംപോലും നഷ്ടപ്പെ ടുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തപ്പെടുകയും ആ നഷ്ട ങ്ങൾക്ക് പരിഹാരം കാണാത്ത ഭരണാധികാരികളുടെ മുമ്പിൽ സകലതും നഷ്ടപ്പെട്ട് ജീവിതം ഇരുളടഞ്ഞിരി ക്കുന്നവരുടെ അവസ്ഥയും ഇന്ന് മരണത്തിന്റെ നിഴലിലാണ്. സിമിന്റ് ഗോഡൗണുകളിൽ നാളുകളായി അന്തിയുറങ്ങുന്നവരുടെ വേദന മനസ്സിലാക്കി അവിടെ കരുതലിന്റെ ദീപ്തി പരത്തുവാൻ ഭരണാധികാരികൾക്ക് കഴിയേണ്ടതുണ്ട്.

മദ്യവും മയക്കുമരുന്നും സുലഭമായി ലഭിക്കുകയും ഒരു തലമുറ അതിന്റെ അടിമകളാക്കപ്പെടുകയും ചെയ്യുന്ന കാലഘട്ടം അന്ധതയിലും അന്ധകാരത്തിലുമാണ് എന്ന് നാം തിരിച്ചറിയണം. ജാഗ്രത പുലർത്തേ ണ്ടവർ നിസംഗത പാലിക്കുകയും നടപടികൾ എടുക്കേണ്ടവർ സകലതി നും ഒത്താശ ചെയ്യുകയും ചെയ്യുന്നത് ആശങ്ക ഉളവാക്കുന്നതാണ്. മാതാ പിതാക്കൾക്കും ഗുരുഭൂതർക്കും മക്കളുടെയും

വിദ്യാർത്ഥികളുടെയും മേൽ യാതൊരു അധികാരവും ഇല്ലാതാവുന്നതും ഗൗരവമായി നാം കാണണം.

മത തീവ്രത അതിന്റെ എല്ലാ രൗദ്രഭാവങ്ങളോടും കൂടി പിടിമുറക്കു ന്നതിന്റെ നേർസാക്ഷ്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സകലരും ഏകോദര സോദരരെപ്പോലെ കഴിഞ്ഞിരുന്ന കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി അസഹിഷ്ണുതയുടെ നെരിപ്പോടുകൾ കുറച്ചൊന്നുമല്ല പൊതുസമൂഹ ത്തെ ആശങ്കപ്പെടുത്തുന്നത്. ഭൂരിപക്ഷ വർഗീയതയോ ന്യൂനപക്ഷ വർഗീയ തയോ അല്ല, മറിച്ച്, മനുഷ്യപക്ഷ ചിന്തയാണ് അന്ധകാരത്തെ നീക്കി പ്രകാശമയമാക്കുന്നത്.


വന്യമൃഗങ്ങൾക്ക് മനുഷ്യനെക്കാൾ പ്രാധാന്യം കൊടുക്കുന്നത് അന്ധകാരയുഗത്തിന്റെ മറ്റൊരു കാഴ്ചയാണ്. വന്യമൃഗങ്ങളുടെ ശല്യം സഹിക്കേണ്ടിവരുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്ന മനുഷ്യർ ഇതുപോലെ ലോകത്തെവിടെയെങ്കിലും ഉണ്ടോ എന്ന് സംശയമാണ്. കർഷകന്റെ സ്വത്തിനും, അധ്വാനത്തിനും അവന്റെ പാർപ്പിടത്തിനും കൃഷിസ്ഥലങ്ങൾക്കും വിലയില്ലാതാവുന്ന അതിദാരുണമായ സാഹചര്യ മാണ് നിലവിലുള്ളത്. ബഫർസോൺ വിഷയവും പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ചുള്ള ആശങ്കകളും മലയോര ജനതയെ ആകുലതക ളുടെ മുൾമുനയിൽ നിർത്തുവാൻ തുടങ്ങിയിട്ട് കാലമേറയായി. ഉത്പന്നങ്ങ ളുടെ വിലയിടിവ് കർഷകരുടെ ജീവിതക്രമം തന്നെയും താളം തെറ്റിച്ചിരി ക്കുന്നു.

ഇപ്രകാരം തൊഴിലില്ലായ്മയും, സാമ്പത്തിക പരാധീനതകളും, പ്രകൃതിക്ഷോഭങ്ങളും, പകർച്ചവ്യാധികളും, ഭരണാധികാരികളുടെ നിസ്സം ഗതയും വർഗ്ഗീതയുടെ വിഷലിപ്തമായ ആശയപ്രചരണങ്ങളും, തലമുറയുടെ നാശം വരുത്തിവയ്ക്കുന്ന മദ്യവും മയക്കുമരുന്നുകളും തീരദേശ-മലയോര കർഷകജനതയുടെ ആശങ്കകളും ദൂരീകരിക്കാത്തിട ത്തോളം കാലം അന്ധകാരത്തിലും ഇരുളിന്റെ നിഴലിലാണ് നാം. ക്രിസ്തു മസ്സിനായി ഒരുങ്ങുമ്പോൾ ഇവയെല്ലാം നമ്മുടെ ചിന്തയിലും പ്രാർത്ഥ നാനിയോഗങ്ങളിലും ഉണ്ടാവേണ്ടതുണ്ട്.

പ്രതിസന്ധികളിൽ തളരുന്ന മനസ്സ് ഒരു ക്രിസ്ത്യാനിയുടെതല്ല. 'നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും ഇല കൊഴിയാത്ത തുമായ വൃക്ഷംപോലെയാണ്' (സങ്കീ. 1:3) നമ്മുടെ ജീവിതം. 'പ്രത്യാശ നമ്മെ നിരാശരാക്കുകയില്ലല്ലോ'. (റോമ. 5:5). ഫ്രാൻസിസ് മാർപ്പാപ്പ തന്റെ ക്രിസ്തുമസ്സ് സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു: ''ക്രിസ്തുമസ്സിനോടനു ബന്ധിച്ചുള്ള അടയാളങ്ങളും ആഘോഷങ്ങളും പ്രതിസന്ധികളുടെ നടുവിലും പ്രത്യാശ നല്കുന്നവയാണ്'' എന്ന്. നമുക്കും എല്ലാ പ്രതിസന്ധി കളെയും അതിജീവിച്ച് നിറഞ്ഞ പ്രത്യാശയോടെ ക്രിസ്തുമസ്സിനുവേണ്ടി ഒരുങ്ങാം. നക്ഷത്രങ്ങൾ തൂക്കിയും പുൽക്കൂട് ഒരുക്കിയും വർണാഭമായ ദീപാലങ്കാരങ്ങളിലൂടെയും ബാഹ്യമായി ക്രിസ്തുമസ്സിനെ വരവേൽക്കുന്ന നല്ല പതിവ് തുടരേണ്ടതുണ്ട്. അതോടൊപ്പം ഇരുപത്തിയഞ്ച് നോമ്പ് ആചരിച്ചും, അനുദിനം വി. കുർബാനയിൽ പങ്കുചേർന്നും, കുടുംബപ്രാർ ത്ഥനകൾ സജീവമാക്കിയും, പുണ്യങ്ങളുടെയും സുകൃതപൂർണ്ണമായ ജീവിതത്തിന്റെയും ശൈലികൾ സ്വന്തമാക്കിയും ക്രിസ്തുമസ്സിനായി നമുക്ക് ഒരുങ്ങാം.

ക്രിസ്തുമസ്സ് സമ്മാനമായി നമ്മുടെ എല്ലാ ഭവനങ്ങ ളിലേക്കും ഒരു കലണ്ടർ സമ്മാനമായി ഞാൻ നല്കുന്നുണ്ട്. അതിൽ കൊടുത്തിരിക്കുന്ന ഓരോ ദിവസത്തെയും വി. ഗ്രന്ഥവായനകൾ കുടുംബ പ്രാർത്ഥനയിൽ നിങ്ങൾ പ്രയോജനപ്പെടുത്തണം. അതോടൊപ്പം എന്റെ മേൽപ്പട്ട ശുശ്രൂഷകൾ കൃപനിറഞ്ഞതാകാൻ നിങ്ങൾ എനിക്കുവേണ്ടിയും പ്രാർത്ഥിക്കുമല്ലോ. അങ്ങനെ ഈശോയുടെ പ്രകാശം നമ്മിലും നമ്മുടെ ഭവനങ്ങളിലും ലോകം മുഴുവനിലും നിറയുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ



# കച്ചേരിക്കാര്യം

## 1. വൈദിക സമിതി സമ്മേളനം – ഡിസംബർ 13

12-ാമത് വൈദിക സമിതിയുടെ ആദ്യസമ്മേളനം 2022 ഡിസംബർ 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ ചേരുന്നതാണ്. ബഹു. അംഗങ്ങളെല്ലാവരും പങ്കെടുക്കേണ്ടതാണ്.

## 2. പാസ്റ്ററൽ കൗൺസിൽ – ഡിസംബർ 17

12-ാമത് രൂപത പാസ്റ്ററൽ കൗൺസിലിന്റെ ആദ്യയോഗം 2022 ഡിസംബർ 17 ശനിയാഴ്ച രാവിലെ 10.30 ന് താമരശ്ശേരി രൂപതാഭവനിലെ ചേരുന്നു. ബഹു. അംഗങ്ങളെല്ലാവരും യോഗത്തിൽ പങ്കെടു ക്കേണ്ടതാണ്.

## 3. വൈദികരുടെ പൊതുമാസ ധ്യാനവും ക്രിസ്തുമസ്സ് ആഘോഷവും

ക്രിസ്തുമസ്സിന് ഒരുക്കമായുള്ള വൈദികരുടെ പൊതുമാസ ധ്യാനവും ക്രിസ്തുമസ്സ് ആഘോഷവും ഡിസംബർ 20-ാം തീയതി ചൊവ്വാഴ്ച രൂപതാഭവനിൽ നടത്തുന്നു. എല്ലാ ബഹു. അച്ചന്മാരും രാവിലെ 10 മണിയോടെ രൂപതാഭവനിൽ എത്തിച്ചേരണ്ടതാണ്.

## 4. കരോൾ പിരിവ്

നമ്മുടെ പതിവനുസരിച്ച് ഇടവകകളിൽ നടത്തുന്ന ക്രിസ്തുമസ്സ് കരോൾ പിരിവിൽ ലഭിക്കുന്ന തുകയുടെ പകുതി രൂപതാ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിന് വേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. ഇക്കാര്യം ഇടവകയിൽ നേരത്തെ അറിയിക്കുകയും ലഭിക്കുന്ന തുകയുടെ പകുതി സെമിനാരിക്കുവേണ്ടി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 5. ആരാധനക്രമ പഞ്ചാംഗം – കലണ്ടർ

2023-ലെ ആരാധനക്രമ പഞ്ചാംഗവും തിരുവചന കലണ്ടറും രൂപതാഭവനിൽ നിന്നും ലഭ്യമാണ്.

## 6. വി. കുർബാനയിലെ കൂദാശക്രമങ്ങൾ (അനാഫൊറ)

മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ മാർ തെയദോറിന്റെ കൂദാശക്രമവും ഓശാനഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ പള്ളിക്കൂദാശക്കാലം അവസാനം വരെ മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമവും, ദനഹാ, വി. യോഹന്നാൻ മാംദാനായുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ, മൂന്നു നോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ ദിവസങ്ങളിൽ മാർ നെസ്തോറിയസിന്റെ കൂദാശക്രമവും വി. കുർബാനയിൽ ഉപയോഗിക്കുന്നത് അഭികാമ്യമാണ് (പഞ്ചാംഗം 2022-23, പേജ് 5).

**7. തിരുപ്പട്ട സ്വീകരണം**

താമരശ്ശേരി രൂപതയ്ക്കുവേണ്ടി 5 ഡീക്കന്മാർ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നു. പുല്ലൂരാംപാറ, ചുണ്ടത്തുംപൊയിൽ കൂടരഞ്ഞി, പശുക്കടവ് എന്നീ ഇടവകകളിൽ വെച്ച് ഡിസംബർ 27, 29, 30, 2023 ജനുവരി 21 എന്നീ തീയതികളിലാണ് തിരുപ്പട്ട ശുശ്രൂഷകൾ നടക്കുന്നത്.

**8. ജൂനിയർ ക്ലേർജി**

പൗരോഹിത്യം സ്വീകരിച്ചിട്ട് 10 വർഷം പൂർത്തിയാകാത്ത വൈദികർ ക്കുവേണ്ടി നടത്തിവരുന്ന റിഫ്രഷൻ കോഴ്സ് 2023 ജനുവരി 24 മുതൽ 26 വരെ പി.എം.ഒ.സി.യിൽ വച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങളും പങ്കെടുക്കേണ്ടവരുടെ പേരുകളും അടുത്തമാസം താമരമൊട്ടുകളിൽ ഉണ്ടായിരിക്കുന്നതാണ്.

**9. കെ.സി.ബി.സി. ജാഗ്രതസമിതിയുടെ പ്രണയ-ലഹരി കെണികളിൽ അകപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി**

കെ.സി.ബി.സി. ജാഗ്രതസമിതി പ്രണയ-ലഹരി കെണികളിൽ അകപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിയമസ ഹായം, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ഉറപ്പുവരുത്തിയിരി ക്കുന്നു. കൂടുതൽ വിവരങ്ങൾ ഈ ലക്കം താമരമൊട്ടിൽ പേജ് 907 ൽ നല്കിയിട്ടുണ്ട്.

**10. താമരശ്ശേരി രൂപത കലണ്ടർ 2023**

താമരശ്ശേരി രൂപത കലണ്ടർ 2023 തയ്യാറാക്കിയിട്ടുണ്ട്. നമ്മുടെ രൂപതയിലെ ലിറ്റർജി കമ്മീഷന്റെയും ഫാമിലി അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. രൂപതയിലെ ഓരോ ഭവനത്തിനും സൗജന്യമായിട്ടാണ് ഈ കലണ്ടർ നൽകുന്നത്. ഓരോ ദിവസത്തെയും വിശുദ്ധഗ്രന്ഥ വായനകളും മറ്റ് പൊതുക്കാര്യ ങ്ങളും കലണ്ടറിൽ ലഭ്യമാണ്. കലണ്ടറിനെ അടിസ്ഥാനമാക്കി ഓരോ ദിവസവും സന്ധ്യാ പ്രാർത്ഥനയുടെ അവസരത്തിൽ വിശുദ്ധ ഗ്രന്ഥ വായന നടത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ. കലണ്ടറിന്റെ അടിസ്ഥാന ത്തിൽ നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങൾക്കുമായി ഒരു ക്വിസ് മത്സരവും ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ഭവനങ്ങളിലും കലണ്ടർ എത്തിക്കാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**11. പുതിയ അഡ്രസ്സ്& ഫോൺ നമ്പർ**

Fr Siby Kurian Pulickal
25 Tasman Avenue
Flinders Park
SA 5025
Mobile: +61(0)474795757
Email: siby1996@gmail.com

## 12. ജൂബിലി ആശംസകൾ

പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന **ബഹു. സെബാസ്റ്റ്യൻ വടക്കേൽ അച്ചന്** ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു. കുടിയേറ്റ ജനതയുടെ സമഗ്രവളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്ത് പൗരോഹിത്യ ശുശ്രൂഷകളിലൂടെ ദൈവജനത്തിന് സുവിശേഷമായി മാറിയ ബഹുമാനപ്പെട്ട അച്ചന് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന **ബഹു. ഫാ. ജെയിംസ് പുൽത്തകിടിയേൽ, ബഹു. ഫാ. ജോസഫ് തേക്കുംകാട്ടിൽ, ബഹു. ഫാ. ജോസഫ് കൂനാനിക്കൽ, ബഹു. ഫാ. ജോസഫ് മഞ്ഞക്കഴക്കുന്നേൽ, ബഹു. ഫാ. അബ്രാഹം വയലിൽ, ബഹു. ഫാ. മാത്യു പെരുവേലിൽ, ബഹു. ഫാ. വർഗീസ് മഠത്തി ക്കുന്നേൽ** എന്നിവർക്ക് ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. കഴിഞ്ഞ 25 വർഷങ്ങളിൽ താമരശ്ശേരി രൂപതയിലെ ദൈവജനത്തിന് വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്ത നിങ്ങളെ അഭിനന്ദിക്കുന്നു. നിത്യപുരോഹിതനായ ഈശോയുടെ ഹൃദയഭാവങ്ങൾ ഉൾക്കൊണ്ട് ഇനിയും പൗരോഹിത്യ വഴിയിൽ കർമ്മനിരതരാകാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

**ബഹു. മാത്യു മാവേലിയച്ചൻ പൗരോഹിത്യ സുവർണ ജൂബിലിയിലേക്ക് പ്രവേശിക്കുന്നു.** ജൂബിലി വർഷം പിന്നിട്ട വഴികളെയോർത്ത് ദൈവത്തിനും സഹോദരങ്ങൾക്കും നന്ദിയർപ്പിക്കാനുള്ള അവസരമാകട്ടെ.

**പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയിലേക്ക് പ്രവേശിക്കുന്നവർ ബഹു. ഫാ. സ്കറിയ മങ്ങരയിൽ, ബഹു. ഫാ. അബ്രാഹം കൊച്ചീലാത്ത്, ബഹു. ഫാ. ജേക്കബ് പ്ലാക്കൂട്ടത്തിൽ, ബഹു. ഫാ. ജോസഫ് കളരിക്കൽ** എന്നീ വൈദികരാണ്. ഈ വർഷം മുഴുവൻ ദൈവത്തിന് നന്ദി പറഞ്ഞ് കൂടുതൽ കരുത്തോടെ പൗരോഹിത്യ ശുശ്രൂഷയിൽ മുന്നോട്ടുപോകാൻ ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

## 13. സ്മരണാഞ്ജലി

14-12-1982 – റവ. ഫാ. അബ്രാഹം കുഴിമുള്ളോരം
**24-12-1998 – റവ. ഫാ. ജോർജ് തടത്തിൽ**
**24-12-2011 – റവ. ഫാ. അഗസ്റ്റിൻ കീലത്ത്**
25-12-1983 – റവ. ഫാ. അഗസ്റ്റ്യൻ കിഴക്കാരക്കാട്ട്
25-12-2001 – റവ. ഫാ. ഫ്രാൻസിസ് അറയ്ക്കൽ
26-12-1994 – റവ. ഫാ. ജോസ് മുക്കാട്ട്
**29-12-2018 – റവ. ഫാ. ജോസഫ് കാളക്കുഴി**

**പ്രോട്ടോസിഞ്ചെല്ലൂസ്**


പാവനസ്മരണയ്ക്ക്
റവ. ഫാ. ജോർജ്ജ് തടത്തിൽ
ചെങ്ങളം
24.12.1998
റവ. ഫാ. ജോസഫ് കാളക്കുഴി
വാഴക്കുളം
29.12.2018

# താമരശ്ശേരി രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്നവർ

**Dn. ജോസഫ് പന്തലാടിക്കൽ**
ഇടവക : പുല്ലൂരാംപാറ
തീയതി : 27. 12. 2022
സമയം : 09.15 a.m.

**Dn. ജേക്കബ് കോയിപ്പുറത്ത്**
ഇടവക : പുല്ലൂരാംപാറ
തീയതി : 27. 12. 2022
സമയം : 09.15 a.m.

**Dn. ജോസഫ് വിലങ്ങുപാറ**
ഇടവക : ചുണ്ടത്തുംപൊയിൽ
തീയതി : 29. 12. 2022
സമയം : 09.15 a.m.

**Dn. ജോർജ്ജ് കരിന്തോളിൽ**
ഇടവക : കൂടരഞ്ഞി
തീയതി : 30. 12. 2022
സമയം : 09.15 a.m.

**Dn. ജോസഫ് കൊട്ടാരത്തിൽ**
ഇടവക : പശുക്കടവ്
തീയതി : 21. 01. 2023
സമയം : 09.15 a.m.



# ആദരാഞ്ജലികൾ

## ഫാ. പോൾ പുത്തൻപുര

82 വർഷം ഈ ഭൂമിയിൽ തന്നെ എല്പിച്ച ദൗത്യങ്ങൾ വിശ്വസ്ത തയോടെ നിർവ്വഹിച്ച്, നല്ലവണ്ണം യുദ്ധം ചെയ്ത്, ഓട്ടം പൂർത്തിയാക്കി, വിശ്വാസം സംരക്ഷിച്ച് നീതിയുടെ ന്യായാധി പന്റെ അടുക്കലേക്ക് പോളച്ചൻ യാത്രയായി. അച്ചനെ അറിയാവുന്ന വർക്കെല്ലാം ഒരു പാട് നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ച ഒരു നല്ല ഇടയനായിരുന്നു പോളച്ചൻ. എല്ലാവരോടും നിറഞ്ഞ പുഞ്ചിരിയോടെ ഇടപഴകിയിരുന്ന ലാളിത്യത്തിന്റെ ഉദാത്ത മാതൃക സമ്മാനിച്ച, മുന്നിലുള്ളത് ആരാണെങ്കിലും മുഖം നോക്കാ തെ, നീതിക്കുവേണ്ടി ശക്തമായി നിലകൊണ്ടി രുന്ന, ആലംബഹീനർക്ക് അത്താണിയും ആശയറ്റവർക്ക് പ്രതീക്ഷയും ആരോരുമില്ലാ ത്തവർക്ക് ആശ്രയവും അഗതികൾക്ക് ആലം ബവും ആയി മാറി, നല്ല ഓട്ടം ഓടി വിശ്വാസം സംരക്ഷിച്ച് കടന്നുപോയ ധന്യമായ ജീവിതത്തിന്റെ ഉടമയെയാണ് താമരശ്ശേരി രൂപതയക്കും തിരുസ്സഭയ്ക്കും നഷ്ടമായത്.


1940 ജൂലൈ 25ന് പാലാ രൂപതയിലെ മുത്തോലപുരം പരേതരായ അരഞ്ഞാണി പുത്തൻപുര ജോസഫ് - അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ ഒരാളായി ജനിച്ചു. ഇലഞ്ഞി സെന്റ് പീറ്റേർസ് ഹൈസ്ക്കുളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം പാലാ രൂപതയിൽ മൈനർ സെമിനാരിയിൽ പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്റിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി, അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി മുത്തോലപുരം ഇടവക ദൈവാലയത്തിൽ വെച്ച് 1966 മാർച്ച് 12ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു.

തലശ്ശേരി രൂപതയിലെ വെള്ളാട് അസിസ്റ്റന്റ് വികാരിയായും, തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിൽ പാത്തൻപാറ, മേരിപുരം, തേനേരി, കടുമേനി, ചരൾ, കണ്ണോത്ത്, കുപ്പായക്കോട്, മഞ്ഞുവയൽ, വാലില്ലാപ്പുഴ, കാറ്റുള്ളമല, കക്കാടംപൊയിൽ, കുളിരാമുട്ടി, തോട്ടുമുക്കം, വലിയകൊല്ലി എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠി ച്ചിട്ടുണ്ട്. മാതൃവേദിയുടെ രൂപതാ

ഡയറക്ടറായും മതബോധനപ്രവർത്ത നങ്ങളുടെ വിവധ മേഖലാ ഡയറക്ടറായും പോളച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. ചരൾ, കാറ്റുള്ളമല എന്നിവടങ്ങളിലെ ദൈവാലയ നിർമ്മാണം ബഹു. പോളച്ചന്റെ നേതൃത്വത്തിലായിരുന്നു. മഞ്ഞുവയൽ ഇടവകയിലെ സിമിത്തേരി നവീകരണം നടത്തിയത് പോളച്ചൻ അവിടെ വികാരിയായിരു ന്നപ്പോഴാണ്. 2013 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് കോഴി ക്കോട് ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുക യായിരുന്നു.

അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന കുടിയേറ്റജനത യുടെ മനസ്സറിഞ്ഞ ഇടയനായിരുന്നു പോളച്ചൻ. തന്നെ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി പൂർത്തിയാക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിക്കാൻ അച്ചന് സാധിച്ചിരുന്നു. താൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ കുടിയേറ്റ കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നേതൃത്വം വഹിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. കണ്ടുമുട്ടുന്ന എല്ലാവ രെയും നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. ഒരപ്പനെപ്പോലെയും അമ്മയെപ്പോലെയും ജ്യേഷ്ഠനെപ്പോലെയും സുഹൃ ത്തിനെപ്പോലെയും കൊച്ചുകുഞ്ഞുങ്ങളെപ്പോലെയും പെരുമാറു വാൻ പോളച്ചന് അപാരമായ സിദ്ധി ഉണ്ടായിരുന്നു. 2013 ൽ അജപാലന ശുശ്രൂ ഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചുവരികയായിരുന്ന അച്ചന് പ്രായാധികൃത്തിന്റെ അസ്വസ്ഥതകൾ ഉണ്ടായിരുന്നു. ആരോടും പരാതിയോ പരിഭവമോ ഇല്ലാതെ തന്റെ രോഗപീഡകളെ അച്ചൻ സന്തോഷ ത്തോടെ സ്വീകരിച്ചു. 2022 ഒക്ടോബർ 29 ന് രാത്രി 10.45നോടുകൂടി, തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ പോളച്ചൻ വിളിക്കപ്പെട്ടു. ബഹുമാനപ്പെട്ട പോളച്ചനെ താമരശ്ശേരി രൂപതയ്ക്ക് നൽകിയ അരഞ്ഞാണിപുത്തൻപുര കുടുംബാംഗങ്ങളോട് താമരശ്ശേരി രൂപതയുടെ കടപ്പാടും സ്നേഹവും അറിയിക്കുന്നു. പോളച്ചന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു.





# ആദരാഞ്ജലികൾ

## ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിൽ

പാലാ രൂപത ആയാംകുടി ഇടവക മഠത്തിപ്പറമ്പിൽ പരേതരായ ജോസഫ് മറിയാമ്മ ദമ്പതികളുടെ മകനാണ് ഫാ. ജോർജ് മഠത്തിപ്പറമ്പിൽ (വക്കച്ചൻ 82) ജർമനിയിൽ നിര്യാതനായി. 1967 മാർച്ച് 11 ന് തലശ്ശേരി രൂപതയ്ക്കു വേണ്ടി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് രൂപതയിലെ വിവിധ പള്ളികളിലെ ശുശ്രൂഷകൾക്കു ശേഷം താമരശ്ശേരി രൂപതയാരംഭിച്ചപ്പോൾ പ്രഥമ പ്രൊക്കുറേറ്ററായി 1987 വരെ സേവനം ചെയ്തു. ചെമ്പേരി, കൂടരഞ്ഞി, ഉദയഗിരി, പുതുപ്പാടി ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. 1987 മുതൽ 2017 വരെ ജർമിനിയിലെ റോട്ടൻ ബർഗ് രൂപതയിൽ സേവനം ചെയ്തു. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം ജർമനിയിൽ വിശ്രമജീവിതം നടത്തി വരുന്നതിനിടെ 2022 ഒക്ടോബർ 27 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഫാ. ജോസഫ് മഠത്തിപ്പറമ്പിൽ, സി. ആനി ജോസ് എസ്എബിഎസ് (ഡിമാപൂർ), സി. കാർമൽ എഫ്എസ്പി (കൽക്കട്ട), സി. ഫിലോ എഫ്എസ്പി (കൽക്കട്ട), ബേബിച്ചൻ, മാത്തച്ചൻ, പരേതരായ തോമാച്ചൻ, സി. മേരി ആവില എസ്എബിഎസ്, ബ്രദർ അബ്രഹാം എസ്ജെ, അപ്പച്ചൻ എന്നിവർ സഹോദരങ്ങളാണ്. ഫാ തോമസ് മഠത്തിപ്പറമ്പിൽ (കാക്കൂർ), സി. അൽഫോൻസ് എസ്എബിഎസ് (കടുത്തുരുത്തി) എന്നിവർ സഹോദര പുത്രരാണ്.

താമരശ്ശേരി രൂപതയുടെ ആരംഭകാലത്ത് രൂപതയുടെ സ്ഥാപ നവുമായി ബന്ധപ്പെട്ട് സ്ഥല സൗകര്യങ്ങൾ കണ്ടുപിടിക്കുന്നതിനും മറ്റുമായി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ്, 1984ൽ ബഹു. ജോർജ്ജ് മഠത്തിപ്പറമ്പിലച്ചനെ, പുതുപ്പാടി ഇടവകയുടെ വികാരിയായി നിയ മിച്ചു. തുടർന്ന് താമരശ്ശേരി ഇടവകയുടെ വികാരിയായി 1985ൽ നിയമിക്കപ്പെട്ടു. താമരശ്ശേരി രൂപത സ്ഥാപിതമായപ്പോൾ രൂപതയുടെ ആദ്യത്തെ പ്രൊക്കുറേറ്ററായി ബഹു. ജോർജ്ജ് അച്ചൻ നിയമിതനായി. 1988ൽ ജർമ്മനിയിലെ റോട്ടൻബർഗ് രൂപതയിൽ അജപാലന പ്രവർത്ത നത്തിനായി പോയ ജോർജ്ജച്ചൻ 1988 മുൽ 2010 വരെ വിവിധ ഇടവക കളിൽ വികാരിയായി സേവനം ചെയ്തു. 1989ൽ തന്നെ ആ രൂപതയിലെ വൈദികനായിചേർന്നു. 2018 മുതൽ വിശ്രമജീവിതം നയി ക്കുന്ന അച്ചൻ 28.10.2022 ന് രാത്രി 9.30ന് ദിവ്യനാഥന്റെ സന്നിധി യിലേക്ക് യാത്രയായി. അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. താമരശ്ശേരി രൂപതക്ക് നൽകിയ സ്നേഹ സേവനങ്ങളെ കൃതജ്ഞതയോടെ ഓർക്കുന്നു.

# വൈദിക സമ്മേളനം 2022

താമരശ്ശേരി രൂപത വൈദികസമ്മേളനം 2022 നവംബർ 21 മുതൽ 23 വരെ കോഴിക്കോട് പി.എം.ഒ.സി.യിൽ വൈകിട്ട് 6.45 ന് റംശാ പ്രാർത്ഥനയോടെ ആരംഭിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് ഫ്രാൻസിസ് മാർപ്പാപ്പയുടെ റോമൻ കൂരിയ നവീകരണത്തിന്റെ ഭാഗമായി പുറത്തിറക്കിയ അപ്പസ്റ്റോലിക് കോൺസ്റ്റിറ്റ്യൂഷൻ 'Praedicate Evangelium' -നെക്കുറിച്ച് ക്ലാസ്സ് എടുത്തു. തുടർന്ന് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി മെത്രാപ്പോലീത്ത 'മതസൗഹാർദ്ദം കാലഘട്ടത്തിന്റെ അനിവാര്യത' എന്ന വിഷയത്തെക്കുറിച്ച് വീഡിയോ സന്ദേശം നല്കി. അത്താഴത്തിനുശേഷം മതസൗഹാർദ്ദം ഇന്നിന്റെ ആവശ്യകത എന്ന വിഷയത്തെ ആസ്പദമാക്കി പാനൽ ചർച്ച നടന്നു. കോഴിക്കോട് രൂപത വികാരി ജനറാൾ മോൺ. ജെൻസൺ, തിരുവമ്പാടി അൽഫോൻസ കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ, മലപ്പുറം ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ എന്നിവർ പങ്കെടുത്ത പാനൽ ചർച്ച കരിമ്പ് ഇടവക വികാരിയും തിരുവമ്പാടി സെന്റ് അൽഫോൻസ കോളേജ് അധ്യാപകനുമായ റവ. ഫാ. ജിയോ പുതുശ്ശേരി പുത്തൻപുരയിൽ മോഡറേറ്റ് ചെയ്തു.

സമ്മേളനത്തിന്റെ രണ്ടാം ദിവസം ഈ വർഷം പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. ഫാ. സെബാസ്റ്റ്യൻ വടക്കേൽ, രജതജൂബിലി ആഘോഷിക്കുന്ന ബഹു. ഫാ. ജോസഫ് കൂനാനിക്കൽ, ബഹു. ഫാ. ജോസഫ് മഞ്ഞക്കഴക്കുന്നേൽ, ബഹു. ഫാ. മാത്യു പെരുവേലിൽ, ബഹു. ഫാ. ജെയിംസ് പുൽത്തകിടിയേൽ, ബഹു. ഫാ. ജോസഫ് തേക്കുംകാട്ടിൽ, ബഹു. ഫാ. അബ്രാഹം വയലിൽ എന്നിവർക്കൊപ്പം അഭിവന്ദ്യ പിതാവും വൈദികരും കൃതജ്ഞതാ ബലിയർപ്പിച്ചു. ജർമ്മനിയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന ബഹു. വർഗീസ് മഠത്തിക്കുന്നേലച്ചന് ജൂബിലി ആശംസകൾ നേർന്നു. തുടർന്ന് 'ഡിജിറ്റൽ ഇവാഞ്ചലൈസേഷൻ' എന്ന വിഷയത്തെക്കുറിച്ച് മാനന്തവാടി രൂപതാംഗവും പി.ആർ.ഒ.യുമായ റവ. ഫാ. നോബിൾ പാറയ്ക്കൽ ക്ലാസ്സെ ടുത്തു. അതിനുശേഷം 2026-ൽ റൂബി ജൂബിലിയിലേക്ക് പ്രവേശിക്കുന്ന താമരശ്ശേരി രൂപതയുടെ ഭാവി പദ്ധതികളെക്കുറിച്ച് വിശ്വാസം, കുടുംബം, സമുദായം, വൈദികർ-സമർപ്പിതർ എന്നി മേഖലകളെ അടിസ്ഥാനമാക്കി മോൺ. ജോൺ ഒറവുങ്കര വിഷയാവതരണം നടത്തി. തുടർന്ന് 8 ഗ്രൂപ്പുകളിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ചർച്ചകൾ നടക്കുകയും അടുത്ത നാലു വർഷത്തെ പരിപാടികളുടെ ഏകദേശ മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് രൂപതയിലെ സംഘടനകളെയും ഡിപ്പാർട്ട്മെന്റുകളെയും, സ്ഥാപനങ്ങളെയും കുറിച്ച് ഗ്രൂപ്പുകളിൽ ചർച്ച നടക്കുകയും വിലയിരുത്തലുകളും ശുപാർശകളും ശേഖരിക്കുകയും ചെയ്തു.

വൈകുന്നേരം കോഴിക്കോട് ദേവഗിരി ഇൻഡോർ സ്റ്റേഡിയത്തിൽ ബാസ്ക്കറ്റ്ബോൾ മാച്ച് സംഘടിപ്പിച്ചു. ദേവഗിരി ഇടവക വികാരി റവ. ഫാ. ബിജു ചക്കാലയക്ക്ൽ സി.എം.ഐ.യും സമൂഹാംഗങ്ങളും എല്ലാ ക്രമീകരണങ്ങളും

സജ്ജീകരിച്ചു. പിന്നീട് ജൂബിലി ആഘോഷിക്കുന്നവരെ അനുമോദിച്ച് സ്നേഹവിരുന്നിൽ എല്ലാവരും പങ്കുചേർന്നു.

സമാപന ദിവസമായ നവംബർ 23-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 8 മണിവരെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും, സ്ഥാപ നങ്ങളുടെയും സംഘടനകളുടെയും റിപ്പോർട്ടുകൾ പരിശോധിക്കുകയും വിലയിരുത്തുകയും നിർദ്ദേശങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു.

**തീരുമാനങ്ങൾ**

1. കുട്ടികളുടെ മതബോധനം പല ഇടവകകളിലും വി. കുർബാനയ്ക്ക് മുമ്പ് നടത്തുന്നുണ്ട്. എന്നാൽ മതബോധനക്ലാസ്സുകൾ വി. കുർബാനയ്ക്കുശേഷം മാത്രം നടത്താൻ തീരുമാനിച്ചു.
2. മതബോധന അധ്യാപകർക്ക് ക്ലാസ്സ് അടിസ്ഥാനത്തിൽ പരിശീലനം നല്കണം.
3. കുടുംബപ്രേഷിതത്വം കൂടുതൽ വിപുലപ്പെടുത്തണം.
4. നമ്മുടെ സ്കൂളുകളിൽ ക്രൈസ്തവ ചൈതന്യമുള്ള പ്രാർത്ഥനാ ഗാനം ഉൾപ്പെടുത്തണം.
5. സ്കൂളുകളിൽ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കണം.
6. സ്കൂൾ ലോക്കൽ മാനേജർമാരുടെ മീറ്റിംഗ് ഇടയ്ക്കിടെ സംഘടിപ്പി ക്കണം.
7. ആൽഫാ അക്കാദമിയോട് ചേർന്ന് ആൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ നിർമ്മിക്കണം.
8. എല്ലാ വൈദികർക്കും ആരോഗ്യ ഇൻഷൂറൻസ് ഏർപ്പെടുത്തണം.
9. ഓരോ ഇടവകയ്ക്കും സ്വന്തമായി ഒരു മൊബൈൽ നമ്പർ ഉണ്ടായി രിക്കുന്നത് നല്ലതാണ്.
10. അൾത്താര സംഘം എല്ലാ ഇടവകകളിലും സജീവമാക്കണം.
11. വൈദികക്ഷേമനിധി ഓഡിറ്റേഴ്സ് ആയി ഫാ. അബ്രാഹം വയലിൽ, ഫാ. ജെയിംസ് വള്ളിക്കുന്നേൽ എന്നിവരെയും, നിർവ്വാഹക സമിതി അംഗങ്ങളായി ഫാ. ഫ്രാൻസിസ് പുതിയേടത്ത്, ഫാ. കുര്യാക്കോസ് മുകാല എന്നിവരെയും വീണ്ടും തെരഞ്ഞെടുത്തു.
12. വിശുദ്ധനാട് തീർത്ഥാടനത്തിന് ബഹു. തോമസ് പാറൻകുളങ്ങര അച്ചനെ സഹായിക്കാൻ ഫാ. ജോർജ് കളപ്പുര, ഫാ. മാത്യു കുള ത്തിങ്കൽ, ഫാ. മാത്യു പുളിമൂട്ടിൽ (ജൂനിയർ) എന്നിവരെ ചുമതല പ്പെടുത്തി.
13. രൂപത മാധ്യമപ്രേഷിത ശുശ്രൂഷകൾ ശക്തിപ്പെടുത്തണം.
14. രൂപതയിൽ സേവനം ചെയ്യുന്ന സന്യാസവൈദികരുടെ യോഗം സംഘടിപ്പിക്കണം.

2022 നവംബർ 23-ാം തീയതി വൈകിട്ട് 8.30 ന് അത്താഴത്തോടുകൂടി 2022-ലെ വൈദിക സമ്മേളനം സമാപിച്ചു.

**ഫാ. ജോർജ് മുണ്ടനാട്ട്**

ചാൻസിലർ

# കെസിബിസിയുടെ 'കരുതൽ' ഹെൽപ്പ് ലൈൻ

**+91 756 100 5550**

ലഹരി, പ്രണയ കെണികളിൽ അകപ്പെടുന്നവരുടെ എണ്ണം നിയന്ത്രണാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ കെസിബിസി ജാഗ്രത കമ്മീഷന്റെ മേൽനോട്ടത്തിൽ, കേരളത്തിലെ മുപ്പത്തിരണ്ട് രൂപതകളിലെയും ജാഗ്രത സമിതികളുടെ നേതൃത്വത്തിൽ, വിവിധ കെ.സി.ബി.സി. കമ്മീഷനുകളുടെയും സഭാ സംവിധാനങ്ങളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന, കേരളമൊട്ടാകെ വ്യാപ്തിയുള്ള കർമ്മപദ്ധതിയാണ് 'കരുതൽ'.

നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം എന്നി ങ്ങനെ മൂന്ന് വ്യത്യസ്ത തലങ്ങളിലാണ് കരുതൽ സംബന്ധമായ പ്രവർത്തനങ്ങൾ നടക്കുക. പരിചയസമ്പന്നരും പ്രഗത്ഭരുമായ കൗൺസിലർമാർ, നിയമവിദഗ്ധർ, പുനരധിവാസ, കൗൺസിലിംഗ് കേന്ദ്രങ്ങൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായുണ്ടാകും. കേരള ത്തിൽ ഉടനീളം നടത്തപ്പെടുന്ന ബോധവത്കരണ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമാണ്.

പദ്ധതിയുടെ ഭാഗമായി കേരളത്തിൽ വിവിധ ഇടങ്ങളിലായി കൗൺസിലിങ്, റിഹാബിലിറ്റേഷൻ സെന്ററുകൾ സജ്ജമാണ്. നിയമപരമായ സഹായങ്ങൾ, ഉപദേശങ്ങൾ തുടങ്ങിയവയ്ക്കായി വിദഗ്ധരായ നിയമജ്ഞരും പദ്ധതിയോട് സഹകരിക്കുന്നു. വിദഗ്ധ രായ കൗൺസിലർമാരും, സുരക്ഷിതമായ പുനരധിവാസ കേന്ദ്രങ്ങളു മാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കപ്പെട്ടിരിക്കുന്നത്. കൗൺസി ലിംഗ്, നിയമസഹായം, പുനരധിവാസം തുടങ്ങിയ ആവശ്യങ്ങൾ ക്കും, വിവരങ്ങൾ അറിയിക്കാനുമുള്ള ഹെൽപ്പ് ലൈൻ നമ്പർ: +91 756 100 5550.

Fr Michael Pulickal CMI
Secretary,
KCBC Jagratha Commission

# വിശ്വാസപരിശീലനം

'എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.' (യോഹന്നാൻ 3: 16)

## ACC ഗൂഗിൾ മീറ്റ്

ACC 13, 14, 15 ക്ലാസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും ക്ലാസുകൾ വിളിച്ചുകൂട്ടുമ്പോൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനുമായി ഒക്ടോബർ 25-ചൊവ്വ (താമരശ്ശേരി), ഒക്ടോബർ 26-ബുധൻ (തിരുവമ്പാടി), ഒക്ടോബർ 27-വ്യാഴം (മലപ്പുറം, വിലങ്ങാട്) ഒക്ടോബർ 29-ശനി (കരുവാരകുണ്ട്, പെരിന്തൽമണ്ണ), ഒക്ടോബർ 31-തിങ്കൾ (പാറോപ്പടി), നവംബർ 01-ചൊവ്വ (മരുതോങ്കര) നവംബർ 02-ബുധൻ (കോടഞ്ചേരി) നവംബർ 03-വ്യാഴം (കൂരാച്ചുണ്ട്), നവംബർ 05 ശനി (തോട്ടുമുക്കം) തിയതികളിൽ മേഖലാടിസ്ഥാനത്തിൽ ACC ക്ലാസുകളുടെ ഉത്തരവാദിത്വമുള്ള അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് ഗൂഗിൾ മീറ്റ് നടത്തി. അധ്യാപകരുടെ സജീവ പങ്കാളിത്തം മീറ്റിംഗിൽ ഉണ്ടായിരുന്നു.

## മതാധ്യാപക ദിനം

നവംബർ 04-ന് വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച നവംബർ 06 ഞായറാഴ്ച ഇടവകകളിൽ മതാധ്യാപകദിനം ആചരിച്ചു. തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ സന്ദേശം കാറ്റക്കിസം യു ട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## ACC – ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ഒമ്പതാമത്തെ ക്ലാസ് നവംബർ 06-നും (ഞായർ) പത്താമത്തെ ക്ലാസ് നവംബർ 20-നും (ഞായർ) കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. യേശു ഏക രക്ഷകൻ എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. മാത്യു തൂമുള്ളിൽ (ഡയറക്ടർ, എ.കെ.സി.സി & എയ്ഡർ ഫൗണ്ടേഷൻ) ക്രിസ്തീയത നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. പീറ്റർ പൂതർമണ്ണിൽ (അസിസ്റ്റന്റ് വികാർ, തോട്ടുമുക്കം) എന്നിവർ ക്ലാസെടുത്തു.

## ACC –ഓൺലൈൻ ക്ലാസുകൾ ഡിസംബർ മാസത്തിൽ

ഡിസംബർ 04 – ഞായർ

ഡിസംബർ 18 – ഞായർ

### ഫീദെസ്

വിശ്വാസജീവിതവും ശാസ്ത്രവും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ക്ലാസ് കാറ്റക്കിസം യു ട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. റവ. ഫാ. ബിനു കുളത്തിങ്കൽ (ഡയറക്ടർ, കുടുംബക്കൂട്ടായ്മ, പോപ്പ് ബനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്) ക്ലാസെടുത്തു. HCC വാർഷിക പരീക്ഷയ്ക്ക് ഈ ക്ലാസിൽ നിന്നുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

### പ്രതിഭാസംഗമം 2022

2021-2022 അധ്യയന വർഷത്തിലെ കുട്ടികളുടെ പ്രതിഭാസംഗമം നവംബർ 19, 20 തിയതികളിൽ പി.എം.ഒ.സി യിൽ വച്ച് നടത്തി. 19-ന് രാവിലെ 10.00 മണിക്ക് ആരംഭിച്ച സംഗമം അഭിവന്ദ്യ പിതാവ് ഉത്ഘാടനം ചെയ്തു. രൂപതയിലെ 11 ഫൊറോനകളിൽ നിന്നുമായി 43 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. അലിറ്റ് കുര്യാക്കോസ് തെങ്ങുംപള്ളിൽ (തിരുവമ്പാടി), അൽഫോൻസാ വടക്കേടത്ത് (വിലങ്ങാട്), അന്ന മരിയ ബിജു നെടുംപുറത്ത് (കരുവാരകുണ്ട്), ഡയോൺ സണ്ണി വാണിയപ്പുരയ്ക്കൽ (വെറ്റിലപ്പാറ), അജല്ലോ ജോസഫ് ടോമി പാലത്തിങ്കൽ (തോട്ടുമുക്കം), ജഫ്റിൻ സെബാസ്റ്റ്യൻ തുണ്ടത്തിൽ (പുല്ലൂരാംപാറ) എന്നിവർ രൂപതാ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടു. സമാപന സമ്മേളനത്തിൽ വച്ച് മോൺ. ജോൺ ഒറവുങ്കര പ്രതിഭകൾക്കുള്ള അവാർഡുകളും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. മി. ജേക്കബ് കോച്ചേരി, മി. ബോണി ആനത്താനത്ത്, മി. സണ്ണി കോക്കാപ്പിള്ളിൽ, സി. അമൽ സി.എം.സി എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

### രൂപതാ മതബോധന കമ്മറ്റി

2022-2023 അധ്യയന വർഷത്തെ രണ്ടാമത്തെ രൂപതാ മതബോ ധന കമ്മറ്റി 2022 ഡിസംബർ 10 ശനിയാഴ്ച രൂപതാ ഭവനിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കൂടുന്നതാണ്. നാളിതുവരെയുള്ള മതബോ ധന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമാണ് നാം ഒരുമിച്ചു കൂടുന്നത്. നിലവിലുള്ള രൂപതാ മതബോധന കമ്മറ്റിയുടെ അവസാനത്തെ മീറ്റിംഗ് കൂടിയാണിത്. ഈ കമ്മറ്റിയിൽ വച്ച് പുതിയ രൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതാണ്. ഇതിനു മുന്നോടിയായി മേഖലാതലത്തിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

### പ്രധാനാധ്യാപക സംഗമം

2022-2023 അധ്യയന വർഷത്തെ രണ്ടാമത്തെ പ്രധാനാധ്യാപക സംഗമം 2022 ഡിസംബർ 31 ശനിയാഴ്ച രൂപതാ ഭവനിൽവച്ച് നടത്തുന്നതാണ്. രാവിലെ 9.30-ന് ആരംഭിക്കുന്ന സമ്മേളനത്തിൽ രൂപതയിലെ എല്ലാ പ്രധാനാധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. 25 വർഷം പൂർത്തിയാക്കുന്ന അധ്യാപകരുടെ ഫോട്ടോ അടങ്ങിയ സി.ഡി അന്നേദിവസം കൊണ്ടുവരേണ്ടതാണ്. HCC പരീക്ഷക്കുള്ള ഹാൾടിക്കറ്റുകൾ അന്നേദിവസം വിതരണം ചെയ്യുന്നതാണ്. ഉച്ചയ്ക്ക് 1.00 മണിക്ക് സംഗമം അവസാനിക്കുന്നതാണ്.

## HCC യൂണിവേഴ്സിറ്റി പരീക്ഷ

2023 ജനുവരി 26-ന് HCC യൂണിവേഴ്സിറ്റി പരീക്ഷ ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ അതാത് ഇടവകകളിൽ വച്ച് നടത്തുന്നതാണ്. ചോദ്യപേപ്പറുകൾ 21-ാം തീയതി ശനിയാഴ്ച മേഖലാ ഭാരവാഹികൾക്കു നൽകുന്നതാണ്. ഉത്തരക്കട ലാസുകൾ ജനുവരി 27 (വെള്ളി) ഇടവകകളിൽ നിന്നും മേഖലയിൽ എത്തിക്കേണ്ട താണ്.

## HCC മൂല്യനിർണ്ണയം

ജനുവരി 29 ഞായറാഴ്ച ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം വിവിധ മേഖ ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ജനുവരി 30 തിങ്കളാഴ്ച ഉത്തരക്കടലാസു കളും മാർക്ക് ലിസ്റ്റും രൂപതാ വിശ്വാസപരിശീലന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## ASPCT (Advanced Self Study Program for Catechism Teachers)

s^ {_ þh cn 26þ\ p HmtcmCSh ł ł ƒ næ pw h ¨ p\ Sj þ¶ ASPCT പരീക്ഷയെ ക്കുറിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ:

പഠനഭാഗം: യേശു മഹോന്നതൻ (പേജ് 255 മുതൽ 334 വരെ)
ചോദ്യങ്ങൾ: ആകെ 30 ചോദ്യങ്ങൾ അതിൽ 5 എണ്ണം ഒരു വാക്യത്തിൽ എഴുതാനു ള്ളത്. 4 എണ്ണം പൊതുചോദ്യങ്ങൾ (പൊതുവിജ്ഞാനം, സഭാസംബന്ധമായത്) ആയി രിക്കും.

- എല്ലാ വിശ്വാസപരിശീലകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.
- പങ്കാളിത്തത്തിന് ഗ്രേഡ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്.
- പരീക്ഷയ്ക്കു മുന്നോടിയായി ചോദ്യാവലി നൽകുന്നതാണ്. അതിൽ നിന്നുള്ള ചോദ്യങ്ങൾ മാത്രമേ പരീക്ഷയിൽ ഉൾപ്പെടുത്തുകയുള്ളു.

## ഡയറക്ടറച്ചന്റെ സന്ദർശനം

ചക്കിട്ടപ്പാറ, മാലാപറമ്പ് ഇടവകകളിൽ സന്ദർശനം നടത്തി, വിശ്വാസപരിശീല നപ്രവർത്തനങ്ങൾ വിലയിരുത്തി. ചക്കിട്ടപ്പാറ ഇടവകയിലെ മതാധ്യാപകദിന പരിപാ ടിയിൽ പങ്കെടുത്തു.

## ജനുവരി മാസത്തിലെ പ്രോഗ്രാമുകൾ

| | |
|---|---|
| ജനുവരി 20 (വെള്ളി) | þ HCC പരീക്ഷയുടെ ചോദ്യപേപ്പർ മേഖലാ കമ്മറ്റിക്കു കൊടുക്കുന്നു. |
| ജനുവരി 26 (വ്യാഴം) | - HCC വാർഷിക പരീക്ഷ |
| ജനുവരി 27 (വെള്ളി) | - HCC ഉത്തരക്കടലാസുകൾ മേഖലയിൽ എത്തിക്കുന്നു |
| ജനുവരി 29 (ഞായർ) | - HCC പരീക്ഷയുടെ മൂല്യനിർണ്ണയം |
| ജനുവരി 30 (തിങ്കൾ) | - HCC പരീക്ഷയുടെ ഉത്തരക്കടലാസുകൾ രൂപതാ ഓഫീസിൽ എത്തിക്കുന്നു |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

## ഡിസംബർമാസ പ്രോഗ്രാം

1.വ്യാഴം - ഇരുപത്തിയഞ്ച് നോമ്പാരംഭം, സുകൃത മഞ്ജരി ആരംഭിക്കുന്നു.
3 ശനി - വിശുദ്ധ ഫ്രാൻസിസ് സേവ്യർ (സഹ മധ്യസ്ഥൻ) അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം.
4 ഞായർ - സംസ്ഥാനതല പ്ലാറ്റിനം ജൂബിലി സമാപനം പാലാ രൂപത
8 വ്യാഴം - പരിശുദ്ധ കന്യകാ മറിയത്തിന്റെ അമലോൽഭവ തിരുനാൾ
10 ശനി - താമരശ്ശേരി റീജിയണൽ സമ്മേളനം, രൂപത എക്സിക്യൂട്ടീവ്
14 ബുധൻ - കുരിശിന്റെ വിശുദ്ധ യോഹന്നാൻ
17 ശനി - കരോൾ ഗാനം മത്സരം(ഫിയസ്റ്റ 2022)
25 ഞായർ - ക്രിസ്തുമസ്
26 തിങ്കൾ - വിശുദ്ധ എസ്തപ്പാനോസ്
27 ചൊവ്വ - വിശുദ്ധ യോഹന്നാൻ ശ്ലീഹാ
28 ബുധൻ - കുഞ്ഞിപ്പൈതങ്ങൾ
31 ശനി - വർഷാവസാനം

## *പ്രവർത്തനങ്ങൾ*

* മിഷൻ ഗ്രാമങ്ങൾക്ക് സുകൃതങ്ങൾ അയച്ചുകൊടുക്കുന്നു.
* മിഷൻ പ്രവർത്തനങ്ങളുടെ വീഡിയോ തയ്യാറാക്കി പ്രചരിപ്പിക്കുന്നു.
* മിഷനറിമാരെ ആദരിക്കുന്നു.
* മിഷൻ അനുഭവം പങ്കുവയ്ക്കുന്നു.
* അഭിമുഖം നടത്തുന്നു.

## രൂപത എക്സിക്യൂട്ടീവ്

നവംബർ ആറാം തീയതി തിരുവമ്പാടിയിൽ വച്ച് രൂപത എക്സിക്യൂട്ടീവ് ചേർന്നു. പ്ലാറ്റിനം ജൂബിലി സമാപന ക്രമീകരണത്തെക്കുറിച്ച് ചർച്ച ചെയ്തു. ജൂബിലി സമാപന പ്രോഗ്രാമുകൾ തിരുവമ്പാടി മേഖലയുടെയും തിരുവമ്പാടി ഇടവകയുടെയും പൂർണ്ണമായ സഹകരണത്തിൽ നടത്തുവാൻ ആഘോഷകമ്മിറ്റി തെരഞ്ഞെടുക്കുകയും വേണ്ടത്ര തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനവും മുൻകാല പ്രവർത്തകരെ ആദരിക്കലും

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം തിരുവമ്പാടിയിൽ വെച്ച് നവംബർ 12 ന് നടത്തി. മുൻകാല പ്രവർത്തകരുടെ പ്രതിനിധിയായി ശ്രീ. തോമസ് പുതുപ്പള്ളി പതാക ഉയർത്തി. തിരുവമ്പാടി ശാഖ അവതരിപ്പിച്ച രംഗപൂജയോടുകൂടി പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം ആരംഭിച്ചു. താമരശ്ശേരി രൂപതാ അധ്യക്ഷൻ മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകരായ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെയും കുഞ്ഞേട്ടന്റെയും പ്രേഷിത ചൈതന്യം സിരകളി ലേറ്റുവാങ്ങിയ പുതുതലമുറ കേരള സഭയ്ക്കും താമരശ്ശേരി രൂപതയ്ക്കും അഭിമാനമാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ പിതാവ് പറഞ്ഞു. തുടർന്ന് മിഷൻ ലീഗിന് താമരശ്ശേരി രൂപതയിൽ വിവിധ കാലങ്ങളിൽ നേതൃത്വം നൽകിയവരെ മെമന്റോ നൽകി ആദരിച്ചു. രൂപത പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡയറക്ടർ ഫാ . പ്രിയേഷ് തേവടിയിൽ സ്വാഗതമാശംസിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര , സംസ്ഥാന ജനറൽ സെക്രട്ടറി ജിന്റോ തകിടിയേൽ, മുൻകാല പ്രവർത്തകരെ പ്രതിനിധീകരിച്ച് ശ്രീ. ജോസ് പുളിക്കൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപത ജനറൽ സെക്രട്ടറി അനൂപ് ചീരമറ്റത്തിൽ സമാപന സമ്മേളനത്തിന് നന്ദി പറഞ്ഞു. സംഗമത്തിൽ മുൻകാല ഭാരവാഹികളായ 40 പേർ പങ്കെടുത്തു.

## പ്രേഷിത റാലി

ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തോടനുബന്ധിച്ച് തിരുവമ്പാടിയിൽ വച്ച് വർണ്ണ ശബളമായ പ്രേഷിത റാലി നടത്തി. തിരുവമ്പാടി സേക്രഡ് ഹാർട്ട് പള്ളിയുടെ മുൻപിൽ നിന്നും ആരംഭിച്ച പ്രേഷിത റാലി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ഫ്ളാഗ് ഓഫ് ചെയ്തു. ഹൈസ്കൂൾ അങ്കണത്തിലേക്ക് നടന്ന പ്രേഷിത റാലിയിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി മൂവായിരത്തിലധികം അംഗങ്ങൾ പങ്കെടുത്തു. ചെമ്മഞ്ഞ കൊടികളുടെയും ചെമ്മഞ്ഞ വർണ്ണ ബലൂണുകളുടെയും, വാദ്യ മേളങ്ങളുടെയും അകമ്പടിയോടെ ആവേശത്തോടെ മുദ്രാവാക്യം വിളിച്ച് നീങ്ങിയ പ്രേഷിത റാലി ടൗൺ ചുറ്റി ഹൈസ്കൂൾ ഗ്രൗണ്ടിൽ അവസാനിച്ചു. പ്രേഷിത റാലിയുടെ സമാപനത്തിൽ രൂപത ചാൻസിലർ റവ. ഫാ. ബെന്നി മുണ്ടനാട്ട് സമാപന സന്ദേശം നൽകി. രൂപതാ ജനറൽ ഓർഗനൈസർ ശ്രീ. ജോയി പുതിയാപറമ്പിൽ എല്ലാവർക്കും നന്ദി പറഞ്ഞു. പ്രേഷിത റാലിയിൽ ഏറ്റവും മനോഹരമായി പ്രകടനം നടത്തിയ മേഖലകൾക്കുള്ള 1, 2, 3 സ്ഥാനങ്ങൾക്കുള്ള ട്രോഫികൾ യഥാക്രമം കോടഞ്ചേരി, തോട്ടുമുക്കം, തിരുവമ്പാടി മേഖലകൾ കരസ്ഥമാക്കി. ശാഖകൾക്കുള്ള ട്രോഫി ഒന്നാം സ്ഥാനം തിരുവമ്പാടി ശാഖക്കും, രണ്ടാം സ്ഥാനം കണ്ണോത്ത് ശാഖക്കും മൂന്നാം സ്ഥാനം പുല്ലൂരാംപാറ ശാഖക്കും ലഭിച്ചു. തിരുവമ്പാടി ഫെറോന വികാരിയച്ചൻ റവ. ഫാ. തോമസ് നാഗപറമ്പിൽ, രൂപത ഡയറക്ടർ റവ. ഫാ. പ്രിയേഷ് തേവടിയിൽ എന്നിവർ ട്രോഫികൾ വിതരണം ചെയ്തു.

ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനവും മുൻകാല ഭാരവാഹികളുടെ സംഗമവും, പ്രേഷിത റാലിയും വളരെ മനോഹരമായി നടത്തുവാൻ സഹായിക്കുകയും രൂപതാ സമിതിയോട് ചേർന്ന് ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച തിരുവമ്പാടി ഫൊറോന വികാരി റവ. ഫാ. തോമസ് നാഗപറമ്പിലച്ചനും, ചെറുപുഷ്പ മിഷൻ ലീഗ് മേഖലാ ഡയറക്ടർ സൈമൺ കിഴക്കേകുന്നേലച്ചനും, തിരുവമ്പാടി അസി. വികാരി അമലച്ചനും മിഷൻ ലീഗ് മേഖലാ വൈസ് ഡയറക്ടർ സി. ജ്യോതി മരിയ CMC ക്കും, തിരുവമ്പാടിയിലെ കൈകാരന്മാർ, സൺഡേ സ്കൂൾ അധ്യാപകർ, കെസിവൈഎം അംഗങ്ങൾ, AKCC അംഗങ്ങൾ എന്നിവർക്കും താമരശ്ശേരി രൂപത സമിതിയുടെ പേരിൽ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

**ഫിയസ്റ്റ 2022 കരോൾ ഗാനമത്സരം**

മലബാർ വിഷനും ചെറുപുഷ്പ മിഷൻലീഗും ചേർന്നൊരുക്കുന്ന കരോൾഗാന മത്സരം 2022 ഡിസംബർ 17-ാം തീയതി ഒരു മണിക്ക് പിഎംഒസി യിൽ വച്ച് നടത്തുന്നു.

*നിബന്ധനങ്ങൾ*

1 ഒരു മലയാള ഗാനം മാത്രമാണ് ആലപിക്കേണ്ടത്
2 ഗാനദൈർഘ്യം ഏഴു മിനിറ്റിൽ കൂടരുത്
3 മൈക്ക് ഉണ്ടായിരിക്കുന്നതല്ല
4 വാദ്യോപകരണങ്ങൾ ഉപയോഗിക്കരുത്
5 ഒരു ഇടവകയിൽനിന്ന് ഒരു ടീം മാത്രം
6 ഒരു ടീമിൽ പരമാവധി 7 പേർ, കുറഞ്ഞത് 5 പേർ
7 മത്സര ദിവസം വികാരിയച്ചന്റെ സാക്ഷ്യപത്രം ടീമുകൾ ഹാജരാക്കണം.
8 രജിസ്ട്രേഷന്റെ അവസാന തീയതി 2022 ഡിസംബർ 10
9 രജിസ്ട്രേഷന് വിളിക്കേണ്ട നമ്പറുകൾ : **9446932005, 9605666531**

ഒന്നാം സമ്മാനം 5001, രണ്ടാം സ്ഥാനം 3001, മൂന്നാം സ്ഥാനം 2001

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# നവ സന്യാസിനികൾക്ക്



സി. എയ്ഞ്ചൽ മരിയ MSMI



സി. അഞ്ചു ബേബി MSMI



സി. ജിജി ജോർജ്ജ് MSMI



സി. ജോസ്ന ജോസ് MSMI



സി. ലിമിയ മാത്യു MSMI



സി. നിവീയ മരീന MSMI



സി. റോസ്ന വർഗ്ഗീസ് MSMI



സി. അനീഷ തെരേസ് CMC



സി. അൽബീന സിസി FCC



സി. അഞ്ചു അൽഫോൻസ് FCC

താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ!

# തിരുബാലസഖ്യം

**ഡിസംബർ മാസ പ്രോഗ്രാം**

ഉണ്ണീശോയ്ക്ക് പ്രതിഷ്ഠിതം

പരിചയപ്പെടുന്ന വിശുദ്ധർ – വി. ഫ്രാൻസിസ് സേവ്യർ

പ്രാർത്ഥനാ നിയോഗം – കുഞ്ഞിപൈതങ്ങൾക്കുവേണ്ടി

സുകൃതജപം – (അതാതു ദിവസങ്ങളിൽ സുകൃതമഞ്ജരിയിൽ നൽകപ്പെടും)

വചനം – അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം (ലൂക്കാ 2:14)

01 വ്യാഴം – ഇരുപത്തഞ്ചുനോമ്പാരംഭം

03 ശനി – **വി. ഫ്രാൻസീസ് സേവ്യർ**

08 വ്യാഴം – പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ

11 ഞായർ – ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം

14 ബുധൻ – കുരിശിന്റെ വി. യോഹന്നാൻ

25 ഞായർ – **ക്രിസ്തുമസ്സ്**

26 തിങ്കൾ – വി. എസ്തപ്പാനോസ്

27 ചൊവ്വ – വി. യോഹന്നാൻ ശ്ലീഹാ

28 ബുധൻ – കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)

31 ശനി – വർഷാവസാനം

പ്രവൃത്തി – ഓരോ ആഴ്ചയും ഉണ്ണീശോയോടുള്ള ഒരു പ്രാർത്ഥന എഴുതുകയും രണ്ട് കരോൾ ഗാനങ്ങൾ വീതം പഠിക്കുകയും ചെയ്യുക. വീട്ടിൽ പുൽക്കൂട് നിർമ്മാണത്തിനായി സഹായിക്കുക.

ഗീതം – കരോൾ ഗാനങ്ങൾ

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## താമരശ്ശേരി രൂപത കലണ്ടർ 2023

ലിറ്റർജി കമ്മീഷന്റെയും ഫാമിലി അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ 2023 ലെ കലണ്ടർ പ്രസിദ്ധീകരിച്ചു. എല്ലാ ഭവനങ്ങൾക്കും സൗജന്യമായിട്ടാണ് ഈ കലണ്ടർ നൽകുന്നത്. ഓരോ ദിവസത്തെയും വിശുദ്ധഗ്രന്ഥ വായനകളും കർത്താവിന്റെ തിരുനാൾ ദിനങ്ങളും വിശുദ്ധരുടെ തിരുനാൾ ദിനങ്ങളും പൊതു അവധികളും കലണ്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബഹു. അച്ചന്മാർ ഈ കലണ്ടർ ഓരോ വീട്ടിലും എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുമല്ലോ. സന്ധ്യാ പ്രാർത്ഥനയുടെ അവസരത്തിൽ ഓരോ ദിവസവും പിറ്റേ ദിവസത്തെ വിശുദ്ധ ഗ്രന്ഥ വായന കലണ്ടറിന്റെ സഹായത്തോടെ വായിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ. ഈ കലണ്ടർ യാഥാർത്ഥ്യമാക്കാൻ സഹകരിച്ച പി.എം. ഒ.സി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ടിനെയും പരസ്യം നൽകിയും മറ്റു സംഭാവനകൾ നൽകിയും സഹകരിച്ചവരെയും കൃതജ്ഞതയോടെ ഓർക്കുന്നു.

## ഫീദെസ് ഫാമിലി ക്വിസ് 2023

താമരശ്ശേരി രൂപത കലണ്ടർ 2023 നെ ആസ്പദമാക്കി ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ ഫീദെസ് ഫാമിലി ക്വിസ് 2023 എന്ന പേരിൽ ഒരു ക്വിസ് മത്സരവും സംഘടിപ്പിക്കുന്നുണ്ട്.

*പ്രത്യേകതകൾ :*

താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ്സിൽ പങ്കെടുക്കാം. ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം.

ഇടവകാതലം, രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.

2023ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാനപുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ.

ഒന്നാംഘട്ട മത്സരം ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. കലണ്ടറിൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ അയയ്ക്കേണ്ടതാണ്. സംശയങ്ങൾക്ക് 89 21 83 57 01 എന്ന വാട്സപ്പ് നമ്പറിൽ ബന്ധപ്പെടുക. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 9 ഞായറാഴ്ച രാത്രി 12 മണിയാണ്.

പ്രായഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് രൂപതാ തല രണ്ടാംഘട്ട മത്സരത്തിന് അർഹരാകുന്നത്.

ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാം ഘട്ട മത്സരം 2023 ജൂൺ 10 ശനിയാഴ്ച രൂപതാ തലത്തിൽ നടത്തുന്നതാണ്.

ഒന്നാം സമ്മാനം: 15,000 രൂപ (CHEM Pharma, Calicut Road, Manjeri).
രണ്ടാം സമ്മാനം: 10000 രൂപ (Fatima Druglines, Manjeri)
മൂന്നാം സമ്മാനം: 5000 രൂപ (Adv. Beena Joseph Palayoor, Manjeri).
പ്രോത്സാഹന സമ്മാനങ്ങൾ (Arabian Dental Lab, Manjeri).

ബഹു. അച്ചന്മാർ ഈ ക്വിസ് മത്സരത്തിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

## പുതിയ ആരാധനാവത്സരം

2022 നവംബർ 27 മുതൽ (മംഗളവാർത്ത ഒന്നാം ഞായർ) പുതിയ ആരാധനാവത്സരത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ വിശുദ്ധകുർബാന തക്സയിലെ നിർദ്ദേശമനുസരിച്ച് മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രണ്ടാമത്തെ കൂദാശ ക്രമമായ മാർ തെയഡോറിന്റെ കൂദാശ ക്രമം (അനാഫൊറ) ഉപയോഗിക്കാവുന്നതാണ്. (Ref. സീറോ മലബാർ സഭയുടെ കുർബാന ക്രമത്തെ സംബന്ധിക്കുന്ന പൊതു നിർദ്ദേശങ്ങൾ, No.24)

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ നവംബർ മാസത്തിലെ ക്ലാസ്സുകൾ 12, 26 തീയതികളിൽ നടന്നു. ക്ലാസുകൾ നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി അധ്യാപകനുമായ ബഹു. ഡോ. ജോസഫ് ചാലാശ്ശേരി അച്ചൻ ആണ്.

'വിശ്വാസജീവിതത്തിന്റെ ശക്തി കേന്ദ്രമായ വിശുദ്ധ കുർബാന' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കഴിഞ്ഞ ക്ലാസുകളുടെ തുടർച്ചയായാണ് അദ്ദേഹം ക്ലാസ്സുകൾ നയിച്ചത്.

സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ക്ലാസ്സുകളാണ് ഇത്.

നവംബർ മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

### ഹോംഡേ

നവം 3-ാം തീയതി സെമിനാരിയിൽ 'ഹോംഡേ' ആഘോഷങ്ങൾ നടത്തി. അന്നേ ദിവസം സെമിനാരി ചാപ്പലിൽ വച്ചുനടന്ന സമൂഹബലിയിൽ ബഹു. ഫാ. തോമസ് കളപ്പുര മുഖ്യകാർമ്മികനായി. ഹോം ഡേ മത്സരങ്ങളിൽ വിജയികളായവർക്ക് അദ്ദേഹം സമ്മാനം നൽകി. ഉച്ചതിരിഞ്ഞ് കോഴിക്കോട് കരുണാഭവനിലെ അന്തേവാസികളെ സന്ദർശിക്കുകയും കലാപരിപാടി അവതരിപ്പിക്കുകയും ചെയ്തു.

### റീജൻസി ട്രാൻസ്ഫർ

സെമിനാരിയിൽ 6 മാസത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം ബ്ര. അലൻ പൂവത്തോലിൽ ബിഷപ്സ് ഹൗസ് റീജന്റായി മാറുകയും ബ്ര. സിബിൻ കണ്ടച്ചാലിൽ സെമിനാരിയുടെ റീജന്റായി ചുമതല ഏൽക്കുകയും ചെയ്തു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ആദരാഞ്ജലികൾ



## സി. സൂസമ്മ കുഴിത്തോട്ട് എസ്.കെ.ഡി

സി. സൂസമ്മ കുഴിത്തോട്ട് കോട്ടയം ജില്ലയിലെ ഭരണങ്ങാനത്ത് അമ്പാറനിരപ്പേൽ കുഴിത്തോട്ട് ജോസഫ് മറിയക്കുട്ടി ദമ്പതികളുടെ ആറുമക്കളിൽ മൂന്നാമത്തെ മകളായി 1953 നവംബർ 14ന് ജനിച്ചു. 1977 മെയ് 19-ാം തീയതി സെമിനാരി വില്ലയിൽ ആരംഭിച്ച ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ പരിശീലനത്തിന്റെ ആദ്യ ബാച്ച് അംഗമായി സൂസമ്മ ചേർന്നു. 1979 മെയ് 1-ാംതീയ്യതി നൊവീഷ്യേറ്റിൽ പ്രവേശിച്ചു. 1981 മെയ 1-ാം തീയതി ആദ്യ വ്രതവാഗ്ദാനവും, 1990 മെയ് 19-ാം തീയ്യതി നിത്യവ്രതവാഗ്ദാനവും, ക്രിസ്തുദാസി സന്യാസസമൂഹ സ്ഥാപകൻ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും സ്വീകരിച്ചു.

എസ്.കെ.ഡി സന്ന്യാസ സമൂഹത്തിന്റെ വിവിധ ഭവനങ്ങളിലെ ശുശ്രൂഷയ്ക്കു ശേഷം സി. സൂസമ്മ കോഴിക്കോട് ഹോം ഓഫ് ലൗവിലെ അശരണരായ രോഗിക

ളുടെ വേദനകളിൽ പങ്കുചേർന്ന് തന്റെ സന്യാസസമർപ്പണ ജീവിതത്തിന് കൂടുതൽ മിഴിവ് നൽകി. തികഞ്ഞ ശാന്തതയും ലാളിത്യവും പരിശുദ്ധ അമ്മയോട് ഏറെ ഭക്തിയും പുലർത്തിയിരുന്ന പുണ്യ ജീവിതം ആയിരുന്നു സി. സൂസമ്മയുടെത്.

2018 മുതൽ, പലവിധ രോഗങ്ങളാൽ വിഷമിച്ചിരുന്ന സി. സൂസമ്മ 6-11 2022 ന് 1.55 ന് കോഴിക്കോട് എസ്.കെ.ഡി ജനറലേറ്റിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2022 നവംബർ 7-ാംതീയ്യതി രാവിലെ ഭൗതികശരീരം ക്രിസ്തുദാസി സമൂഹത്തിന്റെ സ്ഥാപക പിതാവായ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ തോണിച്ചാൽ ക്രിസ്തുദാസി മദർ ഹൗസ് സെമിത്തേരിയിൽ സംസ്കരിച്ചു. തന്റെ സന്യാസജീവിതം ആത്മാർത്ഥമായി ജീവിച്ചു കടന്നുപോയ സി. സൂസമ്മയ്ക്ക് സ്വർഗ്ഗസൗഭാഗ്യം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## വിദ്യാഭ്യാസരംഗം

### സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു

നെല്ലിപ്പൊയിൽ സെന്റ് ജോൺസ് ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന് അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവ് തറക്കല്ലിട്ടു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. ജോർജ് കറുകമാലിൽ, പ്രധാനധ്യാപകൻ ശ്രീ. ബിനു ജോസ്, ഇടവക ട്രസ്റ്റിമാർ, പി.ടി.എ. ഭാരവാഹികൾ, അധ്യാപകർ, അനധ്യാപകർ എന്നിവർ ചടങ്ങിനു സാക്ഷ്യംവഹിച്ചു.

### ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിയമാനുസൃത യോഗ്യത നേടിയിട്ടുള്ളവരും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുമായ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ സ്വീകരിക്കുന്നതാണ്. 2022 നവംബർ 18 മുതൽ ഡിസംബർ 20 വരെയുള്ള കാലയളവിൽ താമരശ്ശേരി രൂപതാഭവൻ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽനിന്നും നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം വാങ്ങി അനുബന്ധരേഖകൾ സഹിതം അപേക്ഷ നൽകാവുന്നതാണ്.

**താഴെക്കാണിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗങ്ങളെയാണ് മുൻഗണനാക്രമത്തിൽ നിയമനത്തിന് പരിഗണിക്കുക:**

1. Blindness and low vision (കാഴ്ചപരിമിതർ)
2. Deaf and hard of hearing (ശ്രവണപരിമിതർ)
3. Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy (ശാരീരിക പരിമിതർ)
4. Autism, Intellectual disability, specific learning disability and mental illness
5. Multiple disabilities from among persons under clauses 1-4 above

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരും നിയമാനുസൃത മെഡിക്കൽബോർഡിന്റെ സാധുവായ സർട്ടിഫിക്കറ്റ് (Disability certificate) ഉള്ളവരും നിശ്ചിത ശാരീരിക ശേഷി ഉള്ളവരുമായ ഉദ്യോഗാർത്ഥികളെയാണ് മെരിറ്റടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കുക.

**നിയമനം നടത്തുന്നതിനായി മാറ്റിവെയ്ക്കുന്ന തസ്തികൾ :**

1. ഫുൾടൈം മീനിയൽ
2. പ്രൈമറി അധ്യാപകർ (സ്പെഷ്യലിസ്റ്റ് അധ്യാപകരും ഭാഷാ അധ്യാപകരുമുൾപ്പടെ)
3. ഹൈസ്കൂൾ അധ്യാപകർ (ഭാഷ, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം)
4. ഹയർ സെക്കണ്ടറി (സീനിയർ) അധ്യാപകർ
5. ഹയർ സെക്കണ്ടറി (ജൂനിയർ) അധ്യാപകർ

## പ്രൈമറി അധ്യാപകനിയമനത്തിനുള്ള സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി

കോർപ്പറേറ്റ് സ്കൂളുകളിൽ പ്രൈമറി അധ്യാപകനിയമനത്തിനായി അപേക്ഷിച്ച ഉദ്യോഗാർത്ഥികൾക്കായി നടത്തിയ എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി.

## സ്കൂൾ മേളകൾ

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ ഉപജില്ലാതല മേളകൾക്ക് കോർപ്പറേറ്റ് സ്കൂളുകൾ മികവുറ്റ രീതിയിൽ ആതിഥേയത്വം വഹിക്കുകയുണ്ടായി. മുക്കം ഉപജില്ല കായികമേള പുല്ലൂരാംപാറ സെന്റ് ജോസഫ്സ് സ്കൂളുകളുടെയും, കലോത്സവം തിരുവമ്പാടി സേക്രഡ് ഹാർട്ട് സ്കൂളുകളുടെയും, പേരാമ്പ്ര ഉപജില്ല കലോത്സവം കൂരാച്ചുണ്ട് സെന്റ് തോമസ് സ്കൂളുകളുടെയും, കുന്നുമ്മൽ ഉപജില്ല കലോത്സവം മരുതോങ്കര സെന്റ് മേരീസ് സ്കൂളുകളുടെയും, താമരശ്ശേരി ഉപജില്ല കലോത്സവം കോടഞ്ചേരി സെന്റ് ജോസഫ്സ് സ്കൂളുകളുടെയും, പേരാമ്പ്ര ഉപജില്ല കായികമേള കുളത്തുവയൽ സെന്റ് ജോർജ്ജസ് സ്കൂളുകളുടെയും നേതൃത്വത്തിൽ ഏറ്റവും വിജയകരമായി നടക്കുകയുണ്ടായി. വിവിധ മേളകൾക്ക് സമർത്ഥമായി ചുക്കാൻ പിടിച്ച പ്രധാനധ്യാപകർ, അധ്യാപകർ, അനധ്യാപകർ, ബഹു. ലോക്കൽ മാനേജരച്ചന്മാർ, പി.ടി.എ., എം.പി.ടി.എ. കമ്മിറ്റി അംഗങ്ങൾ എന്നിവരെ പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

## ചാമ്പ്യൻപട്ടം നേടിയ സ്കൂളുകൾ

ഈ വർഷത്തെ ഉപജില്ലാതല കലാ, കായിക, ശാസ്ത്ര, സമൂഹ്യശാസ്ത്ര, ഐ. ടി., പ്രവൃത്തി പരിചയമേളകളിൽ കോർപ്പറേറ്റ് സ്കൂളുകളിൽനിന്നുള്ള കുട്ടികൾ ആവേശപൂർവ്വം പങ്കെടുക്കുകയും അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു.

| നമ്പ. | സ്കൂൾ | മേളയുടെ പേര് | വിഭാഗം | സ്ഥാനം |
|---|---|---|---|---|
| 1. | സെന്റ് ജോർജ്ജസ് എച്ച്.എസ്. | | | |
| | വിലങ്ങാട് | ഉപജില്ലാ കായികമേള | എച്ച്.എസ്. | I |
| | | കലാമേള | എച്ച്.എസ്. | I |
| | | പ്രവൃത്തിപരിചയ മേള | എച്ച്.എസ്. | I |
| | | | യു.പി. | I |
| | | | എൽ.പി. | II |
| | | ഐ.ടി. മേള | യു.പി. | II |
| | | ജില്ലാ ശാസ്ത്രമേള | എച്ച്.എസ്. | II |
| | | ജില്ലാ പ്രവൃത്തി പരിചയമേള | എച്ച്.എസ്. | II |
| 2. | സെന്റ് ജോസഫ് എച്ച്.എസ്.എസ്. | | | |
| | കോടഞ്ചേരി | ഉപജില്ലാ കലാമേള | എച്ച്.എസ്. | I |
| | | | യു.പി. | I |
| | | കായികമേള | എച്ച്.എസ്. | II |
| | | ഗണിതമേള | എച്ച്.എസ്. | I |
| | | ശാസ്ത്രമേള | എച്ച്.എസ്. | II |
| | | പ്രവൃത്തിപരിചയ മേള | എച്ച്.എസ്. | I |
| | | | യു.പി. | I |
| | | ശാസ്ത്രമേള | യു.പി. | I |
| | | ഗണിതമേള | യു.പി. | I |
| | | ഐ.ടി. മേള | യു.പി. | II |
| 3 | സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. | | | |
| | പുല്ലൂരാംപാറ | കായികമേള | എച്ച്.എസ്.എസ്. | I |
| | | | എച്ച്.എസ്. | I |
| | | ശാസ്ത്രമേള | എച്ച്.എസ്. | I |
| | | ഐ.ടി. മേള | എച്ച്.എസ്. | II |
| 4. | സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്. | | | |
| | കുളത്തുവയൽ | കായികമേള | എച്ച്.എസ്. | I |

| | | | | |
|---|---|---|---|---|
| 5. | സെന്റ് ജോസഫ്സ് എച്ച്.എസ്. | | | |
| | ചെമ്പനോട | ശാസ്ത്രമേള | എച്ച്.എസ്. | I |
| 6. | സേക്രഡ് ഹാർട്ട് എച്ച്.എസ്.എസ്. | | | |
| | തിരുവമ്പാടി | കലാമേള | എച്ച്.എസ്. | II |
| | | സാമൂഹ്യശാസ്ത്ര മേള | എച്ച്.എസ്. | II |
| 7. | ഹോളി ഫാമിലി എച്ച്.എസ്.എസ് | | | |
| | കട്ടിപ്പാറ | കലാമേള | എച്ച്.എസ്. | II |
| | | ഐ.ടി. മേള | എച്ച്.എസ്. | I |
| | | ശാസ്ത്രമേള | എച്ച്.എസ്. | II |
| 8. | സേക്രഡ് ഹാർട്ട് യു.പി.എസ്. | | | |
| | തിരുവമ്പാടി | കലാമേള | യൂ.പി. | I |
| | | | എൽ.പി. | II |
| 9. | ഫാത്തിമ യൂ.പി. എസ് | | | |
| | പരിയാപുരം | കലാമേള | യൂ.പി. | I |
| | | | എൽ.പി. | I |
| 10. | സെന്റ് ജോസഫ്സ് യൂ.പി.എസ്. | | | |
| | പുല്ലൂരാംപാറ | കായികമേള | യൂ.പി. | I |
| 11. | സെന്റ് ആന്റണീസ് യൂ.പി.എസ്. | | | |
| | കണ്ണോത്ത് | കലാമേള | യൂ.പി. | II |
| | | സംസ്കൃതോത്സവം | യൂ.പി. | I |
| 12. | വിമല യൂ.പി. എസ്. | | | |
| | മഞ്ഞുവയൽ | ഐ.ടി. മേള | യൂ.പി. | I |
| | | സംസ്കൃതോത്സവം | യു.പി. | II |
| 13. | ലിറ്റിൽ ഫ്ളവർ യൂ.പി.എസ്. | | | |
| | വേനപ്പാറ | ഐ.ടി. മേള | യൂ.പി. | I |
| | | ശാസ്ത്രമേള | യൂ.പി. | II |
| 14. | നിർമ്മല യൂ.പി.എസ്. ചമൽ | | | |
| | | സാമൂഹ്യശാസ്ത്ര മേള | യൂ.പി. | I |
| | | പ്രവൃത്തിപരിചയമേള | യൂ.പി. | II |
| | | സംസ്കൃതോത്സവം | യൂ.പി. | II |
| 15. | ലിറ്റിൽ ഫ്ളവർ യൂ.പി.എസ്. | | | |
| | പശുക്കടവ് | പ്രവൃത്തിപരിചയമേള | യൂ.പി. | II |

| | | | |
|---|---|---|---|
| 16. സെന്റ് ജോസഫ്സ് എൽ.പി. എസ്., കോടഞ്ചേരി | കലാമേള | എൽ.പി. | II |
| | ശാസ്ത്രമേള | എൽ.പി. | I |
| | ഗണിതമേള | എൽ.പി. | I |
| | പ്രവൃത്തിപരിചയമേള | എൽ.പി. | I |

വിജയികളെയും അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകിയ പ്രധാന ധ്യാപകർ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

**ആദരാഞ്ജലികൾ**

നമ്മുടെ കോർപ്പറേറ്റിനുകീഴിലുള്ള വിവിധ സ്കൂളുകളിൽ പതിറ്റാണ്ടുകൾ നീണ്ട മാതൃകാ അധ്യാപകജീവിതം കാഴ്ചവെച്ചതിനുശേഷം വിശ്രമജീവിതത്തിലായിരുന്ന ശ്രീ. പി.ടി. മാത്യു (റിട്ട. ഹെഡ്മാസ്റ്റർ, നിർമ്മല യു.പി. സ്കൂൾ, ചമൽ), ശ്രീമതി ത്രേസ്യാമ്മ ചാക്കോ (റിട്ട. ഹെഡ്മിസ്ട്രസ്, സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ, പന്തല്ലൂർ), ശ്രീ. ജോസഫ് പി.വി. (റിട്ട. ടീച്ചർ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കോടഞ്ചേരി) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട ഈ അധ്യാപകരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

## സ്റ്റാർട്ട്

ഒരിക്കൽ കൂടി പഠനവും ആത്മീയതയും ചിരികളും കളികളുമായി Eureka Moment വന്നെത്തിയിരിക്കുന്നു. ഓണാവധിക്കാലത്ത് START സംഘടിപ്പിച്ച Eureka Moment Camp വിജ്ഞാന ദാഹികളായ ഓരോ വിദ്യാർത്ഥികൾക്കും തങ്ങളിലെ അറിവുകളും കഴിവുകളും വർധിപ്പിക്കാനുള്ള അവസരമായിരുന്നു. ക്രിസ്മസ് അവധിക്കാലത്ത് വീണ്ടും കണ്ടുമുട്ടാൻ ഒരുങ്ങുകയാണ് കുരുന്നുകൾ.

6,7,8,9,10,11,12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായാണ് ക്യാമ്പ് നടത്തപ്പെടുക. ഡിസംബർ 27,28,29 തീയതികളിൽ നടത്തപ്പെടുന്ന ക്യാമ്പ് വിദ്യാർത്ഥികളിലെ അഭിരുചികളും കഴിവുകളും നേതൃത്വപാഠവവും വളർത്താൻ ഏറെ സഹായിക്കും.

പ്രഗൽഭരായ അധ്യാപകർ നയിക്കുന്ന ക്ലാസുകൾ കുട്ടികൾക്ക് തങ്ങളിലെ കഴിവുകളെ കണ്ടെത്താനും തങ്ങൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ എത്തിച്ചേരു

വാനും സഹായിക്കുന്നവയാണ്. ഉന്നത മത്സര പരീക്ഷകൾക്ക് ചിട്ടയായ രീതിയിൽ പഠിച്ചൊരുങ്ങുവാൻ ആവശ്യമായ ക്ലാസുകളും പ്രചോദനവും നൽകാൻ പ്രാപ്തമാണ് START ലെ ഓരോ ക്യാമ്പുകളും. ഗ്രൂപ്പ് ചർച്ചകളും പൊതുവിജ്ഞാനവും ക്യാമ്പിന്റെ പ്രധാന സവിശേഷതയാണ്. ഓരോ വിദ്യാർത്ഥികളുടെയും വ്യക്തിത്വ വികസനത്തിനുള്ള നാഴികക്കല്ലാണ് ഓരോ ക്യാമ്പുകളും.

ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഇടവകകളിൽ നിന്നും വിദ്യാർത്ഥികളെ പറഞ്ഞു വിടാൻ ശ്രദ്ധിക്കുമല്ലോ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കായിരിക്കും മുൻഗണന. താല്പര്യമുള്ളവർ START ഓഫീസുമായി ബന്ധപ്പെടുക.

## ജർമ്മനിക്ക് പറക്കാം സ്റ്റാർട്ടിനൊപ്പം

ആൽഫ അക്കാദമിയുടെ കീഴിൽ സ്റ്റാർട്ടിൽ താമസിച്ച് ജർമ്മൻ ഭാഷ പഠിക്കുന്ന A1 A2 ബാച്ചുകൾ വിജയകരമായി പൂർത്തിയാക്കി. ആത്മീയതയിൽ അധിഷ്ഠിതമായി ചിട്ടയായ ക്ലാസുകൾ നൽകിയാണ് ഈ കോഴ്സ് മുന്നോട്ടുപോകുന്നത്. ഇത്തരം കോഴ്സുകളിലൂടെ സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യുന്ന ഉത്തമ വ്യക്തിത്വങ്ങളെ സൃഷ്ടിക്കുക എന്നതാണ് സ്റ്റാർട്ട് ലക്ഷ്യം വെക്കുന്നത്.

## MTC കോഴ്സ്

യുവതലമുറയെ ഭാവിയുടെ വാഗ്ദാനങ്ങളായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ടിൽ നടക്കുന്ന ഏകവർഷ MTC കോഴ്സ് വിജയകരമായി മുന്നോട്ടുപോകുന്നു. തങ്ങൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തുവാൻ പ്രാപ്തമാക്കുകയാണ് MTC കോഴ്സിന്റെ ലക്ഷ്യം

## Artificial Intelligence and Computer Programming Course

ആധുനിക കാലത്തെ മുന്നേറ്റങ്ങൾക്ക് ഊർജ്ജമേകുന്ന ഇന്ധനമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. മനുഷ്യരെ പോലെ ചിന്തിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനുമുള്ള കഴിവുകൾ കമ്പ്യൂട്ടറുകളിലേക്കും മെഷീനുകളിലേക്കും പകർത്തുന്നതിനാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്നത്. ശാസ്ത്രം ഇത്രകണ്ട് വികാസം പ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടറുകളെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെയും കുറിച്ചുള്ള അറിവുകൾ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുക, അവരെ ആഗോള സാങ്കേതിക രംഗത്തെ പുതിയ മാറ്റങ്ങൾക്ക് സജ്ജരാക്കുക എന്നീ ലക്ഷ്യത്തോടെ സ്റ്റാർട്ട് ഒരുക്കുന്ന ഈ ഏക വർഷ കോഴ്സ് ദേശീയവും അന്തർദേശീയവുമായതൊഴിൽ മേഖലകളിൽ എത്തിപ്പെടാൻ ഓരോ വിദ്യാർത്ഥികളെയും പ്രാപ്തരാക്കുന്നു. ഈ ഡിജിറ്റൽ യുഗത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

എന്താണെന്നും; അതിന്റെ പ്രായോഗികതയെ കുറിച്ചും കൂടുതൽ മനസ്സിലാക്കുവാനുമുള്ള ഏറ്റവും നല്ല മാർഗമാണ് ഈ കോഴ്സ്. ഒരു വർഷം ദൈർഘ്യമുള്ള ഈ കോഴ്സ് 2023 ജനുവരി 7ന് ആരംഭിക്കും.

## സവിശേഷതകൾ

എല്ലാ ശനിയാഴ്ചകളിലും 1:00 p.m. - 4:00 p.m. വരെ നടത്തപ്പെടുന്ന ഈ ക്ലാസുകൾ അന്തർദേശീയ തലത്തിൽ തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രഗൽഭരായ അധ്യാപകരാണ് നയിക്കുന്നത്.

വീട്ടിലിരുന്ന് ഓൺലൈൻ ആയോ അല്ലാത്തപക്ഷം ഓഫ് ലൈൻ ആയോ ക്ലാസ്സുകളിൽ സംബന്ധിക്കാവുന്നതാണ്.

## യോഗ്യതകൾ

പ്ലസ് ടുവോ അതിലധികമോ വിദ്യാഭ്യാസ യോഗ്യതയുള്ള എല്ലാവർക്കും ഈ കോഴ്സിൽ സംബന്ധിക്കാം.

കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറുകളെ കുറിച്ചുള്ള അടിസ്ഥാന അറിവുകൾ ഉണ്ടായിരിക്കണം.

കോഴ്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്വന്തമായി ലാപ്ടോപ്പ് ഉണ്ടായിരിക്കേണ്ടതാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് എന്നീ മേഖലകളിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ ജോലി നേടുന്നതിനുള്ള അധിക യോഗ്യതയായിരിക്കും ഈ കോഴ്സ്. അന്തർദേശീയ തലത്തിൽ പുതിയ മുന്നേറ്റമെന്നോണം സ്റ്റാർട്ട് ഒരുക്കുന്ന ഈ കോഴ്സിന് അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക: 0495 235 7843, 9037 107 843, 9744458 111.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡിമിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ്ങ് ആന്റ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിങ്ങും ക്ലാസ്സുകളും ഓഫ് ലൈനായും ഓൺലൈനായും നടത്തുന്നു.

### കോഴ്സുകൾ

രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കൗൺസിലിംഗ് സൈക്കോളജിയിൽ രണ്ടു വർഷത്തെ ഓൺലൈൻ/ഓഫ്ലൈൻ മാസ്റ്റേഴ്സ് പ്രോഗ്രാം നടക്കുന്നു.

കോഴിക്കോട് സർവ്വകലാശാലയമായി ചേർന്ന് ഒരു വർഷത്തെ ഓൺലൈൻ ഡിപ്ളോമ കോഴ്സുകളും ഇവിടെ നടക്കുന്നു.

1. മാസ്റ്റേഴ്സ് ഇൻ കൗൺസലിംഗ് സൈക്കോളജി (ഓൺലൈൻ/ ഓഫ് ലൈൻ)
2. ഓൺലൈൻ ഡിപ്ലോമ ഇൻ കൗൺസിലിംങ്ങ് (വൈദികർക്കും സിസ്റ്റേഴ്സിനും)

### അറിയിപ്പുകൾ

JPI യുടെ കീഴിൽ പരിശീലനം നേടിയ 2021-2022 ഓൺലൈൻ ഡിപ്ലോമ ബാച്ചുകളുടെ കോൺ വൊക്കേഷൻ സെറിമണി, 12.11.2022 നു നടന്നു. സർട്ടിഫിക്കറ്റുകൾ നൽകി.

2023-25 വർഷത്തെ പുതിയ എംഎസ്സി / ഡിപ്ലോമ (ഓൺലൈൻ/ ഓഫ്ലൈൻ) ബാച്ചുകളിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ജനുവരിയിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. ലിമിറ്റഡ് സീറ്റുകൾ മാത്രം.

കൗൺസിലിംഗ് സേവനം ആവശ്യമുള്ളവർക്കും, കോഴ്സുകളെ കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർക്കും ഈ കോഴ്സുകളിൽ ചേരാൻ താത്പര്യമുള്ളവർക്കും ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9496575018/9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## അൽഫോൻസ കോളേജിന് NAAC Accreditation - A Grade

തിരുവമ്പാടി അൽഫോൻസ കോളേജ് യുജിസിയുടെ അക്രഡിറ്റേഷൻ ഏജൻസിയായ NAAC ന്റെ 3.23 CGPA സ്കോറോടു കൂടി A ഗ്രേഡ് കരസ്ഥമാക്കി . കോളേജിന്റെ അക്കാദമിക നിലവാരവും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളും ഭൗതിക സാഹചര്യങ്ങളും സാമൂഹ്യ പ്രതിബദ്ധതയും NAAC ന്റെ വിദഗ്ധ സമിതിയായ പിയർ ടീമംഗങ്ങൾ നവംബർ 1, 2 തീയതികളിൽ വിസിറ്റ് നടത്തി . കേരളത്തിലെ ആർട്ട് & സയൻസ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ അക്രഡിറ്റേഷൻ ഫസ്റ്റ് സൈക്ലിൽ ഇത്ര ഉയർന്ന CGPAയോട് കുടിA ഗ്രേഡ് നേടിയ ആദ്യ കോളേജാണ് അൽഫോൻസ കോളേജ് തിരുവമ്പാടി. കോളേജ് സ്ഥാപിച്ചിട്ട് കേവലം എട്ടു വർഷത്തിനുള്ളിലാണ് മാനേജ്മെന്റിന്റെയും അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഈ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയത്.

## ഒക്ടോബർ 14-ാം തിയതി

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്ടിലുള്ള സൈക്കോ പാർക്കിലേക്ക് സൈക്കോളജി വിഭാഗത്തിലെ 48 വിദ്യാർത്ഥികൾ രണ്ട് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ഒരു ഒബ്സർവേഷൻ വിസിറ്റ് നടത്തി. വിവിധ മാതൃകകൾ, പ്രതിമകൾ, ഛായാചിത്രങ്ങൾ, പുരാവസ്തുക്കൾ, ഫോട്ടോഗ്രാഫുകൾ, ഉപകരണങ്ങൾ, മറ്റ് നിരവധി ഇൻസ്റ്റാളേഷനുകൾ എന്നിവയിലൂടെ ചിത്രീകരിച്ചിരിക്കുന്ന, മനഃശാസ്ത്രത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ നിധിയായ ഈ പാർക്ക് വിദ്യാർത്ഥികൾക്ക് ആവേശം പകരുന്നതായിരുന്നു.

## പേപ്പർ ആർട്ട് വർക്ക്ഷോപ്പ്

സെപ്തംബർ 16-ാം തിയ്യതി ഇംഗ്ലീഷ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 'പേപ്പർ ആർട്ട് വർക്ക്ഷോപ്പ്' നടന്നു. ബിഎ ഇംഗ്ലീഷ് മൂന്നാം വർഷ വിദ്യാർത്ഥിനി ഹിമ ജോഷി വർക് ഷോപ്പിന് നേതൃത്വം നൽകി. ബിരുദ ബിരുദാനന്തരവിഭാഗങ്ങളിൽ നിന്നായി അറുപതോളം വിദ്യാർഥികളും അധ്യാപകരും പങ്കെടുത്തു. അടുക്കളയിലെ ഉപയോഗ ശൂന്യമായ വസ്തുക്കളിൽ നിന്നും പേപ്പർ, പ്ലാസ്റ്റിക് മുതലായവയിൽ നിന്നും പൂക്കൾ നിർമ്മിക്കുന്നതിനുള്ള ലളിതമായ നിർദ്ദേശങ്ങളും രീതികളും ഹിമ പങ്കു വെച്ചു. 'ദൈനംദിന വേസ്റ്റ്' കലാസൃഷ്ടികളാക്കി മാറ്റുന്നതിന് ഉപയോഗപ്രദമായ ഒരു ശിൽപശാലയായിരുന്നു. അ

സോസിയേഷൻ സെക്രട്ടറി ജോയലിന്റെ നന്ദിയോടെ വർക്ക്ഷോപ്പ് അവസാനിച്ചു.

### ഇംഗ്ലീഷ് മാരത്തോൺ

കോളേജിൽ പത്ത് ദിവസം നീണ്ടു നിൽക്കുന്ന ഇംഗ്ലീഷ് മാരത്തോൺ പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി ഉദ്ഘാടനം ചെയ്തു. വിനോദ മാർഗങ്ങളിലൂടെ ഇംഗ്ലീഷ് ഭാഷയിൽ അനായാസം സംസാരിക്കാനും, ഇന്റർവ്യൂ നടത്താനും, ഈ മെയിൽ അയക്കാനും, പുസ്തകങ്ങൾ അവലോകനം ചെയ്യാനും സഹായിക്കുന്ന പലയിനം ടാസ്കുകളാണ് പങ്കെടുത്ത മൽസരാത്ഥികൾ പത്ത് ദിവസം കൊണ്ട് ചെയ്തു തീർത്തത്. കേംബ്രിഡ് സ്പീക്കിങ്ങ് എക്സാമിനറും കോളേജിലെ ഇംഗ്ലീഷ് അധ്യാപകനുമായ ജോസഫ് പി സി നേതൃത്വം നല്കിയ ഈ മാരത്തോൺ മൽസരത്തിൽ 100 വിദ്യാർത്ഥികൾ പങ്കെടുത്തു. കോളേജിലെ രണ്ടാം വർഷ ബി എ ഇംഗ്ലീഷ് വിദ്യാർഥികളായ ഡെന്നീസ്, അച്ചു, നേഹ, അലീന, ലിവീന, രാഹുൽ എന്നിവർ സംഘാടകരായി പ്രവർത്തിച്ചു.

### തപാൽ ദിനം ആചരിച്ചു

ഒക്ടോബർ പത്താം തിയതി അൽഫോൻസ കോളേജിൽ ലോക തപാൽ ദിനത്തിൽ കുട്ടികൾ കത്തുകളുടെ പ്രദർശനം നടത്തി. അനേകം വിദേശ രാജ്യങ്ങളിൽ നിന്നും തൂലികാസഹൃദം സൂക്ഷിക്കുന്ന റസ്ബിൻ അബാസ് എന്ന BSc സൈക്കോളജി വിദ്യാർഥിനിക്ക് ലഭിച്ച കത്തുകളാണ് ഒരു ദിവസം നീണ്ടു നിന്ന പ്രദർശനത്തിൽ ഏറ്റവും ശ്രദ്ധനേടിയത്. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ ചാക്കോ കെ. വി. പ്രദർശനം ഉദ്ഘാടനം ചെയ്തു. പ്രദർശനത്തിൽ തൂലികാസഹൃദം ഒരു ഹോബി ആക്കുന്നതിനെകുറിച്ച് റസ്ബിൻ സംസാരിച്ചു.

### സെമിനാർ നടത്തി

കോമേഴ്സ് പഠനത്തോടൊപ്പം ജോലി സാധ്യതയുള്ള ആഡ് ഓൺ പ്രോഗ്രാമുകളുടെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ പീജി ഡിപ്പാർട്ട്മെൻറ് ഓഫ് കോമേഴ്സ് സെമിനാർ നടത്തി. സെമിനാറിൽ ജി.ടെക് റീജണൽ മാനേജർ ജസ്റ്റിൻ തറപ്പേൽ വിഷയം അവതരിപ്പിച്ചു. കൊമേഴ്സ് വിഭാഗം മേധാവി സാനി തോമസ് സെമിനാർ ഉദ്ഘാടനം ചെയ്തു. അഞ്ചാം സെമസ്റ്ററിലെ എല്ലാ വിദ്യാർത്ഥികളും സെമിനാറിൽ സംബന്ധിച്ചു.

### ഭ്രൂണഹത്യ നിയമം സംവാദം നടത്തി

അൽഫോൻസ കോളേജിലെ വുമൺ ഡെവലപ്മെൻറ് സെല്ലിന്റെ നേതൃത്വത്തിൽ ഗർഭച്ഛിദ്ര നിയമത്തെക്കുറിച്ച് സംവാദം നടത്തി. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി അധ്യക്ഷത വഹിച്ചു. സാനി തോമസ് വാദപ്രതിവാദങ്ങൾക്ക് മേൽനോട്ടം വഹിച്ചു. വുമൺ ഡെവലപ്മെൻറ് കോർഡിനേറ്റേഴ്സ് ആൻമരിയ ജോസഫ്, ഷിജി ഫ്രാൻസിസ്, സ്വീറ്റി ജോസ് എന്നിവർ നേതൃത്വം വഹിച്ചു.

വിദ്യാർഥികളെ പ്രതിനിധീകരിച്ച് ജെറാൾഡ് ടോം, അലക്സ്റോബോട്ട്, ലിവിന സിബി, അനുമോൾ ജോസ് എന്നിവർ വാദപ്രതിവാദത്തിൽ സംസാരിച്ചു. എഴുപതിലേറെ വിദ്യാർത്ഥികൾ സംവാദത്തിൽ പങ്കുചേർന്നു.

### പേപ്പർ പേന ക്രാഫ്റ്റ് വർക്ക്ഷോപ്പ്

ഇംഗ്ലീഷ് അസോസിയേഷന്റെ നേതൃത്വത്തിൽ സെപ്തംബർ 28-ാം തിയ്യതി ഉച്ചയ്ക്ക് പേപ്പർ പേന ക്രാഫ്റ്റ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഒന്നാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിനി സി. എലിസബത്ത് സിഎംസിയാണ് വർക്ക്ഷോപ്പിന് നേതൃത്വം നൽകിയത്. യുജി, പിജി തലങ്ങളിലെ വിദ്യാർത്ഥികളും ഇംഗ്ലീഷ് വിഭാഗം അധ്യാപകരും ഉൾപ്പടെ അറുപതോളം അംഗങ്ങൾ പങ്കെടുത്തു. സി. എലിസബത്ത് പേപ്പറുകൾ ഉപയോഗിച്ച് ആകർഷകമായ പേനകൾ എങ്ങനെ നിർമ്മിക്കാമെന്ന് വ്യക്തമായ ഒരു പ്രദർശനം നടത്തി. അസോസിയേഷൻ സെക്രട്ടറി ജോയൽ ശിൽപശാല വിജയിപ്പിച്ചതിന് സിസ്റ്റർ എലിസബത്തിനും വിദ്യാർഥികൾക്കും നന്ദി രേഖപ്പെടുത്തി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

## മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

### രൂപത എക്സിക്യൂട്ടീവ് യോഗം നടത്തി

30/10/ 2022 ന് ഓൺലൈനായി ചേർന്ന മരിയൽ പ്രോലൈഫ് രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തിരുമാനങ്ങൾ.

1. രൂപതാ പ്രോ-ലൈഫ് ദിനാഘോഷ പരിപാടികൾ തിരുവാമ്പാടി സേക്രട്ട് ഹാർട്ട് ഫൊറോന ദേവാലയ പാരിഷ് ഹാളിൽ വെച്ച് 25/3/2023 ന് നടത്താൻ തീരുമാനിച്ചു.
2. യുത്ത് വിങ്ങിനായി ലഹരി വിരുദ്ധ പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് തിരുമാനിച്ചു.
3. രൂപതാ പ്രോ-ലൈഫ് കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപതയിലെ ഏറ്റവും അർഹതയുള്ള വലിയ കുടുബത്തിന് ഒരു വിട് വച്ച് നല്കുന്നതിന് തിരുമാനിച്ചു.
4. ഭവന നിർമ്മാണത്തിനാവശ്യമായ സ്ഥലം തിരുവാമ്പാടിയിൽ ഒരു വ്യക്തി സൗജന്യമായി നല്കാം എന്നറിയിച്ചിട്ടുണ്ട്. മേൽ സ്ഥലം സന്ദർശിച്ച്

സൗകര്യങ്ങൾ വിലയിരുത്തുന്നതിനും, മേൽ നടപടികൾക്കുമായി ബഹു. പ്രസിഡണ്ടിനെ കമ്മറ്റി ചുമതല പ്പെടുത്തി.

5. രൂപതാ പ്രോ-ലൈഫ് സമതിയുടെ പ്രവർത്തന ഫണ്ട് രൂപികരിക്കുന്നതിന് നേതൃത്വം നൽകുന്നതിനായി പന്ത്രണ്ട് അംഗ കമ്മറ്റി തിരഞ്ഞെടുത്തു. 1.Tomy Plathottam. 2. Sajeeve Purayidam. 3.Emmanuval sir Maruthomkara. 4.Simili Maruthomkara. 5. Bennichan Karukamali. 6. Johnson Thengumthottathil, 7. Martin Thengumthottam. 8. Williams Ezhanikatte 9. Biju Kannanchira, Chamal. 10. Jaison Thaikkaduppil, Poozhithode.11. Jaison Kannukuzhi Thiruvambady. 12. Shibu Kochuparambil Kozhikode.

20 .11 .2022 ഞായറാഴ്ച തെയ്യപ്പാറ സെൻറ് തോമസ് ദേവാലയത്തിൽ വച്ച് ചേർന്ന മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് തീരുമാനങ്ങൾ:

- മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ പ്രവർത്തനങ്ങളും ഉദ്ദേശലക്ഷ്യങ്ങളും പ്രോലൈഫ് ദിന സന്ദേശവും ഉൾപ്പെടുത്തി കൊണ്ട് അടുത്ത മാർച്ച് മാസത്തിനു മുമ്പായി ഒരു ഇടയ ലേഖനം വായിക്കുവാനുള്ള തയ്യാറെടുപ്പ് നടത്തുക.
- തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ നേരിൽകണ്ട് പ്രവർത്തന ഫണ്ട് സംഘടിപ്പിക്കുകയും ചെയ്യുക. അതിനായി വിശദവിവരങ്ങൾ ഉൾപ്പെടുത്തി ഒരു ബ്രോഷർ തയ്യാറാക്കുക. ഓരോ ഇടവകയിൽ നിന്നും പൊതുസമ്മതനായ ഒരു വ്യക്തിയുടെ നേതൃത്വത്തിൽ ആണ് വ്യക്തികളെ സമീപിക്കേണ്ടത്.
- എല്ലാ ഇടവകകളിലും യൂണിറ്റുകൾ ആരംഭിക്കുകയും മേഖലാതരത്തിൽ ഏകദിന സെമിനാർ സംഘടിപ്പിക്കുകയും എല്ലാ അംഗങ്ങളെയും ഈ സെമിനാറിൽ പങ്കെടുക്കുവാൻ അവസരം ഒരുക്കുകയും ചെയ്യുക.
- വർഷത്തിലൊരിക്കൽ സഹായക വ്യക്തികളുടെ കൂട്ടായ്മ സംഘടിപ്പിക്കുകയും ചെയ്യുക.
- സാമ്പത്തിക സഹായം ആവശ്യമുള്ള വ്യക്തികൾ ഇടവക വികാരി, യൂണിറ്റ് പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മാസത്തിലൊരിക്കൽ രൂപതാ തല കമ്മിറ്റി കൂടി അപേക്ഷ പരിശോധിക്കുകയും ഏറ്റവും അർഹതപ്പെട്ടവർക്ക് സഹായം ചെയ്യുകയും ചെയ്യേണ്ടതാണ്. ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, വിവാഹം, മരണം എന്നീ ആവശ്യങ്ങളാണ് പരിഗണിക്കേണ്ടത്.
- പഴയതും പുതിയതുമായ ഫർണിച്ചറുകൾ സംഘടിപ്പിച്ച് വിതരണം ചെയ്യുക.
- പ്രോ-ലൈഫ് ദിനാഘോഷത്തോടനുബന്ധിച്ച് ദീപികയിൽ ഒരു സപ്ലിമെൻറ് പ്രസിദ്ധീകരിക്കുവാൻ ക്രമീകരണം ചെയ്യുക.
- വെള്ളിയാഴ്ച പ്രാർത്ഥനയിൽ എല്ലാവരെയും പങ്കെടുപ്പിക്കുവാൻ ശ്രമിക്കുക.

ലിങ്ക് അയക്കുമ്പോൾ പ്രാർത്ഥന ചൊല്ലുന്നവരുടെ പേരുകൂടി ചേർക്കുകയും സഹായകർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

- പ്രോ-ലൈഫ് വലിയ കുടുംബങ്ങളിലെ മക്കൾക്ക് താമരശ്ശേരി രൂപതയിലോ രൂപതയ്ക്കു പുറത്തോ ഏത് സ്ഥാപനത്തിലും വിദ്യാഭ്യാസത്തിനോ ജോലിക്കായോ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി കുടുംബാംഗങ്ങളുടെ വ്യക്തിവിവരം അടങ്ങിയ തിരിച്ചറിയൽ കാർഡ് നൽകാൻ തീരുമാനിച്ചു.
- അടുത്ത മീറ്റിംഗ് മേൽപ്പറഞ്ഞ ഇടയലേഖനവും ബ്രോഷറും തയ്യാറാക്കിയതിനുശേഷം ഡിസംബർ പതിനൊന്നാം തീയതി 2 മണിക്ക് തെയ്യപ്പാറയിൽ വച്ച് കൂടുവാൻ തീരുമാനിച്ചു.

## ശുപാർശ ഫോം വിതരണം ചെയ്തു

സ്കൂൾ വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും വലിയ കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള ശുപാർശ ഫോം പ്രിന്റ് ചെയ്ത് എല്ലാ ഇടവകകളിലേയ്ക്കും വിതരണം ചെയ്തു.

**സജീവ് പുരയിടത്തിൽ**
പ്രസിഡന്റ്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# മദ്യവിരുദ്ധ സമിതി

ഡയറക്ടർ ഫാ. മിൽട്ടൻ മുളങ്ങാശ്ശേരിയുടെ അധ്യക്ഷതയിൽ പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഹാളിൽ വെച്ച് 5.11.22 ന് രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ചേർന്നു. അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്തു. യൂണിറ്റ് സന്ദർശനം, ശാക്തീകരണം, സ്കൂൾ വ്യക്തിത്വ വികസന ക്ലബ്പ്രവർത്തനങ്ങൾ വിലയിരുത്തൽ, രൂപതാ സാഹിത്യോത്സവം, മദ്യമയക്കുമരുന്ന് വ്യാപനത്തിനെതിരെ ധർണ്ണ എന്നിവ ചർച്ച ചെയ്തു. കൂരാച്ചുണ്ട്, തിരുവമ്പാടി എന്നീ കേന്ദ്രങ്ങളിലായി നവംബർ 12 ന് സാഹിത്യോത്സവം നടത്താൻ തീരുമാനിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. കുര്യൻ ചെമ്പനാനി, സെക്രട്ടറി ജോളി ഉണ്ണിയെപ്പിള്ളിൽ, രാജൻ ഉറുമ്പിൽ, ശ്രീ. ടി ടി. തോമസ്, ശ്രീ. റോയ് മുരിക്കോലിൽ, ശ്രീ. പി വി ജോൺ, തുടങ്ങിയവർ പ്രസംഗിച്ചു.

## രൂപതാ സാഹിത്യോത്സവം

തിരുവമ്പാടി, കൂരാച്ചുണ്ട് എന്നീ രണ്ടു സോണുകളിലായി വ്യക്തിത്വ വികസന ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ ആശയങ്ങൾ ഉൾപ്പെടുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി കഥാ രചന, കവി

ത, ഉപന്യാസം, പോസ്റ്റർ എന്നിവയിലാണ് മത്സരങ്ങൾ നടത്തിയത്. യു പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി 300 കുട്ടികൾ പങ്കെടുത്തു. കൂരാച്ചുണ്ട് സോണിൽ ഫാ. വിൻസെന്റ് കണ്ടത്തിൽ സാഹിത്യോത്സവം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ, ഫാ. മിൽട്ടൻ മുളങ്ങാശ്ശേരി അധ്യക്ഷത വഹിച്ചു. ശ്രീ. കുര്യൻ ചെമ്പനാനി, ശ്രീ. രാജൻ ഉറുമ്പിൽ എന്നിവർ പ്രസംഗിച്ചു.

തിരുവമ്പാടി സോണിൽ സെക്രട്ടറി ജോളി ഉണ്ണിയെപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. ശ്രീ. ഇ ജെ. തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. ശ്രീ. ജോസ് കാവിൽപുരയിടം, ശ്രീ. ടി.ടി തോമസ്, ശ്രീ. പി വി ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. മാത്യു മുളങ്ങാശ്ശേരി**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

## കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇൻഡ്യ

### രൂപത ലീഡേർഡ് മീറ്റിംങ്

ഒക്ടോബർ 16-ാം തീയ്യതി ഞായറാഴ്ച, സി.എൻ.ജി.ഐ സ്റ്റേറ്റ് എക്സിക്യൂട്ടിവ് അംഗങ്ങൾ, രൂപത ലീഡേഴ്സ് എന്നിവരുടെ സംയുക്ത മീറ്റിംങ് ഓൺലൈനായി നടത്തപ്പെട്ടു. സി.എൻ.ജി.ഐ സ്റ്റേറ്റ് ലെവൽ പ്രോഗ്രാം പ്ലാൻ, സോണൽ മീറ്റിംങ്, മെമ്പർഷിപ്പ് എന്നിവയെ കുറിച്ച് യോഗം ചർച്ച ചെയ്തു. താമരശ്ശേരി രൂപത ഭാരവാഹികൾ പ്രസ്തുത മീറ്റിംങിൽ സജീവമായി പങ്കുചേർന്നു.

### ജപമാലമാസ ഏകദിന ധ്യാനം

കോഴിക്കോട് സിറ്റിയിലുള്ള വിവിധ ആശുപതികളിൽ സേവനം ചെയ്യുന്ന നഴ്സുമാർക്കായി ഒക്ടോബർ 29-ാം തീയ്യതി ശനിയാഴ്ച ജപമാലമാസ ഏകദിന ധ്യാനം മാങ്കാവ് സെന്റ് ജോസഫ്സ് പള്ളിയിൽ ഒരുക്കപ്പെട്ടു. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്ര ടീം ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. വചന പ്രഘോഷണവും കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും അഭിഷേക പ്രാർത്ഥനയും ക്രമീകരിച്ചു. ഏകദേശം എൺപതോളം നഴ്സുമാർ പങ്കെടുത്തു.

### ഡയസിഷ്യൻ ലീഡേർസ് മീറ്റിംങ്

നവംബർ 6 ഞായറാഴ്ച രൂപതാ ഭാരവാഹികളുടെയും സ്റ്റേറ്റ് മെമ്പേഴ്സിന്റെയും മീറ്റിംങ് ഓൺലൈനായി നടത്തപ്പെട്ടു. സി.എൻ. ജി.ഐ പ്രവർത്തനങ്ങൾ വിവിധ രൂപതകളിലും ഹോസ്പിറ്റലുകളിലും ശക്തിപ്പെടുത്തുവാൻ മീറ്റിംങ് ആവശ്യപ്പെട്ടു. സി.എൻ. ജി. ഐ പ്രവർത്തനങ്ങളെ പൊതുവായി വിലയിരു

ത്തി. താമരശ്ശേരി രൂപത ഭാരവാഹികൾ സജീവമായി പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുത്തു.

### മലബാർ സോൺ ലീഡേർസ് മീറ്റ്

നവംബർ പതിനെട്ട് വെള്ളിയാഴ്ച സി.എൻ.ജി.ഐ മലബാർ സോൺ ലീഡേർസ് മീറ്റ് ഓൺലൈനായി നടത്തപ്പെട്ടു. താമരശ്ശേരി രൂപത ഭാരവാഹികൾ പ്രസ്തുത മീറ്റിംങ്ങിൽ പങ്കെടുത്തു. മലബാർ സോണിനെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ഇതുവരെ നടന്ന പ്രവർത്തനങ്ങളെ യോഗം പ്രത്യേകം അഭിനന്ദിച്ചു. മലബാർ സോൺ സംഗമം വൻവിജയമായതിൽ യോഗം ഏവരെയും അനുമോദിച്ചു.

**ഫാ. റോണി പോൾ കാവിൽ**
അഡ്വൈസർ, സി.എൻ.ജി.ഐ

## ഇൻഫാം

### കുന്നമംഗലം കാർഷിക ഗ്രാമം

കുന്നമംഗലം പള്ളി ഓഡിറ്റോറിയത്തിൽ വികാരി ഫാ. ജോസഫ് കളത്തിന്റെ അധ്യക്ഷതയിൽ താമരശ്ശേരി കാർഷിക ജില്ല പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിന്റെ നേതൃത്വത്തിൽ നടന്ന കർഷക യോഗത്തിൽ വച്ച് കുന്നമംഗലം കാർഷിക ഗ്രാമം ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - കുര്യാക്കോസ് കുമ്പളങ്ങൽ
സെക്രട്ടറി - ഷമ്മി പുത്തൂരാൻ
ട്രഷറർ - ജോണി കുളങ്ങരത്തൊട്ടി
എക്സിക്യൂട്ടീവ് അംഗങ്ങൾ -
മാത്യു മാണിക്യതാഴെ, ഷിജി കുറിച്ചിയാങ്കൽ
ചാക്കോ പേണ്ടാനത്ത്, ബേബി പഴംപ്ലാക്കൽ
സെബാസ്റ്റ്യൻ നടുവത്തേട്ട്

### കർഷകരുടെ അപ്പസ്തോലനെ ആദരിച്ചു

കർഷകർക്ക് വേണ്ടി ജീവൻ ഉഴിഞ്ഞുവെച്ച ഇൻഫാമിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ മോൺ. ആൻറണി കൊഴുവനാലിനെ ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ താമരശ്ശേരി രൂപത ഭവനിൽ വച്ച് നടന്ന ഇൻഫാം നാഷണൽ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ വച്ച് പൊന്നാട അണിയിച്ച് ആദരിച്ചു. 22 വർഷകാലത്തെ സേവനത്തിന്റെ പ്രതീകമായി ഫലക

വും നൽകി. ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടിയിൽ, ദേശീയ ഡയറക്ടർമാരായ ഫാദർ ജോസ് ചെറുകരകുന്നേൽ, ഫാ. തോമസ് മറ്റമുയിൽ, മലബാർ മേഖല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, ദേശീയ കൗൺസിൽ അംഗം ശ്രീ. മാത്യു മാംപറമ്പിൽ താമരശ്ശേരി രൂപത ഇൻഫാം പ്രസിഡൻറ് അഗസ്റ്റിൻ പുളിക്കണ്ടത്തിൽ, ദേശീയ സെക്രട്ടറി ജോസഫ് കാര്യാങ്കൽ എന്നിവർ സംസാരിച്ചു. മുൻകാല പ്രവർത്തകർ ശ്രീ. മുൻഷി, ശ്രീ. കേളപ്പൻ മാസ്റ്റർ, സണ്ണി കൊടുകപള്ളി, സജീവ് പുരയിടത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

## ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം ഇൻഫാം

കോടഞ്ചേരി തെയ്യപ്പാറ ഇൻഫാം അഗ്രി ഫാമിൽ ചേർന്ന ഇൻഫാം താമരശ്ശേരി കാർഷിക ജില്ല എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം എന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. കാലിത്തീറ്റയുടെ വിലവർധനവും കന്നുകാലികളുടെ രോഗങ്ങളും മൂലം കടക്കെണിയിൽ ആയ ക്ഷീരകർഷകരെ രക്ഷിക്കുവാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുക, ഒരു വർഷം ചുരുങ്ങിയത് 200 തൊഴിൽ ദിനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ കർഷകർക്ക് ലഭിക്കുകയാണെങ്കിൽ ഒരു പരിധി വരെ ക്ഷീരമേഖലയെ നിലനിർത്തിക്കൊണ്ടു പോകാൻ സാധിക്കും. പത്ത് ലിറ്റർ പാൽ കറക്കുന്ന ഒരാൾക്ക് ഒരു തൊഴിലുറപ്പ് ദിനം എന്ന രീതിയിൽ പദ്ധതി നടപ്പാക്കുകയാണെങ്കിൽ ക്ഷീരമേഖലയിൽ പിടിച്ചുനിൽക്കാൻ കർഷകർക്ക് സാധിക്കുമെന്നും പ്രസ്താവിച്ചു. പ്രസ്തുത മീറ്റിങ്ങിൽ ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. പ്രസിഡൻറ് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷനായിരുന്നു. അസി. ഡയറക്ടർ ഫാ. ജോസഫ് കളത്തിൽ സെക്രട്ടറി ബോണി ജേക്കബ് ആനത്താനത്ത് ട്രഷറർ ബോണി നമ്പ്യാപറമ്പിൽ വൈസ് പ്രസിഡണ്ട് സിസിലി ചീരാൻകുഴി ജോയിൻ സെക്രട്ടറി മാർട്ടിൻ തെങ്ങിൻതോട്ടത്തിൽ ജോണി ഇയ്യാലിൽ തങ്കച്ചൻ കുഴി കണ്ടത്തിൽ സെബാസ്റ്റ്യൻ ചേബ്ലാനി എന്നിവർ സംബന്ധിച്ചു.

## ഇൻഫാം ജനറൽ സെക്രട്ടറിയും സംഘവും തെയ്യപ്പാറ അഗ്രി ഫാം സന്ദർശിച്ചു

ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടിയിലും സംഘവും താമരശ്ശേരി രൂപത ഇൻഫാമിന്റെ കീഴിൽ പ്രവർത്തിക്കുന്ന തെയ്യപ്പാറ അഗ്രി ഫാം സന്ദർശിക്കുകയും അവിടെ നടക്കുന്ന കൃഷി രീതികളെ പഠിച്ചു മനസ്സിലാക്കുകയും അതിനു നേതൃത്വം നൽകുന്ന ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിലിനെയും താമരശ്ശേരി കാർഷിക ജില്ലാ പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിലിനെയും അഭിനന്ദിക്കുകയും

ചെയ്തു. കേരളത്തിലെ കർഷകർക്ക് താമരശ്ശേരി രൂപത ഇൻഫാം ഒരു മാതൃകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഏഴായിരത്തിൽ കൂടുതൽ കപ്പ ചുവടും 3000 കൂടുതൽ ചേമ്പും രണ്ട് ഏക്കറിൽ മത്തനും 2 എക്കറിൽ കുമ്പളം വെള്ളരി കക്കരി എന്നിവയും 2 ഏക്കറിൽ വെണ്ട, വഴുതന, കാബേജ്, കോളിഫ്ളവർ എന്നിവയുമാണ് എട്ടേക്കർ സ്ഥലത്ത് കൃഷി ചെയ്തിരിക്കുന്നത്. കൂടാതെ 3000 ൽ കൂടുതൽ വിയറ്റ്നാമേർലി ഹൈബ്രിഡ് പ്ലാവും തൈകളും നട്ടിട്ടുണ്ട് മൂന്നുമാസം പ്രായമായ പ്ലാവിൻ തൈകകൾക്കിടയിൽ തിങ്ങിവളരുന്ന കപ്പയും ചേമ്പും മറ്റു പച്ചക്കറികളും മനോഹരമായ ക്രമീകരിച്ചിരിക്കുന്നത് ഫാം സന്ദർശിക്കുന്നവർക്ക് കൗതുകകരമായ ഒരു കാഴ്ചയാണ്.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# മാതൃവേദി

## ആനിമേറ്റേഴ്സ് മീറ്റ്

രൂപതാ മാതൃവേദിയുടെ കൂട്ടായ പരിശ്രമത്തിൽ സഹകരിക്കുന്ന ആനിമേറ്റർമാരുടെ ഒരു മീറ്റിംഗ് ആഗസ്റ്റ് 20ന് രൂപതാ ഭവനിൽ നടത്തപ്പെട്ടു.

## സമ്പൂർണ്ണ മാതൃവേദി ഇടവക

സെപ്റ്റംബർ 27ന് അഭിവന്ദ്യ പിതാവ് കൽക്കുണ്ട് സെന്റ് മേരിസ് ഇടവകയെ സമ്പൂർണ്ണ മാതൃവേദി ഇടവകയായി പ്രഖ്യാപിച്ചു.

## മേഖല സന്ദർശനം

ഒക്ടോബർ 21 ന് മാതൃവേദി രൂപത ഡയറക്ടർ, രൂപതാ പ്രസിഡൻറ് എന്നിവർ തിരുവമ്പാടി മേഖല മാതൃവേദി സന്ദർശിക്കുകയും മേഖലയിലെ ഓരോ യൂണിറ്റുകളിലെയും പ്രതിനിധികളെ കാണുകയും റിപ്പോർട്ടുകൾ കേൾക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ 40 ഓളം പേർ പങ്കെടുത്തു.

## കരുണാഭവൻ സാമ്പത്തിക സഹായം

സെപ്റ്റംബർ 8 നോടനുബന്ധിച്ച് മാതൃവേദി കരുണാഭവൻ അഗതി മന്ദിരത്തിൽ സഹായം എത്തിക്കാൻ തീരുമാനിച്ചു. എല്ലാ മേഖലകളിൽ നിന്നും പണം സ്വരൂപിക്കുകകയും അഗതി മന്ദിരത്തിൽ നാൽക്കുകയും ചെയ്തു.

### മരിയൻ ക്വിസ്

ജപമാല മാസം ആയി ആചരിക്കുന്ന ഒക്ടോബർ മാസത്തിൽ താമരശ്ശേരി രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്ക് വേണ്ടി ഒരു മരിയൻ ക്വിസ് ഒരുക്കുകയും മത്സരത്തിൽ തിരുവമ്പാടി മേഖല ഒന്നാം സ്ഥാനവും പാറോപ്പടി മലപ്പുറം മേഖലകൾ രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. 11 ടീമുകളാണ് ആകെ പങ്കെടുത്തത്

**ഒന്നാം സ്ഥാനം തിരുവമ്പാടി മേഖല**

1. സിനി ബിജു വെള്ളാരംകുന്നേൽ, തിരുവമ്പാടി
2. സോനു ജോമോൻ പഴിയാങ്കൽ, തേക്കുംകുറ്റി

**രണ്ടാം സ്ഥാനം പാറോപ്പടി മേഖല**

1 സിന്ധു ജേക്കബ് അമ്പലത്തുംകല, മാങ്കാവ്

2 ലിസി കുറ്റിക്കാടൻ, അശോകപുരം

**മൂന്നാം സ്ഥാനം  മലപ്പുറം മേഖല**

1 ലിസി ട്രീസ കടപ്പുഴ, പന്തല്ലൂർ

2 ഡെയ്സി രാജു പ്ലാമൂട്ടിൽ, കൂമൻകുളം

### മേഖല റിപ്പോർട്ടുകൾ

### വിലങ്ങാട് മേഖല

**വിലങ്ങാട് :** പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോട് അനുബന്ധിച്ച് അമ്മമാർക്കായി മത്സരങ്ങൾ നടത്തി. ലോഗോസിന് ഒരുക്കമായുള്ള ഇടവക തലത്തിൽ ഘട്ടം ഘട്ടമായുള്ള ബൈബിൾ ക്വിസ് മത്സരം അമ്മമാർക്ക് നടത്തുകയും ഫൈനൽ റൗണ്ട് നടത്തി യഥാക്രമം 1, 2, 3 സ്ഥാനം നേടിയവർക്ക് ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു. സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ പരിശുദ്ധ അമ്മയ്ക്ക് നേർച്ചയായി കിട്ടിയ സാരികൾ അർഹരായ അമ്മമാരെ കണ്ടെത്തി അവർക്ക് നൽകി. മേഖലാതലത്തിലും രൂപതാലത്തിലും നടത്തിയ മരിയൻ ക്വിസ് മത്സരത്തിൽ പങ്കെടുക്കുകയും നല്ല പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു. ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തിലെ രോഗിയായ ഒരു അമ്മയ്ക്ക് വേണ്ട ശുശ്രൂഷയും മറ്റു സഹായങ്ങളും ചെയ്തുകൊണ്ട് ആ കുടുംബത്തെ മാതൃവേദി ദത്തെടുത്തു.

**മഞ്ഞക്കുന്ന് :** വിശുദ്ധ യൂദാതദേവൂസിന്റെ മരണ തിരുനാളിനോട് അനുബന്ധിച്ച് ഒൻപതു ദിവസത്തെ  ജപമാലയ്ക്കും നൊവേനയ്ക്കും അമ്മമാരുടെ സാന്നിധ്യമുണ്ടായിരുന്നു. തിരുനാളിന്റെ അവസാന ദിവസം അമ്മമാരുടെ നേതൃത്വത്തിൽ നേർച്ച വിതരണം നടത്തി.  ഇടവകയുടെ നേതൃത്വത്തിലുള്ള രോഗിയായ ജോസ് ചേട്ടന്റെ ഭവന നിർമ്മാണത്തിൽ പണിക്കാർക്ക് ഭക്ഷണം ഉണ്ടാക്കുന്നതിനും രോഗിയായ അമ്മയെ പരിചരിക്കുന്നതിനും മാതൃവേദി അമ്മമാർ

സഹായിക്കുന്നു. എല്ലാ മാസവും രോഗി സന്ദർശനം നടത്തുകയും ധനസഹായം നൽകുകയും ചെയ്യുന്നു.

**വാളൂക്ക് :** എട്ടു നോമ്പിലെ ജപമാല അമ്മമാരുടെ നേതൃത്വത്തിൽ നടത്തി. എട്ടു നോമ്പിൽ കുർബാന മദ്ധ്യേ കാഴ്ചവെപ്പു നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ സ്നേഹവിരുന്നു നടത്തുകയും ചെയ്തു. അമ്മമാർ ഒരു ദിവസം 3 അധ്യായം വെച്ച് ബൈബിൾ പാരായണം ചെയ്യാറുണ്ട്. എല്ലാ മാസവും രോഗീസന്ദർശനം നടത്തുന്നുണ്ട്.

**പാലൂര് :** സെപ്റ്റംബർ 8 നോട് അനുബന്ധിച്ച് 8 ദിവസത്തെ കുർബാനയും അമ്മമാരുടെ നേതൃത്വത്തിലായിരുന്നു. അന്നേ ദിവസം കാഴ്ചസമർപ്പണവും അംഗത്വ നവീകരണവും നടന്നു. നേർച്ച വിതരണവും അമ്മമാരുടെ നേതൃത്വത്തിലായിരുന്നു.

## പാറോപ്പടി മേഖല

**ചേവായൂർ :** സെപ്റ്റംബർ എട്ടാം തീയതി പരി. അമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ സമാഹരിച്ച തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിക്കാൻ തീരുമാനിച്ചു. ഒക്ടോബർ എട്ടാം തീയതി സീറോ മലബാർ മാതൃവേദി പാറോപ്പടി മേഖലാ സംഗമം 'കനിവ്' 2022 ചേവായൂർ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. നൂറോളം അംഗങ്ങൾ സംബന്ധിച്ചു. ബഹുമാനപ്പെട്ട റോണി അച്ചൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട ഫാദർ ബിനു കുളത്തിങ്കൽ പരിപാടി ഉദ്ഘാടനം ചെയ്യുകയും ക്ലാസുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. സ്വർലോകരാജ്ഞി സംഗീത മത്സരത്തിൽ സമ്മാനാർഹരായവരുടെ സംഗീതം അവിടെ ആലപിക്കുകയും തുടർന്ന് സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. തുടർന്ന് അംഗങ്ങൾക്ക് വേണ്ടി കളികൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. വിശുദ്ധ കുർബാനയ്ക്കു ശേഷം ഉച്ചഭക്ഷണത്തോടുകൂടി പരിപാടികൾക്ക് സമാപിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചൻ ഫാദർ ജേക്കബ് കുളത്തൂർ നേതൃത്വം നൽകി.

**കുണ്ടായിത്തോട് :** ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് 'പരിശുദ്ധ അമ്മയ്ക്ക് ഒരു പിറന്നാൾ സമ്മാനം' എന്നപേരിൽ ഒരു സമ്മാനപ്പെട്ടി ഇടവകയിൽ ഒരുക്കി. സമ്മാനപെട്ടിയിൽ നിന്ന് ലഭിച്ച 6000/ രൂപയും മറ്റ് നിത്യോപയോഗ സാധനങ്ങളും ഇടവകയിലെ പത്തു കുടുംബങ്ങൾക്ക് സഹായമായി നൽകി. ഒക്ടോബർ മൂന്നാം തീയതി വി. ഫ്രാൻസിസ് അസീസിയുടെ മരണാനുസ്മരണ ചടങ്ങിനോടനുബന്ധിച്ച് നേർച്ച ഭക്ഷണം തയ്യാറാക്കുവാൻ സഹായിച്ചു. ജപമാല മാസത്തോടനുബന്ധിച്ച് പാറോപ്പടി മേഖല നടത്തിയ 'സ്വർലോകരാജ്ഞി സംഗീത മത്സരത്തിൽ പങ്കെടുക്കുകയും

പ്രോത്സാഹന സമ്മാനം നേടുകയും ചെയ്തു. ഇടവകയിൽ ഒക്ടോബർ 22 മുതൽ 31 വരെ നടന്ന ജപമാല മാസാചരണത്തിൽ ദിവ്യബലിയിലും ജപമാലയിലും അംഗങ്ങൾ സജീവമായി പങ്കെടുത്തു. 31.10.2022 നു നടന്ന ജപമാല മാസാചരണ സമാപനത്തിൽ മാതാവിന്റെ തിരുസ്വരൂപം വഹിച്ചു കൊണ്ട്, ദീപങ്ങളും ഏന്തി നടന്ന ജപമാല റാലിക്ക് നേതൃത്വം നൽകി. മാതൃവേദി അംഗങ്ങൾ നേർച്ച ഭക്ഷണം തയ്യാറാക്കുകയും ചെയ്തു. അമ്മ പ്രോഗ്രാം എന്ന പേരിൽ എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച, മാതൃവേദി അംഗങ്ങൾ നാടൻ പലഹാരങ്ങൾ ഉണ്ടാക്കി ഇടവകയിൽ വിൽപ്പന നടത്തി പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തുന്നു.

**ദേവഗിരി :** സെപ്റ്റംബർ നാലിന് ഇടവകയിലെ ഓണാഘോഷ പരിപാടികളോടനുബന്ധിച്ചു നടത്തിയ റിഫ്രഷ്മെന്റ് വില്പനയിലൂടെ ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സമാഹരിച്ചു. മാതാവിന്റെ ജനനത്തിരുന്നാളിനോടനുബന്ധിച്ചുള്ള മാതൃവേദി ദിനാഘോഷം 18 ന് ആഘോഷപൂർവം നടത്തി. പതാക ഉയർത്തൽ, മാതൃവേദി ആന്തം, പുതിയ അംഗങ്ങൾ ഉൾപ്പെട്ട സത്യപ്രതിജ്ഞ, കാഴ്ച്ചസമർപ്പണം, ദിവ്യബലി എന്നിവയ്ക്കുശേഷം പെരുവയലിൽ ആകാശപ്പറവകളെ സന്ദർശിച്ച് നിത്യോപയോഗ സാധനങ്ങൾ സമ്മാനിച്ചു. സ്വർലോക രാജ്ഞി സംഗീത മത്സരത്തിൽ യൂണിറ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഒക്ടോബർ 15 ന് യൂണിറ്റിലെ 12 അമ്മമാർ ബഥാനിയായിൽ പോയി അഖണ്ഡ ജപമാല പ്രാർത്ഥനയിൽ സംബന്ധിച്ചു.

## തോട്ടുമുക്കം മേഖല

**തോട്ടുമുക്കം ഇടവക :** പാവപ്പെട്ട ഒരു രോഗിക്ക് 8000 രൂപ നൽകി. സെപ്റ്റംബർ 1 മുതൽ 8 വരെ 25 അമ്മമാർ ഓരോ കൊന്ത ചൊല്ലി. യൂദാശ്ലീഹായുടെ നൊവേനയ്ക്കും അമ്മമാർ നേതൃത്വം നൽകി.

**വാലില്ലാപുഴ :** ജീവകാരുണ്യത്തിനായി 8000 രൂപ നൽകി, കോഴിക്കോട് കരുണാഭവൻ സന്ദർശിക്കുകയും ധനസഹായവും ഭക്ഷണ സാധനങ്ങളും വാങ്ങി നൽകുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഹോം ഓഫ് ലൗവിൽ ഉച്ചഭക്ഷണമായി ബിരിയാണി ഉണ്ടാക്കി കൊടുത്തു.

**ചുണ്ടത്തുംപൊയിൽ :** സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കുടുംബത്തിന് ടോയ്‌ലറ്റ് പണിയുവാൻ ആവശ്യമായ സാധന സാമഗ്രികൾ 17997 രൂപയ്ക്ക് വാങ്ങി നൽകി. മാതാവിന്റെ ജനന തിരുന്നാളിന് പ്രായമായ 7 അമ്മമാർക്ക് വസ്ത്രം നൽകി. യൂണിറ്റ് ഡയറക്ടറിന്റെയും അനിമേറ്ററിന്റെയും നേതൃത്വത്തിൽ അമ്പായത്തോട് യേശുഭവൻ സന്ദർശിക്കുകയും ഒരു നേരത്തെ ഭക്ഷണവും നിത്യോ പയോഗ സാധനങ്ങളും വസ്ത്രങ്ങളും നൽകി. ഓരോ ദിവസവും ഓരോ അമ്മമാർ ലേഖന വായന നടത്തി ഓഡിയോ ക്ലിപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു.

## കരുവാരകുണ്ട് മേഖല

**കരുവാരകുണ്ട് :** ധനസഹായം ആവശ്യമുള്ള ഒരു വിധവയ്ക്ക് മാതൃവേദി അമ്മമാർ ഇരുപത്തയ്യായിരം രൂപ നൽകി. പാവപ്പെട്ട രണ്ടു കുടുംബങ്ങൾക്ക് പതിനായിരം രൂപ നൽകി.

**കാളികാവ് :** മേഖലാതലത്തിലെ അഖണ്ഡ ജപമാലയിൽ അമ്മമാർ പങ്കെടുത്തു. രൂപത തലത്തിൽ നടത്തിയ മരിയൻ ക്വിസ്സിൽ അമ്മമാർ പങ്കെടുക്കുകയും ഇടവകയിൽ നിന്ന് സെലിൻ ജോസഫ് മേഖലാതലത്തിൽ ഒന്നാം സ്ഥാനവും രൂപതാ തലത്തിൽ മൂന്നാം സ്ഥാനവും നേടി.

**കൽക്കുണ്ട് :** കൽക്കുണ്ട് ഇടവകയിലെ സംഘടനയുടെ ഭാരവാഹികൾ ഓഗസ്റ്റ് 11 നു എക്സിക്യൂട്ടീവ് യോഗം കൂടുകയും ഓഗസ്റ്റ് 12 നു ജനറൽ ബോഡി കൂടുകയും ചെയ്തു. അമ്മത്വം എന്ന വിഷയത്തിൽ വികാരി ഫാ. ലിൻസ് മുണ്ടക്കൽ ക്ലാസ്സ് എടുത്തു, കളികൾ നടത്തി. ഓഗസ്റ്റ് 24നു മദ്ധ്യസ്ഥ പ്രാർത്ഥനക്കായി വാട്സ്ആപ്പ് ഗ്രൂപ്പ് തുടങ്ങി.സെപ്റ്റംബർ 18 മുതൽ അമ്മമാരുടെ കൊയർ ഗ്രൂപ്പ് ഉണ്ടാക്കി പരിശീലനം തുടങ്ങി. സെപ്റ്റംബർ 25 നു താമരശ്ശേരി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ കൽക്കുണ്ട് ഇടവകയെ സമ്പൂർണ മാതൃവേദി ആയി പ്രഖ്യാപിച്ചു. 95 അമ്മമാർ അംഗങ്ങൾ ആണ്. ഒക്ടോബർ മാസത്തിൽ അമ്മമാർ 32,250 കൊന്ത ചൊല്ലുകയും 10 പ്രാവശ്യം സമ്പൂർണ ബൈബിൾ വായിക്കുകയും ചെയ്തു. ഇതിനോടൊപ്പം തന്നെ ഭാരവാഹികൾ ഇടവകയിലെ വീടുകൾ സന്ദർശിച്ചു കൊന്ത ചൊല്ലലും ബൈബിൾ വായനയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**വാണിയമ്പലം :** കോവിഡ് കാലത്തു ആരംഭിച്ച ബൈബിൾ റീഡിങ്, ജപമാല ഗ്രൂപ്പുകൾ ഇപ്പോഴും സജീവമായി നിലനിർത്തി പോരുന്നു. എഫ്ഫാത്ത ഗ്രൂപ്പിൽ ചേർന്നു ഇപ്പോൾ സമ്പൂർണ ബൈബിൾ വായിക്കുന്നു. ശരീരം തളർന്നു പോയ ഒരു ഇടവകാംഗത്തിന് സഹായധനം നൽകി.

**അടക്കാക്കുണ്ട് :** ഓഗസ്റ്റ് അഞ്ചാം തീയതി ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിങ്ങിൽ മക്കളെ വിശ്വാസത്തിൽ നടത്തുന്നതിനെക്കുറിച്ച് അച്ചൻ ക്ലാസ് എടുത്തു. സെപ്റ്റംബറിൽ നടന്ന മീറ്റിങ്ങിൽ ജീവിതപങ്കാളിയെദൈവകരങ്ങളിൽ സമർപ്പിക്കാം എന്നതിനെക്കുറിച്ച് വികാരിയച്ചൻ ക്ലാസ്സ് എടുത്തുകരുവാരകുണ്ട് വെച്ച് നടന്ന മേഖലാ മീറ്റിങ്ങിൽ ഭാരവാഹികളും ആനിമേറ്ററും പങ്കെടുത്തു.

**പാതിരിക്കോട്:** മാമ്മോദീസ സ്വീകരിച്ച 3 കുടുംബങ്ങൾ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

## കൂരാച്ചുണ്ട് മേഖല

**കൂരാച്ചുണ്ട്:** കൂരാച്ചുണ്ട് യൂണിറ്റ് അംഗം സെലിൻ പള്ളിവാതുക്കൽ മരിയൻ

കിസ്സിൽ കൂരാച്ചുണ്ട് മേഖലയിൽ രണ്ടാം സ്ഥാനം നേടി. മേഖലയിൽ നവംബർ മാസം 12 നു നടന്ന കലാസാഹിത്യ മത്സരങ്ങളിൽ കൂരാച്ചുണ്ട് മാതൃവേദി അംഗങ്ങൾ മികച്ച പ്രകടനം കാഴ്ച വച്ചു.

**കല്ലാനോട് :** സെപ്റ്റംബർ മാസം ഇടവകയിൽ രോഗീസന്ദർശനം നടത്തി, ഇടവകയിലെ ത്വക്ക് ക്യാൻസർ രോഗിക്ക്, സഹായധനം അമ്മമാർ കൈമാറി. ഏപ്രിൽ മാസം മുതൽ നടത്തി വരുന്ന വചനദീപ്തി എന്ന ബൈബിൾ പഠന പരമ്പര വിജയകരമായി നടന്നു വരുന്നു. ഒക്ടോബർ15ന് നടന്ന മരിയൻ ക്വിസ് മത്സരത്തിൽ കൂരാച്ചുണ്ട് മേഖലയിൽ കല്ലാനോട് മാതൃവേദി പ്രസിഡൻറ് നിമ്മി പൊതിയിട്ടേൽ നിന്ന് ഒന്നാംസ്ഥാനം നേടി. കല്ലാനോട് മാതൃവേദി ഒക്ടോബർ മാസം കൂരാച്ചുണ്ട് വൃദ്ധസദനം സന്ദർശിച്ചു. ഇടവകയിൽ ഒക്ടോബർ ഒന്നിന് വയോജന ദിനം ആചരിച്ചു. വയോജനങ്ങളുടെ മീറ്റിംഗ് വികാരി റവ. ഫാ. ബിജു നിരപ്പേലിന്റെ അധ്യക്ഷതയിൽ ചേർന്നു.

**ചക്കിട്ടപ്പാറ :** സെപ്റ്റംബർ മാസം മാതാവിന്റെ പിറവി തിരുനാൾ ഒരുക്കമായി സെപ്റ്റംബർ 8 ന്, പ്രത്യേക നിയോഗം വെച്ച് അമ്മമാർ 500 രൂപ കാഴ്ച സമർപ്പിച്ചു. ലോഗോസ് ബൈബിൾ ക്വിസ്സിൽഎല്ലാവരും പങ്കെടുത്തു. വെഞ്ചിരിച്ച് നൽകിയ കൊന്ത ഓരോ അമ്മമാരും കൈമാറി സ്വന്തം വീടുകളിൽ നിന്നും പ്രാർത്ഥിച്ച് നല്കി വരുന്നു.

## കോടഞ്ചേരി മേഖല

**കണ്ണോത്ത് :** എല്ലാമാസവും 8 തീയ്യതി ഇടവകയിൽ പ. അമ്മയുടെ ദിനമായി ആചരിക്കുന്നു. മാതൃവേദി അംഗങ്ങൾ നേർച്ച ഭക്ഷണം തയ്യാറാക്കാൻ സഹായിക്കുന്നു. എല്ലാമാസവും കൃത്യമായി മാതൃവേദി മീറ്റിംഗ് കൂടുന്നു. ചികിത്സാ സഹായമായി 5,000/രൂപ നൽകി.

**കോടഞ്ചേരി :** എട്ടു നോമ്പിൽ, അമ്മയെ കുറിച്ചുള്ള കവിതകൾ എഴുതി. നവംബർ 3 ന് മാതൃദിനമായി ആചരിച്ചു. മാതൃദിനം ആചരിക്കുന്നതിന്റെ ഭാഗമായി മത്സരങ്ങൾ സംഘടിപ്പിച്ചു. അമ്മമാർ സ്പോൺസർ ചെയ്ത് സ്നേഹവിരുന്നൊരുക്കി. മാതൃദിനാഘോഷ മത്സരങ്ങൾക്ക് ബഹുമാനപ്പെട്ട വൈദികർ, ആനിമേറ്റർ എന്നിവർ നേതൃത്വം നൽകി.

**കുപ്പായക്കോട് :** ജപമാല മാസത്തില് അമ്മമാർക്കായി സെമിനാർ നടത്തി . സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 5 കുട്ടികൾക്കു പഠനോപകരണങ്ങൾ വാങ്ങിനൽകി.

**ഈരൂട് :** സെപ്റ്റംബർ 8 ന് നടത്തിയ അമ്മമാരുടെ സ്തോത്ര കാഴ്ചയിൽ 6150 രൂപ ലഭിച്ചു. ഇത് പള്ളിയിൽ സഹായ നിധിയിലേക്ക് നൽകി. ഒക്ടോബർ തുടക്കത്തിൽ തന്നെ അമ്മമാർ കുമ്പസാരിച്ചൊരുങ്ങി ദിവ്യബലിയും ജപമാലയിലും പങ്കെടുത്തു.

**ചെമ്പുകടവ് :** 2022 ഓഗസ്റ്റ്- രോഗി സഹായമായി 7000 രൂപയും, ഭവന നിർമ്മാണത്തിനായി 40000 രൂപയും കൊടുത്തു. ഡയറക്ടർ അച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ കരുണ ഭവൻ, SH പ്രോവിൻഷ്യൽ ഹൗസ്സ് ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോം, ബിച്ച്, സനാതന സെമിനാരി സന്ദർശിച്ചു. കരുണ ഭവനിൽ അരി, തേങ്ങ, ക്ലീനിങ് സാധനങ്ങൾ എന്നിവയും 8000 രൂപയും കൊടുത്തു. അവരോടൊപ്പം ഉച്ചഭക്ഷണം കഴിച്ചു. പ്രീസ്റ്റ് ഹോമിലും സനാതന സെമിനാരിയിലും സ്നേഹോപകാരങ്ങൾ നൽകി.

## തിരുവമ്പാടി മേഖല

ഓഗസ്റ്റ് ഇരുപത്തിയൊന്നാം തീയതി മറിയം ഭാരത രാജ്ഞി എന്ന വിഷയത്തെ ആസ്പദമാക്കി യൂണിറ്റിൽ പ്രസംഗം മത്സരം നടത്തി. തിരുവോണദിവസം ഓണസദ്യ നടത്തുകയും ഓണസദ്യയ്ക്ക് ആവശ്യമായ കറികൾ അമ്മമാർ വീട്ടിൽ നിന്ന് ഉണ്ടാക്കി കൊണ്ടുവരികയും ഇടവക ജനത്തിന് നൽകുകയും ചെയ്തു. തിരുവോണദിവസം ഓണപ്പാട്ടുകളുടെ ഓണസന്ധ്യ സംഘടിപ്പിച്ചു. സെപ്റ്റംബർ പതിനാലാം തീയതി സി. ലെറ്റിൻ, സി. ലിസി എന്നിവർ മാതൃവേദി അമ്മമാരെ ജപമാല ഉണ്ടാക്കാൻ പഠിപ്പിക്കുകയും 118 ജപമാല മിഷനുവേണ്ടി മാതൃവേദി അമ്മമാർ കെട്ടിക്കൊടുക്കുകയും ചെയ്തു. ഒക്ടോബർ മാസത്തെ ജപമാല സമാപന ദിവസത്തിൽ കർഷകരുടെ പ്രശ്നങ്ങൾക്ക് വേണ്ടി ഉള്ള പ്രതിഷേധവും പ്രാർത്ഥനയും നടത്തിക്കൊണ്ട് വേനപ്പാറ മാതൃവേദി അമ്മമാർ തേങ്ങ കൊണ്ട് ഒരു ജപമാല ഉണ്ടാക്കി ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ അതും വഹിച്ചുകൊണ്ട് ഭക്തിപൂർവ്വം പങ്കെടുത്തു. ജപമാല സമാപന ദിവസം സന്തോഷത്തിന്റെ 5 രഹസ്യങ്ങളുടെയും നിശ്ചല ദൃശ്യം മാതൃവേദി അമ്മമാരും കുടുംബാംഗങ്ങളും പള്ളിയങ്കണത്തിൽ അവതരിപ്പിച്ചു. ഒക്ടോബർ 24-ാം തീയതി ഡയറക്ടർ അച്ചൻറെ നേതൃത്വത്തിൽ മാതൃവേദി അമ്മമാരും ഇടവകാ ജനവും വേനപ്പാറ പള്ളിയിൽ നിന്നും ബഥാനിയിലേക്ക് കാൽനടയായി ജപമാല റാലി നടത്തി. എല്ലാ മാസവും രണ്ടാം ശനിയാഴ്ച 101 നന്മ നിറഞ്ഞ മറിയം ചൊല്ലി കാഴ്ചവയ്ക്കുന്നു. കെസിവൈ എം ന് നൽകുന്നതിനുവേണ്ടി രൂപത ഡയറക്ടർ അച്ചന്റെ ആവശ്യപ്രകാരം മാതൃവേദി അമ്മമാർ 100 ജപമാല കെട്ടി കൊടുത്തു.

**പുല്ലൂരാംപാറ :** തിരുവമ്പാടി മേഖല ഓണപാട്ട് മത്സരത്തിൽ പുല്ലൂരാംപാറ മാതൃവേദി രണ്ടാം സ്ഥാനത്തിനർഹരായി. ഞായറാഴ്ചകളിൽ വി. കുർബാനക്ക് ശേഷം മാതൃ വേദിയുടെ ഫണ്ട് ശേഖരണാർത്ഥം ഭക്ഷണം പാർസലായി വിതരണം ചെയ്തു. പുതുതായി ചേർന്ന 8 അമ്മമാർക്ക് മാതൃവേദിയിൽ അംഗത്വം നൽകി.

**മുക്കം :** സെപ്റ്റംബർ 8 മാതാവിന്റെ ജനനത്തിരുന്നാളിന് മാതൃവേദി വാർഷികാഘോഷം Fiesta Marina നടത്തുകയുണ്ടായി. ഇടവകയിലെ മുഴുവൻ ജനങ്ങളും കാണികളായി അമ്മമാർ മികച്ച കലാപരിപാടികൾ അവതരിപ്പിച്ചു.

മുക്കം മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വിശുദ്ധ ദേവസഹായ പിള്ളയുടെ തീർത്ഥാടന കേന്ദ്രത്തിലേക്ക് തീർത്ഥയാത്ര നടത്തി. ഒക്ടോബർ 23,24 തിയതികളിലായിരുന്നു യാത്ര. അച്ചനും ആനിമേറ്റർ സിസ്റ്ററുമടക്കം 26 പേർ തീർഥയാത്രയിൽ പങ്കെടുത്തു.

**കൂടരഞ്ഞി :** രോഗികളെ സന്ദർശിച്ചു സഹായിക്കുന്നു. കരുണാഭവന് സഹായം നൽകി. സെപ്റ്റംബർ എട്ടുനോമ്പിൽ ജപമാലചൊല്ലിയും കരുണയുടെ ആരാധനയിൽ പങ്കെടുത്തും വചനം വായിച്ചും നോമ്പെടുത്തും കാഴ്ച സമർപ്പണം നടത്തിയും ആചരിച്ചു.

**പൂവാറൻതോട് :** പുതിയ പള്ളി പണി തുടങ്ങുന്നതിനുള്ള പൊതുപണിയിൽ അമ്മമാർ അത്മാർത്ഥമായി സഹകരിച്ചു. പണിക്കാർക്ക് ഭക്ഷണം ഉണ്ടാക്കുന്നത് അമ്മമാരുടെ നേതൃത്വത്തിലാണ്. പള്ളിപണിയുടെ വിജയത്തിനായുള്ള പ്രാർത്ഥനക്കൂട്ടായ്മയിലും അമ്മമാർ പങ്കെടുത്തു.

**മഞ്ഞക്കടവ് :** എല്ലാ മാസവും രണ്ടാം ശനിയാഴ്ച മീറ്റിംഗ് നടത്തുകയും ഞായറാഴ്ച വിശുദ്ധ കുർബാനയിൽ കാഴ്ചവെപ്പും ബൈബിൾ വായനയും നടത്തുന്നു. ഒക്ടോബർ മാസത്തിൽ 10 ദിവസം കൊന്തയ്ക്ക് വാർഡ് തലത്തിൽ അമ്മമാർ നേതൃത്വം നൽകി പത്താം ദിവസം നേർച്ച ഭക്ഷണം നൽകുന്നതിനും കൊന്ത റാലിയിലും സജീവമായി പങ്കെടുത്തു. ബഥാനിയായിൽ അഖണ്ഡ ജപമാലയിൽ അമ്മമാർ പങ്കെടുത്തു. നവംബർ മാസം ശുദ്ധീകരണാത്മാക്കൾക്കായി കൊന്ത ചൊല്ലുന്നു.

**തിരുവമ്പാടി :** മാതൃവേദിയുടെ ഓണാഘോഷവും ജനറൽബോഡി മീറ്റിംഗും ഒരുമിച്ച് സെപ്റ്റംബർ 10ന് ആഘോഷിച്ചു. അംഗങ്ങൾക്ക് വേണ്ടി വടംവലി മത്സരമടക്കം വിവിധ മത്സര പരിപാടികളും ഓണസദ്യയും ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട അച്ചന്മാരുടെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ ആയിരുന്നു പരിപാടികൾ. വിജയികൾക്ക് സമ്മാനദാനവും നടത്തി. സെപ്റ്റംബർ 21ന് മേഖലാതലത്തിൽ നടത്തിയ ഓണപ്പാട്ട് മത്സരത്തിൽ മൂന്നാം സ്ഥാനം നേടി. രൂപതാ മാതൃവേദിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി തിരുവമ്പാടി യൂണിറ്റിൽ നിന്ന് 1000 രൂപ സംഭാവന നൽകി. സ്പോർട്സിൽ സ്റ്റേറ്റ് ലെവലിൽ സമ്മാനം നേടിയ മാതൃവേദി അംഗത്തിന്റെ മകൾക്ക് സമ്മാനം നൽകി ആദരിച്ചു. ലോഗോസ് ക്വിസ്സിൽ E ഗ്രൂപ്പിൽ രൂപതയിൽ ഒന്നാം സ്ഥാനവും ഇടവകയിലെ ഒന്നും രണ്ടും സ്ഥാനവും നേടിയത് യഥാക്രമം മാതൃവേദി അംഗങ്ങളായ ലിസിയും വത്സമ്മയുമാണ്. ഒക്ടോബർ 21 ന് രൂപത ഭാരവാഹികളുടെ മേഖലാ സന്ദർശനത്തിന് വേദിയൊരുക്കുകയും ആതിഥേയത്വം വഹിക്കുകയും ചെയ്തു. 40 പേർ പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുത്തു. എല്ലാവർക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകി. അമ്മ കുടുംബത്തിന്റെ വിളക്ക് എന്ന ആപ്തവാക്യം ലക്ഷ്യം വെച്ചുകൊണ്ട് ആധ്യാത്മികമായി കൂടുതൽ വളരുന്നതിന്

എല്ലാ മാസവും രണ്ടാമത്തെ വെള്ളിയാഴ്ച എല്ലാ അംഗങ്ങളും ചേർന്ന് ഓൺലൈൻ ആയി 4 മണിക്കൂർ നീളുന്ന മുഴുവൻ ജപമാല ചൊല്ലുവാൻ ആരംഭിച്ചു. നവംബർ മാസത്തിലേത് വിജയകരമായി കഴിഞ്ഞു.

അമ്മ ജീവന്റെ സംരക്ഷക എന്ന ആപ്തവാക്യം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ക്രൈസ്തവ കുടുംബങ്ങളിലെ ജീവന്റെ സമൃദ്ധി പ്രോത്സാഹിപ്പിക്കുന്നതിന് 4 മക്കളുള്ള ഒരു പാവപ്പെട്ട കുടുംബത്തിന് ഈ നവംബർ മാസം മുതൽ 1500 രൂപയുടെ ഭക്ഷണ കിറ്റ് ഒരു വർഷത്തേക്ക് നൽകുവാൻ തീരുമാനിച്ചു.

**കല്ലുരുട്ടി :** പുതിയ അംഗങ്ങൾക്ക് മാതൃവേദിയിൽ അംഗത്വം നൽകുകയും പഴയ അമ്മമാർ അംഗത്വം നവീകരിക്കുകയും ചെയ്തു. അമ്മമാരുടെ സാമ്പത്തിക ഉന്നമനത്തിനായി കുറി ആരംഭിച്ചു.

## മലപ്പുറം മേഖല

**മഞ്ചേരി :** സെപ്റ്റംബർ 8 മാതാവിന്റെ പിറവിത്തിരുന്നാൾ നോമ്പുനോറ്റ് പങ്കാളികളായി. ഏശയ്യാ 43/5 'ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്' എന്ന വാക്യം 1000 തവണ എഴുതി നിയോഗങ്ങളോടു കൂടി സമർപ്പിച്ചു. 25000 രൂപ സ്ത്രോത്രക്കാഴച പള്ളിക്ക് സംഭാവന ചെയ്തു. മിഷൻസൺഡേയിൽ പല പ്രവർത്തനങ്ങൾ വഴി 65000/ രൂപ സമാഹരിച്ചു. ഗ്രോട്ടോ നിർമ്മാണം, ജപമാല നിർമ്മാണം എന്നിവ നടത്തി. ബഥാനിയായിലെ അഖണ്ഡജപമാലയിൽ പങ്കെടുത്തു. അമ്മമാരുടെ ഗ്രൂപ്പിൽ ഓൺലൈനായി ഒരു മാസം അഖണ്ഡജപമാലയും, ഒരു രാത്രി പള്ളിയിൽ തന്നെ അഖണ്ഡപമാലയും നടത്തി.

## പെരിന്തൽമണ്ണ മേഖല

**പെരിന്തൽമണ്ണ :** ഓഗസ്റ്റ് 28 ഞായറാഴ്ച കുർബാനയ്ക്കുശേഷം മാതൃവേദിയുടെ നേതൃത്വത്തിൽ EWS സർട്ടിഫിക്കറ്റ് പ്രാധാന്യം, ന്യൂനപക്ഷ അവകാശങ്ങൾ, വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നെക്കുറിച്ച് മനസ്സിലാക്കാൻ 'വിജ്ഞാന സദസ്സ്' എന്ന പേരിൽ സെമിനാർ സംഘടിപ്പിച്ചു. ബാങ്കോങ്കിൽ വച്ച് നടന്ന AKKC GLOBAL സമ്മേളനത്തിലും ആഗോള നസ്രാണി പൊതുയോഗത്തിലും പെരിന്തൽമണ്ണ യൂണിറ്റിലെ സജീവ മാതൃവേദി പ്രവർത്തകയും മുൻ മാതൃവേദി ഗ്ലോബൽ സെക്രട്ടറിയുമായ ട്രീസാ സെബാസ്റ്റ്യൻ പങ്കെടുക്കുകയും പ്രബന്ധാവതരണം നടത്തുകയും ചെയ്തു.

**താഴെക്കോട് :** മാതൃവേദിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ മാതൃവേദി ഗ്രൂപ്പിൽ യൂണിറ്റ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി. എല്ലാമാസവും രണ്ടാമത്തെ കുർബാനയ്ക്കുശേഷം മാതൃവേദിയുടെ മീറ്റിംഗ് വെക്കുവാനും ഫണ്ട് ശേഖരാർത്ഥം എല്ലാ മാസവും ആദ്യത്തെയും, രണ്ടാമത്തെയും കുർബാനയ്ക്ക് അമ്മമാരുടെ കാഴ്ച സമർപ്പണം നടത്താനും തീരുമാനിച്ചു.

**മാലാപറമ്പ് :** സ്വാതന്ത്ര്യദിനം, മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ എന്നിവ അനുബന്ധിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ യൂട്യൂബ് ചാനലിൽ പ്രസംഗം, പോസ്റ്റർ മേക്കിങ് എന്നിവ പോസ്റ്റ് ചെയ്തു. മിഷൻ ലീഗിന്റെ അഭിമുഖ്യത്തിൽ നടന്ന കലാസാഹിത്യ മത്സരത്തിൽ അമ്മമാർ പങ്കെടുക്കുകയും ഉപന്യാസ മത്സരത്തിൽ ബിന്ദു ഇളവുങ്കലിന് മേഖലാതലത്തിലും, രൂപതാ തലത്തിലും ഒന്നാം സ്ഥാനം ലഭിച്ചു.

## താമരശ്ശേരി മേഖല

**താമരശ്ശേരി :** ഓഗസ്റ്റ് മാസത്തിൽ അഖണ്ഡ ജപമാലയിൽ പങ്കെടുത്തു . സെപ്റ്റംബർ മാസത്തിലെ എട്ടു നോമ്പിനു ഒരുക്കമായി അമ്മമാർ നോമ്പ് എടുക്കുകയും ജപമാലയിലും കുർബാനയിലും നേതൃത്വം നൽകി. രൂപത തലത്തിൽ നടത്തിയ മരിയൻ ക്വിസ് മത്സരത്തിൽ ഇടവകയിലെ ജൂബി സെബാസ്റ്റ്യൻ ഫസ്റ്റ് പ്രൈസ് നേടി.

**പുതുപ്പാടി :** അഖണ്ഡ ജപമാലയിൽ പങ്കെടുക്കുന്നതിനു ഒരുക്കമായി അമ്മമാർ അഞ്ചു പേര് അടങ്ങുന്ന ഗ്രൂപ്പ് ആയിട്ടു എല്ലാ ആഴ്ചയിലും പോയി. ഇടവകയിലെ കിടപ്പു രോഗികളെ സന്ദർശിക്കുകയും അവർക്കു ചെറിയ സമ്മാനങ്ങൾ നൽകുകയും ചെയ്തു. നവംബർ മാസത്തിൽ സെമിത്തേരി അലങ്കരിച്ചു എല്ലാ ദിവസവും സെമിത്തേരിയിൽ മെഴുകുതിരി കത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**കൂടത്തായി :** സെപ്റ്റംബർ 24-ാം തീയതി ഇടവക സുവർണ ജൂബിലിക്കു വേണ്ടി കൊടിമരം നാട്ടുകയും അമ്മമാർ ഭക്തി പൂർവ്വം പങ്കെടുക്കുകയും ചെയ്തു കെ സി വൈ എം നടത്തിയ 'തിയൊഫിയ' എന്ന പരിപാടിയിൽ കുക്കറി ഷോ നടത്തി.

**തലയാട്:** നവംബർ മാസത്തിൽ സ്ത്രീകളിൽ കൂടുതലായി കണ്ടുവരുന്ന രോഗങ്ങളും പരിഹാരവും എന്ന വിഷയത്തെ കുറിച്ച് താമരശ്ശേരി താലൂക് ഹോസ്പിറ്റലിലെ ഹെഡ് നേഴ്സ് അമ്മമാർക്ക് ക്ലാസ്സ് നൽകി.

**ചമൽ :** ഓഗസ്റ്റ് 31-ാം തീയതി പരിശുദ്ധ മാതാവിനെ കുറിച്ച് ഒരു സെമിനാർ ഇടവകയിലെ അമ്മമാർക്ക് വേണ്ടി നടത്തി. 17-ാം തീയതി ഇടവകയിൽ വെച്ചു മേഖല ഓണം ആഘോഷം നടത്തുകയും എല്ലാ ഇടവകയിൽ നിന്നും അമ്മമാർ പങ്കെടുക്കുകയും ചെയ്തു. മത്സരത്തിൽ സമ്മാനം നേടിയവർക്ക് ചമൽ സ്കൂളിലെ ഹെഡ് മിസ്ട്രെസ് സമ്മാന ദാനം നിർവഹിച്ചു.

**കാക്കവയൽ :** സെപ്റ്റംബർ മാസത്തിൽ എട്ടു നോമ്പിനു അമ്മമാർ സജീവമായി പങ്കെടുത്തു. ഒക്ടോബർ മാസം നടത്തിയ മരിയൻ ക്വിസ് മത്സരത്തിൽ ഇടവകയിലെ മോളി തടത്തിൽ മേഖല തലത്തിൽ സെക്കന്റ് പ്രൈസ് നേടി.

## മരുതോങ്കര മേഖല

**മരുതോങ്കര മേഖല റിപ്പോർട്ട്:** മാതാവിന്റെ 8 നോമ്പിന് എല്ലാ യൂണിറ്റിലും അമ്മമാർ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മേഖലാതല മത്സരങ്ങൾ നടത്തു

കയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഓണാഘോഷത്തോടനുബന്ധിച്ച് 12 ഇനം മത്സരങ്ങൾ നടത്തുകയും എല്ലാ യൂണിറ്റുകളിൽ നിന്നുമായി നൂറോളം അമ്മമാർ പങ്കെടുക്കുകയും ചെയ്തു. അന്ന് തന്നെ സമ്മാനങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റ് തലത്തിൽ കിടപ്പുരോഗികളുടെ വീടുകൾ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് ഓണ കിറ്റുകൾ നൽകുകയുണ്ടായി. നവംബർ മാസത്തെ മേഖലാ യോഗം പശുക്കടവ് ഇടവകയിൽ വെച്ച് നടന്നു.

**ഫാ. ജോസഫ് അന്തീനാട്ട്**
ഡയറക്ടർ, മാതൃവേദി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ആത്മീയ ഉണർവ് ലഭിക്കണമെന്ന ആഗ്രഹത്തോടെ രൂപതയിലെ മുഴുവൻ സംഘടനാ അംഗങ്ങൾക്കുവേണ്ടി രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ധ്യാനം സംഘടിപ്പിച്ചു. കുളത്തുവയൽ സെന്റ് ജോർജ് പള്ളിയിലും, ബഥാനിയ ധ്യാന കേന്ദ്രത്തിലും, പെരിന്തൽമണ്ണ സെന്റ് അൽഫോൻസാ പള്ളിയിലും കോഴിക്കോട് പി.എം.ഒ.സി യിലും വച്ചാണ് നടത്താൻ തീരുമാനിച്ചത്.

പുതുപ്പാടി ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ബിജു കൂനൻ അച്ചനാണ് ധ്യാനത്തിനു നേതൃത്വം നൽകുന്നത്. സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയിലെ മുഴുവൻ അംഗങ്ങളും ധ്യാനിക്കണം എന്നതിനാലാണ് നാല് സ്ഥലങ്ങളിലായി ധ്യാനം ക്രമീകരിച്ചത്. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. തോമസ് നാഗപറമ്പിലച്ചാണ് മൂന്നു സ്ഥലങ്ങളിലും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി ധ്യാനം ആരംഭിച്ചത്.

നവംബർ മാസം ചേർന്ന സെൻട്രൽ കൗൺസിൽ, ധ്യാനം നടന്ന സ്ഥലങ്ങളിലെ ധ്യാനനുഭവം പങ്കുവച്ചിരുന്നു. ഓരോ വിൻസെൻഷ്യൻ അംഗങ്ങളും അറിഞ്ഞിരിക്കേണ്ട ആത്മീയ നിർദ്ദേശങ്ങളും ഉപദേശഹ്ങളും വചനത്തിന്റെ അടിസ്ഥാനത്തിൽ ധ്യാനഗുരു അച്ചൻ വിശദീകരിച്ചത് നല്ല അനുഭവമായിരുന്നുവെന്ന് പങ്കെടുത്തവർ പങ്കുവച്ചു.

ഡിസംബർ 3,4 ദിവസങ്ങളിൽ പിഎംഒസി യിൽ വച്ച് നടക്കുന്ന ധ്യാനം പെരിയ ബഹു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്യും.

കൂടരഞ്ഞി ഏരിയാ കൗൺസിലിലെ മുഴുവൻ കോൺഫ്രൻസുകളും സിസി പ്രസിഡന്റും, കൂടരഞ്ഞി എസി പ്രസിഡന്റും സന്ദർശിച്ച് വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ വിലയിരുത്തി.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കെ.സി.വൈ.എം. എസ്.എം.വൈ.എം

## യുവ 2022 – ഓവറോൾ കിരീടം തിരുവമ്പാടി മേഖലക്ക്

യുവ 2022 രൂപത കലോത്സവത്തിന്റെ രചന മത്സരങ്ങളുടെയും കലാ മത്സരങ്ങളിൽ വ്യക്തിഗത ഗ്രൂപ്പ് ഇനങ്ങളുടെയും ഓവർഓൾ പോയിന്റ് അടിസ്ഥാനത്തിൽ തിരുവമ്പാടി മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൂരാച്ചുണ്ട്, കോടഞ്ചേരി മേഖലകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിജയികൾക്കും പിന്നിൽ അധ്വാനിച്ചവർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങളും നന്ദിയും.

## ജപമാല മാസ ആചരണം

1. അമ്മയോടൊപ്പം : ഒക്ടോബർ 2 ന് കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ‘അമ്മയോടൊപ്പം’ എന്ന പേരിൽ യുവജനങ്ങൾ ഒരുമിച്ച് ജപമാല അർപ്പിച്ച് പ്രാർത്ഥിച്ചു. കൂരാച്ചുണ്ട് മേഖല നേതൃത്വം നൽകി.

2. ഒക്ടോബർ 23 ന് ജപമാലസന്ധ്യ എന്ന പേരിൽ പരിശുദ്ധ അമ്മയുടെ ജപമാല മാസത്തിൽ ഇടവക ദേവാലയങ്ങളിൽ യുവജനങ്ങൾ ഒന്നുചേർന്നു ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

3. അഖണ്ഡ ജപമാല പങ്കാളിത്തം : ഒക്ടോബർ 22ന് പുല്ലുരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ അഖണ്ഡ ജപമാലയിൽ പങ്കാളികളായി. ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ വിശുദ്ധ ബലിയർപ്പിച്ച് യുവജനങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ, സംസ്ഥാന സെനറ്റ് അംഗം അലീന മാത്യു, സിമി ആന്റണി എന്നിവർ നേതൃത്വം നൽകി.

## യുവധർമ്മ മെഡിക്കൽ ക്യാമ്പുകൾ

മുക്കം സെന്റ് ജോസഫ്സ് ഹോസ്പിറ്റലുമായി ചേർന്ന് നടത്തപ്പെടുന്ന യുവധർമ്മ: മെഡിക്കൽ ക്യാമ്പ് ഒക്ടോബർ 4 ന് പുഷ്പഗിരി ഇടവകയിൽ വെച്ച് നടത്തപ്പെട്ടു. ഇടവക വികാരി ഫാ. ഫ്രാൻസിസ് വെള്ളംമാക്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഒക്ടോബർ 8 ന് മുത്തപ്പൻപുഴ സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂളിലും നവംബർ 12 ന് കൂരോട്ടുപാറ സെന്റ് മേരീസ് പള്ളിയുടെ നേതൃത്വത്തിലും മെഡിക്കൽ ക്യാമ്പുകൾ നടന്നു. മൂന്നു ക്യാമ്പിനുമായി ഏകദേശം 400 ഓളം പേർ പങ്കെടുത്തു. സൗജന്യ പരിശോധനകൾക്കും മരുന്നുകൾക്ക് പുറമെ കോവിഡ് കിറ്റും ഇത്തവണ നൽകി. നേതൃത്വം നൽകിയ വൈദികർക്കും യൂണിറ്റ് മേഖല ഭാരവാഹികൾക്കും നന്ദി.

## കെ.സി.വൈ.എം. സംസ്ഥാന കലോത്സവം ഉത്സവ് 2022

ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ ഒക്ടോബർ 2,4,5 തിയ്യതികളിൽ

കട്ടപ്പന വെള്ളയാംകുടിയിൽ വച്ച് നടന്ന ഉത്സവ് 2002 സംസ്ഥാന കലോത്സവത്തിൽ, 32 രൂപതകൾ തമ്മിലുള്ള പോരാട്ടത്തിൽ താമരശ്ശേരി രൂപത നാലാം സ്ഥാനം കരസ്ഥമാക്കി. എൺപതോളം പേർ രൂപതയെ പ്രതിനിധീകരിച്ച് രണ്ടു ദിനങ്ങളിലായി മത്സരങ്ങളിൽ പങ്കെടുത്തു. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ

**വിജയികൾ**

ഡിജിറ്റൽ പോസ്റ്റർ 2nd - ജോയൽ മാത്യു ഈട്ടിക്കൽ, തോട്ടുമുക്കം

നാടോടിനൃത്തം (പെൺ) 1st - അക്സ സാബു അറക്കൽ, കൂരാച്ചുണ്ട്

നാടോടിനൃത്തം (ആൺ) 1st - ഷെറിൻ ജോർജ്, പാലയ്ക്കാതകിടിൽ കുണ്ടുതോട്

സ്പോട്ട് കൊറിയോ (പെൺ) 1st - അക്സ സാബു അറക്കൽ, കൂരാച്ചുണ്ട്

ലളിതഗാനം (ആൺ) 2nd - ആൽബിൻ ടി. രാജു തൈവേലികക്കത്ത്, മരുതോങ്കര

മിമിക്രി (പെൺ) 2nd - മിൽന മാത്യു കുറുമുട്ടത്ത് കൂരാച്ചുണ്ട്

മിമിക്രി (ആൺ) 3rd - കോളിൻ ബിനോയ് കളപുരക്കൽ മഞ്ഞക്കടവ്

ഫോട്ടോഗ്രാഫി (പെൺ) 3rd - സോന സാന്റി നമ്പേലിൽ തോട്ടുമുക്കം

**നാടൻപാട്ട് 2nd**

ആനന്ദ് ജോബി പറമ്പേൽ, പുല്ലൂരാംപാറ
അലീഷ ജോബി പറമ്പേൽ, പുല്ലൂരാംപാറ
അമല ചാക്കോ ഉറുമ്പിൽ, കോടഞ്ചേരി
ഡലോണിയ ജോസഫ് മ്ലാവുകണ്ടത്തിൽ, മഞ്ഞക്കടവ്
അമൽ സെബാസ്റ്റ്യൻ പൈക്കാട്ട്, മഞ്ഞക്കടവ്
സോന ജോൺസൺ കൊഴുവനാൽ, മഞ്ഞക്കടവ്
സാന്ദ്ര ജോൺസൺ കൊഴുവനാൽ, മഞ്ഞക്കടവ്

**ഗാനമേള 2nd**

ബെൻ തയ്യിൽ, പറോപ്പടി
അതുല്യ ജോസഫ് കാരക്കാട്ട്, പുല്ലൂരാംപാറ
ആൽബിൻ ടി. രാജു തൈവേലികക്കത്ത്, മരുതോംകര
അമേയ ബെന്നി പെരികിളത്തിൽ, പുല്ലൂരാംപാറ
ആനന്ദ് ജോബി പറമ്പേൽ, പുല്ലൂരാംപാറ
അലീഷ ജോബി പറമ്പേൽ, പുല്ലൂരാംപാറ
ജിൻസ് ഷാജി ഉറുമ്പിൽ, പുല്ലൂരാംപാറ
നിസ്തുൽ ജോസ് പുലയമ്പറമ്പിൽ, കോടഞ്ചേരി

## ചവിട്ടുനാടകം 3rd

ട്രീസ മേരി ജോസഫ് പുൽത്തകിടിയിൽ, പുല്ലൂരാംപാറ
അജയ് ചാർളി പെറിയപ്പുറത്ത്, പുല്ലൂരാംപാറ
അക്ഷയ് സ്റ്റാൻലി, പ്ലാംപറമ്പിൽ
റിച്ചാർഡ് ജോസഫ് ഉറുമ്പിൽ, പുല്ലൂരാംപാറ
ആഗ്നസ് ഷിജു ചെമ്പനാനിക്കൽ, പുല്ലൂരാംപാറ
ഗ്രെയ്സിൻ റോസ ചക്കുംമൂട്ടിൽ, പുല്ലൂരാംപാറ
ദിയ മരിയ ജിജി ചക്കുങ്കൽ, പുല്ലൂരാംപാറ
ഹെബ്സിബ ബെന്നി കുളമലയിൽ, പുല്ലൂരാംപാറ
പ്രിയങ്ക ബെന്നി കുളമലയിൽ പുല്ലൂരാംപാറ
ഡെൽന വിൽസൺ പുതുപ്പറമ്പിൽ പുല്ലൂരാംപാറ

## പൊതിച്ചോറ് വിതരണം

ഒക്ടോബർ 9 ന് തോട്ടുമുക്കം,തിരുവമ്പാടി,താമരശ്ശേരി മേഖലകളുടെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ പൊതിച്ചോറ് വിതരണം നടത്തപ്പെട്ടു. രൂപത എക്സിക്യൂട്ടീവ് ആനന്ദ് കുഴുമ്യാലിൽ, തോട്ടുമുക്കം മേഖല പ്രസിഡന്റ് അലൻ മാലശ്ശേരിൽ, തിരുവമ്പാടി മേഖല പ്രസിഡന്റ് എഡ്വിൻ ചക്കുന്നുംപുറത്ത്, താമരശ്ശേരി മേഖല സെക്രട്ടറി അരുൺ, അഖിൽ പൂതക്കുഴിയിൽ, ആൽബിൻ കോട്ടക്കൽ എന്നിവർ നേതൃത്വം നൽകി.

## ഭാരവാഹി സംഗമം

ഒക്ടോബർ 16ന് മേഖല പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും നേതാക്കന്മാരുടെയും സംഗമം രൂപതാ ആസ്ഥാനത്ത് നടത്തപ്പെട്ടു. ഒരുവർഷം മേഖല ഭാരവാഹികൾ എന്ന നിലയിൽ നൽകിയ സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി അർപ്പിക്കാനും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആയാണ് സംഗമം സംഘടിപ്പിച്ചത്.

## സീറോ മലബാർ യുവജന സംഗമം

ഒക്ടോബർ 23ന് Caminemo പൊലായിൽ വെച്ച് നടന്ന സീറോ മലബാർ യൂത്ത് മൂവ്മെന്റ് സംസ്ഥാനതല യുവജന ദിനാഘോഷത്തിൽ രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, വൈസ് പ്രസിഡന്റ് അഖില തോമസ്, സെക്രട്ടറി ആഷ്‌ലി തെരേസ മാത്യു, എക്സിക്യൂട്ടീവ് അംഗങ്ങളായ അലീന സോജൻ, ഡിയ തോമസ് എന്നിവർ പങ്കെടുത്തു

## വളണ്ടിയേഴ്സ് മീറ്റും കേശദാനവും

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ 3 വർഷക്കാലമായി വിജയകരമായി നടത്തി വരുന്ന കേശദാന യ

ജ്ഞത്തിന്റെ മൂന്നാം പതിപ്പ് Hair Handout 3.0 നവംബർ 5 ന് നടത്തി. മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്റർ സെന്ററിൽ വച്ച് നടന്ന ചടങ്ങ് താമരശ്ശേരി രൂപത വികാരി ജനറൽ മോൺ ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു.

ക്യാൻസർ രോഗികൾക്കായി വിഗ്ഗ് നിർമിച്ച് നൽകുന്നതിനായുള്ള കേശം ദാനം ചെയ്യാനായി നിരവധി യുവതിയുവാക്കളാണ് എത്തിച്ചേർന്നത്. 84 പേരുടെ മുടി ഇതുവരെ ശേഖരിച്ചിട്ടുണ്ട്. ദാനം ചെയ്യാൻ സന്നദ്ധരാണെങ്കിൽ എത്രയും വേഗം അറിയിക്കുമല്ലോ.

**മറ്റു പ്രവർത്തനങ്ങൾ, നിലപാടുകൾ**

1. ഒക്ടോബർ 18ന് എൻഡോസൾഫാൻ ദുരിതബാധിതർക്കായി ധർമയുദ്ധം നയിക്കുന്ന ദയാഭായിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.
2. ഒക്ടോബർ 22 ന് എസ്.എം.വൈ.എം പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ പോൾ II ന്റെ തിരുനാൾ മംഗളങ്ങൾ നേർന്നു.
3. ഒക്ടോബർ 29 ന് 2022 നവംബർ മാസത്തെ കെ.ടെറ്റ് പരീക്ഷകൾ ഞായറാഴ്ച്ചകളിലും നടത്താനുള്ള നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയ്ക്ക് നിവേദനം സമർപ്പിച്ചു.
4. തിരുവനന്തപുരം ലത്തീൻ അതിരൂപത വിഴിഞ്ഞത്ത് നടത്തുന്ന ജനകീയ സമരത്തിനെതിരെയുള്ള സി.പി.എം.ബി.ജെ.പി ഐക്യത്തോടെയുള്ള വിഘടന നീക്കങ്ങൾക്കെതിരെ നവംബർ 2 ന് ശക്തമായി പ്രതിഷേധിച്ചു.
5. നവംബർ 2 ന് രൂപത യുവജന പ്രസ്ഥാനത്തിന്റെ ആനിമേറ്റർ സി. ഷാർലറ്റ് റോസ് CMC യ്ക്ക് പിറന്നാൾ ആശംസകൾ നേർന്നു.
6. യുവജന പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് ആയി കഴിഞ്ഞ വർഷം സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച അഖില തോമസിന് യാത്രാമംഗളങ്ങൾ നേർന്നു.
7. നവംബർ 7 ന് മുന്നാക്ക സംവരണം ശരിവെച്ച സുപ്രീംകോടതിയ്ക്ക് അഭിവാദ്യങ്ങൾ നേർന്നു.
8. ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ (CBCI) അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട തൃശൂർ അതിരൂപതയുടെ ആർച്ച് ബിഷപ്പും എറണാകുളം അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് പ്രാർത്ഥനാശംസകൾ നേർന്നു.

**അറിയിപ്പുകൾ**

1. നവംബർ 20 മുതൽ ഡിസംബർ 18 വരെ മേഖല തിരഞ്ഞെടുപ്പുകൾ നടക്കുന്നു. ജനുവരി രണ്ടാം തീയതി രൂപത തിരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും. എല്ലാ യൂണിറ്റുകളിലും ഇലക്ഷനുകൾ നടത്തി തീർക്കേണ്ടതാണെന്ന് ഓർമിക്കുന്നു.

2. മലബാർ യുവജനസംഗമം - ഡിസംബർ 30-ാം തീയതി താമരശ്ശേരി കേന്ദ്രീകൃതമായി മലബാറിലെ ആറ് രൂപതകൾ സമ്മേളിക്കുന്ന യുവജന സംഗമം നടത്തുന്നു. എല്ലാ ബഹു. വികാരിയച്ചൻമാരുടെയും മേഖല ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

3. പുൽക്കൂട് മത്സരം - ഓരോ മേഖലകളുടെയും നേതൃത്വത്തിൽ ഇത്തവണ പുൽക്കൂട് മത്സരം നടത്തി സമ്മാനങ്ങൾ നൽകുന്നതായിരിക്കും

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ക്രിസ്റ്റീൻ മിനിസ്ട്രി

“അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം' (ലൂക്കാ 2:14) സന്തോഷത്തിന്റെ സദാവാർത്തയുമായി സമാഗതമായ ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈ വർഷവും ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രി 'ഉണ്ണീശോയ്ക്ക് ഒരു ബൈബിൾ' എഴുതി സമ്മാനം സ്വന്തമാക്കാനായി എല്ലാ കൂട്ടുകാർക്കും അവസരം ഒരുക്കിയിരിക്കുകയാണ്. പന്ത്രണ്ടാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്. വി. മത്തായിയുടെ സുവിശേഷമാണ് കുട്ടികൾ എഴുതേണ്ടത്. A4 ഷീറ്റിൽ എഴുതി ബയ്ന്റ് ചെയ്ത് ക്രിസ്തുമസ് രാവിൽ നിങ്ങളുടെ പുൽക്കൂട്ടിൽ സമർപ്പിച്ച് ഫോട്ടോ എടുത്തതിനുശേഷം ഇടവകയിൽ ഏല്പിക്കണം. ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നത് സബ്സോണിലും തുടർന്ന് സോണിലും സോണിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നത് സംസ്ഥാനതലത്തിലും സമ്മാനത്തിന് അർഹത നേടുന്നതാണ്. പേപ്പറിന്റെ ഇരുവശവും എഴുതാം. ഒരേ നിറത്തിലുള്ള മഷി ഉപയോഗിക്കേണ്ടതാണ്.

**കരോൾഗാന മത്സരം**

കേരള ക്രിസ്റ്റീൻ മിനിസ്ട്രി നൽകുന്ന കരോൾഗാനം പഠിച്ച് വീഡിയോ അയച്ചുകൊടുക്കണം. മത്സരത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ആനിമേറ്റർമാർ വഴി അറിയിക്കുന്നതാണ്.

**ധ്യാനം നടത്തി**

വേനപ്പാറ ഇടവകയിൽ നവംബർ 12,13 തീയതികളിൽ 4 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി. സതീഷ്, ബേബി, സിജോ എന്നിവരാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത്. ക്രിസ്റ്റീൻ സോണൽ കോ-ഓർഡിനേറ്റർ ആന്റണി ചൂരപൊയ്കയിൽ ധ്യാനാവസരത്തിൽ കുട്ടികളെ സന്ദർശിച്ചു.

### ആനിമേറ്റേഴ്സ് സംഗമം

കോഴിക്കോട് സോണിലെ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ എല്ലാ ആനിമേറ്റേഴ്സിന്റെയും ഏകദിന സംഗമം ആത്മനിറവ്-2022' താമരശ്ശേരി അൽഫോൻസ നേഴ്സറി സ്കൂളിൽ വച്ച് 2022 ഡിസംബർ 10-ാം തീയതി ശനിയാഴ്ച 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടക്കുകയാണ്. എല്ലാ ആനിമേറ്റേഴ്സും ഈ സംഗമത്തിൽ പങ്കെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ? വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മിനിസ്ട്രി

## കരിസ്മാറ്റിക് മൂവ്മെന്റ്

സോണൽ സർവ്വീസ് ടീം മീറ്റിംഗ് 18.11.22 ന് പിഎംഒസി യിൽ ചേരുകയുണ്ടായി. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾ തുടക്കംകുറിക്കുവാനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ഇനിമുതൽ എല്ലാ മാസത്തിന്റെയും ആദ്യ വ്യാഴാഴ്ചകളിൽ സോണൽ സർവ്വീസ് ടീം കൂടുവാൻ തീരുമാനിച്ചു. ഓരോ സർവ്വീസ് ടീം അംഗങ്ങൾക്കും ഓരോ സബ്സോണിന്റെ ചുമതല വീതിച്ചു നൽകി.

### ജീവജ്വാല

ഒക്ടോബർ 23 മുതൽ 30 വരെ തീയതികളിൽ കെസിബിസി കരിസ്മാറ്റിക് കമ്മീഷന്റെ മുഖപത്രമായ ജീവജ്വാലയുടെ പ്രചരണാർത്ഥം നടന്ന 'ജീവവാരം' എല്ലാ സബ്സോണുകളിലും വളരെ സജീവമായി നടക്കുകയുണ്ടായി. നിലവിൽ വന്നുകൊണ്ടിരുന്ന 580 കോപ്പികൾക്ക് പുറമെ പുതുതായി 600 വരിക്കാരെ കണ്ടെത്താൻ കഴിഞ്ഞു. എല്ലാ വീടുകളിലും ജീവജ്വാല എത്തുക എന്ന ഉദ്ദേശത്തോടെ പ്രവർത്തനങ്ങൾ തുടരുന്നു.

### മദ്ധ്യസ്ഥപ്രാർത്ഥന

എല്ലാ ശനിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണിവരെ സോണിനും സഭയ്ക്കും ലോകത്തിനും വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഓൺലൈനിൽ നടത്തുവാൻ തീരുമാനനായി.

### പാരിഷ് മിനിസ്ട്രി

എല്ലാ പ്രാർത്ഥന ഗ്രൂപ്പ് അംഗങ്ങൾക്കും ഫൊറോനതലത്തിൽ മോട്ടിവേഷൻ പ്രോഗ്രാമുകൾ ഒരുക്കാനുംലീഡേഴ്സിന് ട്രെയിനിംഗ് കൊടുക്കാനും തീരുമാനിച്ചു. ആത്മാവിലുള്ള നവജീവിതത്തിന് ഉതകുന്ന എൽഎസ്എസ് പ്രോഗ്രാമുകൾ എല്ലാ ഇടവകകളിലും നടത്തുവാനും തീരുമാനമായി.

**കെരിഗ്മ**

കെരിഗ്മ കോഴ്സിൽ പങ്കെടുത്തിട്ടില്ലാത്തവർക്കുവേണ്ടി കെരിഗ്മ കോഴ്സുകൾ നടത്തുവാൻ തീരുമാനമായി. കോഴിക്കോട്, മലപ്പുറം ജില്ലകളുടെ വിവിധയിടങ്ങളിൽ യുവജന പങ്കാളിത്തത്തോടെ ക്രിസ്മസ്സ് കരോൾ പ്രോഗ്രാമുകൾ നടത്തുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

**ക്രിസ്റ്റീൻ**

കുട്ടികൾക്ക് ക്രിസ്തുമസിന് മുമ്പായി വിവിധയിനം പ്രോഗ്രാമുകൾ എല്ലാ ഇടവക കേന്ദ്രീകരിച്ചും നടത്തുന്നതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**കപ്പിൾസ്**

യുവദമ്പതികളെ കൂട്ടിചേർത്തുള്ള സെല്ലുകൾ രൂപീകരിച്ച് കുടുംബ നവീകരണം നടത്താനും കൂട്ടായ്മകൾ ശക്തിപ്പെടുത്താനുമുള്ള ഒരുക്കത്തിലാണ് സോണൽ കപ്പിൾസ് നേതൃത്വം.

**തുവാനിസ**

മാതാവിന്റെ സ്വഭാവ ഗുണങ്ങളിൽ വളരുന്ന അമ്മമാരുടെ കൂട്ടായ്മ ഓരോ ഇടവകയിലും രൂപീകരിക്കാനുള്ള പരിശ്രമത്തിലാണ് തുവാനിസ മിനിസ്ട്രി.

**യുവജന മിസ്ട്രി (YU4C)**

എല്ലാ ഇടവകകളിലും യുവജന മിനിസ്ട്രിയുടെ ഗ്രൂപ്പുകളുണ്ടാകുക എന്ന ലക്ഷ്യത്തോടെ തീവ്രമായ പരിശ്രമത്തിലും പ്രാർത്ഥനയിലുമാണ്. പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ ഈ വർഷം മുഴുവൻ ചൊവ്വാഴ്ച കുർബാന ഈ നിയോഗംവെച്ച് സമർപ്പിക്കുന്നു. ദിവസവും ഒരു മണിക്കൂർ ഒരാളെങ്കിലും ഈശോയോടൊന്ന് ആയിരിക്കുന്നു. ഭവനങ്ങൾ സന്ദർശിച്ച് പ്രത്യേകിച്ച് പ്രായമായവരിൽനിന്നും കുടപ്പുരോഗികളിൽ നിന്നും പ്രാർത്ഥന സ്വരൂപിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

## ലീഡർഷിപ്പ് ഡെവലപിംഗ് സൊസൈറ്റി

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ എടുത്ത കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള ബോധവത്കരണ സെമിനാർ എൽഡിഎസ് ഓഫീസ്സിൽ നല്കുകയുണ്ടായി.

അഡ്മിഷന്റെ ഭാഗമായി ഡയറക്ടറുടെ നേതൃത്വത്തിൽ മാതാപിതാക്കളോടും കുട്ടികളോടുമൊപ്പം കോളേജ് സന്ദർശിച്ച് കോളേജിലെ പ്രവേശന നടപടികൾ ക്രമീകരിക്കുകയും ചെയ്തു.

വികാരിയച്ചന്മാരുടെ ശുപാർശപ്രകാരം, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന അപേക്ഷ തന്ന കുട്ടികൾക്ക് കോഴ്സ് ഫീസിൽ 50% ഇളവ് നല്കിയിട്ടുണ്ട്.

Bsc. Nursing, GNM, Paramedical, Syber Security, Artificial Inteligence, B.com with logitic Management, BBA തുടങ്ങിയ കോഴ്സുകളിലേക്കാണ് അഡ്മിഷൻ നല്കിയിട്ടുള്ളത്.

**ഫാ. ജെയ്സൻ കാരക്കുന്നേൽ**
ഡയറക്ടർ, എൽ.ഡി.എസ്

## ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

101 ദിനരാത്രങ്ങൾ നീണ്ടുനിന്ന അഖണ്ഡ ജപമാല ഒക്ടോബർ 28 ന് സമാപിച്ചു. അനേകർ നിത്യാരാധന ചാപ്പലിൽ ഈശോയുടെ കൂടെയിരിക്കുവാൻ ആഗ്രഹിച്ചു കടന്നുവരുന്നു.

### ധ്യാനങ്ങൾ

**ജീവിതവിശുദ്ധീകരണ ധ്യാനം:** തിരുസഭയുടെ ഔദ്യോഗികമായ ഡെലിവറൻസ് ശുശ്രൂഷയെ കേന്ദ്രീകരിച്ച് ഒരുക്കിയിരിക്കുന്ന രണ്ട് ജീവിത വിശുദ്ധീകരണ ധ്യാനങ്ങളാണ് നവംബർ മാസം ഉണ്ടായിരുന്നത് 11 മുതൽ 14 വരെയും 25 മുതൽ 28 വരെയുമാണ് ധ്യാനങ്ങൾ ക്രമീകരിച്ചിരുന്നത്. ഇരുന്നൂറോളം പേര് പങ്കെടുക്കുന്ന ഓരോ ധ്യാനത്തിലൂടെയും അനേകർ ദൈവാനുഗ്രഹം പ്രാപിക്കുന്നു. ധ്യാനങ്ങൾ നയിച്ചത് ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനും ടീമുമാണ്.

### സെന്റ് വിൻസെന്റ് ഡി പോൾ ധ്യാനം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി താമരശ്ശേരി സെൻട്രൽ കൗൺസിൽ സൊസൈറ്റി അംഗങ്ങൾക്കുവേണ്ടി ഒരുക്കിയ ധ്യാനം ഈ മാസം 19,20 തീയതികളിൽ ബഥാനിയായിൽ വെച്ച് നടക്കുകയുണ്ടായി. വിൻസെൻഷ്യൻ അരൂപിയിൽ നിറയാൻ വേണ്ടി ഒരുക്കിയ ഈ ധ്യാനം നയിച്ചത് ബിജു കൂനൻ വി.സി അച്ചനായിരുന്നു. താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, തോട്ടുമുക്കം മേഖലകളിലെ 250 ഓളം അംഗങ്ങൾ ധ്യാനത്തിൽ പങ്കെടുത്തു.

### ഏകദിന കൺവെൻഷൻ

നവംബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടത്തപ്പെട്ടു. നവംബർ 4-ാം തീയതി ആദ്യവെള്ളിയാഴ്ച ശുശ്രൂഷ ദിവ്യ

കാരുണ്യ പ്രദിക്ഷണത്തോടെ സമാപിച്ചു. രാവിലെ 9 മണിക്ക് ആരംഭിച്ച ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം എന്നിവ ഉണ്ടായിരുന്നു.

## ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ

നവംബർ 19 ശനിയാഴ്ച ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ നടന്നു. അഖണ്ഡ ജപമാലയിലൂടെ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു കൊണ്ട് ബഥാനിയ കുടുംബം ഒരുമിച്ച് ചേർന്ന് കൃതജ്ഞത ബലിയർപ്പിക്കുകയും, കൂടുതൽ തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്യുവാൻ പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കുകയും ചെയ്തു.

## സ്പിരിച്വൽ ഷെയറിങ്ങ്

ജീവിതത്തിന്റെ സങ്കടങ്ങളും ഭാരങ്ങളും ഇറക്കി വയ്ക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ബഥാനിയായിലെ സ്പിരിച്വൽ ഷെയറിങ്ങ് വലിയ സഹായമാണ് നൽകുന്നത്. വെള്ളിയാഴ്ചകളിൽ രാവിലെ 9 ആരംഭിക്കുന്ന ഈ ശുശ്രൂഷ നയിക്കുന്നത് പ്രത്യേകം പരിശീലനം നേടിയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും അത്മായ സഹോദരങ്ങളുമാണ്.

## മധ്യസ്ഥപ്രാർത്ഥന

ബഥാനിയായിൽ സമർപ്പിക്കപ്പെടുന്ന എല്ലാ നിയോഗങ്ങൾക്കായും ഇവിടുത്തെ എല്ലാ ശുശ്രൂഷകൾക്കുമായി എല്ലാ ദിവസവും മധ്യസ്ഥപ്രാർത്ഥന രാവിലെ 9.30 മണി മുതൽ വൈകുന്നേരം 3 വരെ നടത്തപ്പെടുന്നു.

## ഡിസംബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 1 വ്യാഴം | - | ഇരുപതഞ്ചുനോമ്പാരംഭം |
| 2 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 8 വ്യാഴം | - | അമലോത്ഭവ തിരുനാൾ |
| 9 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 16 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 23 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 30 വെള്ളി | - | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**

ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# മലബാർ ലേബർ മൂവ്മെന്റ്

എം.എൽ.എം ന്റെ നേതൃത്വത്തിൽ ശാരീരിക വൈകല്യമുള്ള വരുടെ അതിജീവനത്തിനുവേണ്ടി പൊതു സമൂഹത്തിന് നൽകുന്ന ബോധവൽ ക്കരണ സെമിനാർ 29/10/2022 നു ഈങ്ങാപ്പുഴ വ്യാപാര ഭവൻ ഓഡിറ്റോറി യത്തിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ശ്രീമതി ത്രേസ്യാമ്മ ജോസഫ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശാരീരിക വൈകല്യമുള്ളവരുടെ അതിജീവനത്തിന് വേണ്ടി പൊതുസമൂഹം നൽകേണ്ട പിന്തുണയെ കുറിച്ച് ഫാ. ജയ്സൺ കാരക്കുന്നേൽ അധ്യക്ഷപ്രസംഗത്തിൽ പ്രതിപാ ദിച്ചു. സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് ഉള്ള ബോധവൽക്കരണ ക്ലാസ് ശ്രീ. ചാക്കോ കാലായിൽ നയിച്ചു. ശ്രീ. സ്റ്റീഫൻ കൊട്ടാരത്തിൽ, ശ്രീ. ജോഷി കുമ്പുക്കൽ എന്നീവർ ആശംസകൾ അർപ്പിച്ചു.

സാമൂഹിക സുരക്ഷാ പദ്ധതികളെക്കുറിച്ച് പൊതുജനത്തിനു നൽകുന്ന ബോധവത്കരണ ക്ലാസ് ഈങ്ങാപ്പുഴ വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ശ്രീ. ജോയ് കാലാ യിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. KLM സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സ്റ്റീഫൻ കൊട്ടാരത്തിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹി ച്ചു. KLM രൂപത ഡയറക്ടർ ഫാ. ജയ്സൺ കാരക്കുന്നേൽ മീറ്റിംഗ് ഉദ്ഘാ ടനം ചെയ്തു. സാമൂഹ്യ ക്ഷേമ പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ സെമിനാർ ശ്രീ സെബാസ്റ്റ്യൻ പാലംപറമ്പിൽ നയിച്ചു. മീറ്റിങ്ങിൽ ശ്രീമതി ബിജി ജോസ് മണ്ഡപത്തിൽ ആശംസകൾ അർപ്പിച്ചു. ശ്രീ. ജോഷി കുമ്പു ക്കൽ എല്ലാവർക്കും നന്ദി അർപ്പിച്ചു.

എം.എൽ.എം (K.L.M) നടപ്പിലാക്കിയ സ്വാവലംബൻ പദ്ധതിയിൽ അംഗമായവരുടെയും തയ്യൽ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി, നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവരുടെയും 2022-2023 വർഷത്തെ അംശദായം ഡിസംബർ 30ന് മുൻപായി അടക്കേണ്ടതാണ്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ അംഗമായി ട്ടുള്ള 60 വയസ്സ് കഴിഞ്ഞിട്ടുള്ള വ്യക്തികൾക്ക് സ്വാവലംബൻ പദ്ധതി വിഹിതം തിരികെ ലഭിക്കുന്നതിന് വേണ്ട അപേക്ഷകൾ സ്വീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9744342000

**ഫാ. ജയ്സൺ കാരക്കുന്നേൽ**
**ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്**

# വികസനവേദി

## മുട്ടക്കോഴി വിതരണം

കോഴിക്കോട് സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ, പെരുവണ്ണാമൂഴി കൃഷി വിഞ്ജാന കേന്ദ്രം (KVK) സെന്റർ ഫോർ ഓവർ ഓൾ ഡെവലൊപ്മെന്റ് (COD) സഹകരണത്തോടെ പുതുപ്പാടി പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപെട്ട 50 വനിതകൾക്കായി 500 മുട്ടകോഴികളെ വിതരണം ചെയ്തു. പരിപാടിയുടെ ഉദ്ഘാടന കർമ്മം COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ നിർവഹിച്ചു. സുഗന്ധവിള ഗവേഷണ കേന്ദ്രം സയന്റിസ്റ്റ് ഡോ. ബിജു പദ്ധതി വിശദീകരണം നടത്തി. കൃഷി വിഞ്ജാന കേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. ഷണ്മുഖവേൽ കോഴി വളർത്തേണ്ട രീതിയെക്കുറിച്ചു ക്ലാസ് എടുത്തു. COD പ്രോഗ്രാം കോഓർഡിനേറ്റർ ജോയ് കെ.സി, COD ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ് GVS സെക്രട്ടറി ഡെയ്സി ജോയ് എന്നിവർ പ്രസംഗിച്ചു.

## കാർഷിക സെമിനാർ

പെരുവണ്ണാമൂഴി കൃഷി വിഞ്ജാന കേന്ദ്രത്തിന്റെ സഹായത്തോടെ COD താമരശ്ശേരി, ആനക്കാംപൊയിൽ ഗ്രാമവികസന സമിതിയുടെ സഹകരണത്തോടെ 'സംയോജിത കൃഷിയും, സാമ്പത്തിക വളർച്ചയും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. ആനക്കാംപൊയിൽ സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടത്തിയ സെമിനാറിൽ 35 കർഷകർ പങ്കെടുത്തു. COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി പദ്ധതി വിശദീകരണം നടത്തി. കൃഷി വിഞ്ജാന കേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ് ഡോ. ഷണ്മുഖവേൽ ക്ലാസ് എടുത്തു. മൃഗസംരക്ഷണവും അനുബന്ധ കൃഷിയും വരുമാന വർദ്ധനവിന് ഏറ്റവും അനുയോജ്യ മെന്ന് വിശദീകരിച്ചു. പ്രാദേശിക വിഭവങ്ങളെ സാമ്പത്തിക നേട്ടത്തിനായി ഏതെല്ലാം രീതിയിൽ ഉപയോഗിക്കാം എന്ന് പറഞ്ഞു. നാട്ടറിവിനെക്കുറിച്ചും നാടൻ ചികിത്സ രീതിയെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ റെനി സാബു, GVS പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ എന്നിവർ പ്രസംഗിച്ചു.

## ഭക്ഷ്യദിനാചരണവും, പച്ചക്കറി വിത്ത് വിതരണവും

പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 'ലോക ഭക്ഷ്യ ദിനാചരണത്തിന്റെ' ഭാഗമായി സെമിനാറും, പച്ചക്കറി വിത്തും, തൈകളും വിതരണം നടത്തി. പുതുപ്പാടി ഗ്രാമ വികസന സമിതി ഓഫീസിൽ വച്ച് നടത്തിയ പരിപാടിയിൽ 50 കുടുംബങ്ങൾക്ക് പച്ചക്കറി തൈകളും, 200 കുടുംബങ്ങൾക്ക് പ

ച്ചക്കറി വിത്തും നല്കി. ഭക്ഷ്യദിനാചരണ സെമിനാറിൽ COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി ക്ലാസ് എടുത്തു. ഭക്ഷ്യ വസ്തുക്കളുടെ അമിത ഉപയോഗം, ഭക്ഷണ രീതിയിൽ വന്ന മാറ്റങ്ങളും, അതുമൂലമുള്ള രോഗങ്ങളും, ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലും, കാർഷിക മേഖലയിൽ വന്ന മാറ്റങ്ങൾ ഇവയെല്ലാം പരാമർശിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ്, ഗ്രാമ വികസന സമിതി ഭാരവാഹികളായ റോയ് കുര്യൻ, ലീന സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. പുതുപ്പാടി കൃഷി ഭവനിൽ നിന്നും സൗജന്യമായി ലഭിച്ചതാണ് പച്ചക്കറി വിത്തും, തൈകളും. കൃഷിഭവൻ പ്രവർത്തകർക്കു യോഗം പ്രത്യേകം നന്ദി പറഞ്ഞു.

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കരിയാത്തും പാറയിൽ വച്ച് ഭക്ഷ്യദിനാചരണം നടത്തി. കൃഷി ഓഫീസർ ശ്രീമതി ബീന ഷിജു നരിവേലിൽ പരിപാടി ഉദ്ഘാടനം ചെയ്തു. കൂരാച്ചുണ്ട് പഞ്ചായത്ത് 5 വാർഡ് മെമ്പർ ശ്രീമതി ജെസ്സി ജോസഫ് അധ്യക്ഷത വഹിച്ചു. കൃഷി ഭവനിൽ നിന്നും ലഭിച്ച പച്ചക്കറി വിത്ത് വിതരണം ചെയ്തു. ജില്ലയിലെ മികച്ച അസ്സിസ്റ്റന്റ് ഓഫീസർ ആയി തിരഞ്ഞെടുത്ത ബീന ഷിജുവിനെ യോഗം ആദരിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, ഗ്രാമ വികസന സമിതി ഭാരവാഹികളായ മേരി അഗസ്റ്റിൻ, മാത്യു ആന്റോ, ജെസ്സി എന്നിവർ പ്രസംഗിച്ചു.

വെറ്റിലപ്പാറ, കൂടരഞ്ഞി എന്നീ ഗ്രാമ വികസന സമിതികൾ ഭക്ഷ്യദിനാചരണ0 നടത്തി. ഗ്രാമവികസന സമിതിയുടെ ഓഫീസുകളിൽ വച്ച് നടത്തിയ പരിപാടികളിൽ COD ഏരിയ കോഓർഡിനേറ്റർ ഷൈനി സിബി ഭക്ഷണ രീതിയും , രോഗങ്ങളും എന്ന വിഷയത്തിൽ ക്ലാസ് എടുത്തു.

അങ്ങാടിപ്പുറം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പരിയാപുരത്തു വച്ച് ഭക്ഷ്യ ദിനാചരണം ആഘോഷിച്ചു. പരിപാടിയിൽ 50 അംഗങ്ങൾ പങ്കെടുത്തു. ദിനാചരണത്തിന്റെ ഭാഗമായി വീടുകളിൽ തയ്യാറാക്കിയ നാടൻ ഭക്ഷണം പൊതു സദസ്സിൽ പ്രദർശിപ്പിക്കുകയും, വിതരണം നടത്തുകയും ചെയ്തു . പുതിയ സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഭക്ഷണ രീതികളെക്കുറിച്ചും, ഇപ്പോൾ വന്നിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും ചർച്ച നടത്തി. COD ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പരിപാടിക്ക് നേതൃത്വം നല്കി.

ചിരട്ടമല, ആനക്കയം എന്നീ ഗ്രാമ വികസന സമിതികൾ ഭക്ഷ്യദിനാചരണം നടത്തി. ചിരട്ടമലയിൽ വച്ച് നടത്തിയ പരിപാടിയിൽ Sr. സിൽവിയയും , ആനക്കയത്തു വച്ചു നടത്തിയ പരിപാടിയിൽ അംഗനവാടി ടീച്ചറും ക്ലാസ്സെടുത്തു. രണ്ടു ഗ്രാമ വികസന സമിതിയിലും കൂടി 70 അംഗങ്ങൾ പങ്കെടുത്തു. വിവിധ ഇനം ഭക്ഷണ പദാർത്ഥങ്ങൾ പ്രദർശിപ്പിക്കുകയും, വിതരണം നടത്തുകയും ചെയ്തു COD ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പരിപാടിക്ക് നേതൃത്വം നല്കി.

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കൂരാച്ചുണ്ട് AFMA അംഗങ്ങൾ വയോജന ദിനാചരണം നടത്തി. വയോജനങ്ങൾ പങ്കെടുത്ത വിവിധ ഇനം കലാപരിപാടികൾ വേദിയിൽ അവതരിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടന കർമ്മം കൂരാച്ചുണ്ട് ഫൊറോനാ വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ നിർവഹിച്ചു. വയോജന കൂട്ടായ്മ പ്രസിഡന്റ് ജോസഫ് ഇളംപ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. COD കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, ലീലാമ്മ ജോസ്, ചിന്നമ്മ എന്നിവർ സംസാരിച്ചു.

### ഗാന്ധി ജയന്തി ആഘോഷം

കോടഞ്ചേരി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ തോട്ടുമുഴി, നെല്ലിപ്പൊയിൽ എന്നീ MCC കൾ ഗാന്ധി ജയന്തി ആഘോഷത്തിന്റെ ഭാഗമായി പരിസര ശുചീകരണം നടത്തി. ഓടക്കയം MCC ഗാന്ധി ജയന്തി ആഘോഷത്തിന്റെ ഭാഗമായി ഓടക്കയം അംഗനവാടി പരിസരം ശുചീകരണം നടത്തി. പഞ്ചായത്ത് മെമ്പർ ജിനേഷ് പരിപാടി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ശാന്തി സ്വാശ്രയ സംഘം ഓടക്കയം ഹെൽത്ത് സെന്റർ പരിസരം ശുചീകരിച്ചു. MCC പ്രസിഡന്റ് റംല അബ്ദുറഹിമാൻ ഉദ്ഘാടനം നിർവഹിച്ചു.

### ആശാകിരണം

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി COD താമരശ്ശേരിയും, മലബാർ കാൻസർ സെന്റർ (MCC) തലശ്ശേരിയും, പുല്ലാഞ്ഞിമേടുള്ള യേശുഭവൻ MSJ സിസ്റ്റേഴ്സിന്റെ സഹായത്തോടെ ഒക്ടോബർ 18 ന് വിലങ്ങാട് സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് കാൻസർ രോഗ ബോധവത്കരണ സെമിനാറും, ബ്രേസ്റ് സ്കീനിങ്, പാപ്സ്മിയർ ഒറൽ പരിശോധന എന്നിവയും നടത്തി. കാൻസർ ബോധവത്കരണ പരിപാടിയുടെ ഉദ്ഘാടനം COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ നിർവഹിച്ചു. ഡോ. ഫിൻസ് എം. ഫിലിപ്പ് ക്ലാസ്സെടുത്തു. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ Sr. സജീവ, Sr. അമൽ, COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി, COD ഏരിയ കോ-ഓർഡിനേറ്റർ ഉഷ ജോണി, GVS സെക്രട്ടറി ബിജി എന്നിവർ സംസാരിച്ചു. ക്യാമ്പിൽ 50 പേർ പങ്കെടുത്തു. 30 പേർ പരിശോധനയും നടത്തി. അടുത്ത ക്യാമ്പ് നവംബർ 10 ന് പുല്ലാഞ്ഞിമേട് യേശുഭവനിൽ നടത്തപ്പെടും.

### കാവൽ പദ്ധതി

കോഴിക്കോട് ജില്ലയിൽ COD താമരശ്ശേരിയുടെ കാവൽ പദ്ധതിയിൽ ഉൾപ്പെട്ട കൊച്ചു കവി രചിച്ച 'ചെകുത്താൻ ചിരിക്കുന്നു' എന്ന കവിതാസമാഹാരം ജുവനൈൽ ജസ്റ്റിസ് ബോർഡിൽ വെച്ച് ഹോണറബിൾ പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ശ്രീമതി രമ്യ കൃഷ്ണൻ പ്രകാശനം ചെയ്തു. ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ഓഫീസർ ശ്രീമതി ഷൈനി, ജുവനൈൽ ജസ്റ്റിസ് ബോർഡ് മെമ്പർമാരായ ശ്രീ. മോഹൻ, ശ്രീമതി നജ്മ എൽ സി പി ഒ ശ്രീമതി പ്രഷീബ, OH കൗൺസി

ലർ ശ്രീമതി ജോഷ്മ, കോഴിക്കോട് കാവൽ ഉദ്യോഗാർഥികൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പുസ്തകപ്രകാശനം. തന്റെ സ്വന്തം അനുഭവങ്ങളാണ് കവിതകൾ ആക്കിയത് എന്ന് കവി വിശദീകരിച്ചു.

## ജല ജീവൻ പദ്ധതി

*ജലഗുണ പരിശോധന ക്യാമ്പ് :* ഓമശ്ശേരി പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അമ്പലക്കണ്ടി എട്ടാം വാർഡിൽ സൗജന്യ ജല ഗുണ നിലവാര പരിശോധനയും പരിശീലനവും സംഘടിപ്പിച്ചു. വാർഡിലെ 93 ജല സ്രോതസ്സുകളിലെ വെള്ളമാണ് പരിശോധിച്ചത്. അമ്പലക്കണ്ടി താജുദ്ദീൻ മദ്റസയിൽ ജില്ലാ പഞ്ചായത്ത് മെമ്പർ നാസർ എസ്റ്റേറ്റ്മുക്ക് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പറും പഞ്ചായത്ത് വികസന സ്ഥിരം സമിതി അദ്ധ്യക്ഷനുമായ യൂനുസ് അമ്പലക്കണ്ടി അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യവിദ്യാഭാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സൈനുദ്ദീൻ കൊളത്തക്കര മുഖ്യപ്രഭാഷണം നടത്തി. എം.കെ. ഷാദിയ (ടീം ലീഡർ ജല ജീവൻ മിഷൻ) പരിശീലനത്തിനും ക്ലാസിനും നേതൃത്വം നൽകി. വാർഡ് വികസന സമിതി കൺവീനർ അബു മൗലവി അമ്പലക്കണ്ടി, മുൻ വാർഡ് മെമ്പർ കെ.ടി. മുഹമ്മദ്, കെ.കെ.എം. സുഹൈൽ, ജലജീവൻ മിഷൻ പഞ്ചായത്ത് ടീം ലീഡർ ജ്യോതിസ് ജോസ്, ജല ജീവൻ മിഷൻ ടീം ലീഡർമാരായ ക്രിസ്റ്റീന കുര്യാക്കോസ്, റെനി സാബു എന്നിവർ പ്രസംഗിച്ചു.

ഓമശ്ശേരി പഞ്ചായത്തിലെ ബധറൂൽ മദ്രസയിൽ വെച്ചു ജലഗുണനിലവാര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. 17,18,19. വാർഡുകളിലെ അംഗങ്ങളുടെ കുടിവെള്ളമാണ് പരിശോധിച്ചത്. കുടിവെള്ളം എങ്ങനെ പരിശോധിക്കണം എന്നും കുടിവെള്ളം സംരക്ഷിക്കേ തിന്റെ ആവിശ്യകതയെ പറ്റിയും ജൽ ജീവൻ പദ്ധതിയെ പറ്റിയും വിശദമായി അവർക്കു ക്ലാസ്സ് നൽകി, അംഗൻവാടി ടീച്ചർമാർ ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, മറ്റു വാർഡ് പ്രതിനിധികൾ മെമ്പർമാർ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു. പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായാണ് പഞ്ചായത്തിലെ വാർഡുകളെ ക്ലസ്റ്ററുകളായി തിരിച്ചു പരിശീലനം നൽകിയത്. വാർഡ് മെമ്പർമാർ, ജൽ ജീവൻ മിഷൻ ടീം ലീഡർ എന്നിവർ സംസാരിച്ചു.

## ജലശ്രീ ക്ലബ്ബ് രൂപീകരണം

കിഴക്കോത്തു പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജലശ്രീ ക്ലബ് രൂപീകരണവും, സ്കൂൾ തല മത്സരങ്ങളും അവിലോറ സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. കവിത രചന മത്സരങ്ങൾ ആണ് നടത്തിയത്. 30 കുട്ടികൾ ആണ് പങ്കെടുത്തത്. ജല ജീവൻ മിഷൻ ടീം ലീഡർ ഷാദിയ, കോ-ഓർഡിനേറ്റർ ആൽബിൻ ടോമി എന്നിവർ നേതൃത്വം നല്കി.

കൂടരഞ്ഞി പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ജലശ്രീ ക്ലബ്ബ് രൂപീകരണം ജലജീവൻ മിഷൻ ടീം ലീഡർ അംഗങ്ങളായ ക്രിസ്റ്റീന കുര്യാക്കോസ്, ജ്യോതിസ് ജോസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിൽ നടത്തപ്പെട്ടു. ഗവണ്മെന്റ് ട്രൈബൽ എൽ. പി സ്കൂൾ കൂമ്പാറയിൽ ഹെഡ്മാസ്റ്റർ ഷാജു കെ.എസ് ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ കോഡിനേറ്റർ ആയി റോഷ്ന ടീച്ചറെ തിരഞ്ഞെടുത്തു. സെന്റ് മേരിസ് ഹൈസ്കൂൾ കക്കാടംപൊയിൽ വെച്ച് ജലശ്രീ ക്ലബ്ബ് രൂപീകരണം ഹെഡ്മാസ്റ്റർ എം. ജെ ജോസഫ് സാറിന്റെ ഉദ്ഘാടനത്തോടുകൂടി നടന്നു. ക്ലബ് കോർഡിനേറ്റർ ആയി സ്മിത ടീച്ചറിനെ തിരഞ്ഞെടുത്തു. ദാറുൽ ഉലൂം എൽ. പി സ്കൂൾ കോലോത്തും കടവിൽ ഹെഡ്മാസ്റ്റർ ജാബിർ സാറിന്റെ ഉദ്ഘാടനത്തോടുകൂടി ജലശ്രീ ക്ലബ് രൂപീകരണം നടന്നു കോഡിനേറ്റർ ആയി അൻവർ സാറിനെ തിരഞ്ഞെടുത്തു. സെന്റ് സെബാസ്റ്റ്യൻസ് U. P, H. S സ്കൂൾ കൂടരഞ്ഞിയിൽ ഹൈസ്കൂൾ സെക്ഷൻ ജലശ്രീ ക്ലബ്ബ് കോർഡിനേറ്റർ ചൈതന്യ ടീച്ചറിന്റെയും, യുപി സെക്ഷൻ ജലശ്രീ ക്ലബ് കോർഡിനേറ്റർ നസീബ ടീച്ചറിന്റെയും സാന്നിധ്യത്തിൽ ജലശ്രീ ക്ലബ്ബ് രൂപീകരണം നടന്നു. ജലജീവൻ മിഷൻ ടീം ലീഡർ അംഗങ്ങളായ ക്രിസ്റ്റീന കുര്യാക്കോസ്, ജ്യോതിസ് ജോസ് എന്നിവർ ജലശ്രീ ക്ലബ്ബിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിച്ചു.

തിരുവമ്പാടി പഞ്ചായത്ത് ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പുല്ലൂരാംപാറ സെന്റ് ജോസഫ് ഹൈസ്കൂൾ, യു പി തലത്തിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു. ഹൈസ്കൂൾ തലത്തിൽ ഹെഡ് മാസ്റ്റർ സ്വാഗതം പറഞ്ഞു. ജല ജീവൻ മിഷൻ ടീം ലീഡർ റെനി സാബു ക്ലാസ് നയിച്ചു. സി. നിമ്മി ജലത്തിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. യു പി തലത്തിൽ ജിൻസി ടീച്ചർ സ്വാഗതം പറഞ്ഞു. കുട്ടികളിൽ നിന്ന് തന്നെ സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ തിരഞ്ഞെടുത്തു. നെഹ്റു മെമ്മോറിയൽ വായന ശാലയിൽ വച്ച് 4,5, 7,17 വാർഡ് കളിൽ നിന്ന് ജലപരിശോധന ക്യാമ്പ് നടത്തി. പൊന്നാങ്കയം SNMA LP സ്കൂളിൽ വച്ച് ജലശ്രീ ക്ലബ് രൂപീകരിച്ചു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി



# യേശുനിധി

21.10.2022 മുതൽ 20.11.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Chempanoda | 15,000.00 |
| 2 | Kakkayam | 20,000.00 |
| 3 | Koorachundu | 15,000.00 |
| 4 | Thekkumkutty | 20,000.00 |
| 5 | Thekkumkutty | 20,000.00 |
| 6 | Valliyadu | 15,000.00 |
| 7 | Vettilappara | 8,000.00 |

## Home

| | | |
|---|---|---|
| 8 | Chempanoda | 15,000.00 |
| 9 | Koorachundu | 15,000.00 |
| 10 | Mariapuram | 8,000.00 |
| 11 | Nooramthode | 15,000.00 |
| 12 | Passukadave | 20,000.00 |
| 13 | Poilomchal | 20,000.00 |

## Medical

| | | |
|---|---|---|
| 14 | Balussery | 15,000.00 |
| 15 | Chakkittappara | 15,000.00 |
| 16 | Chempanoda | 20,000.00 |
| 17 | Kakkayam | 20,000.00 |
| 18 | Kodanchery | 10,000.00 |
| 19 | Kodanchery | 15,000.00 |
| 20 | Koorottupara | 10,000.00 |
| 21 | Perinthalmanna | 10,000.00 |
| 22 | Thekkumkutty | 10,000.00 |
| 23 | Theyyappara | 20,000.00 |
| 24 | Valiyakolly | 15,000.00 |
| 25 | Valliyadu | 8,000.00 |
| 26 | Vilangad | 15,000.00 |

## Marriage

| | | |
|---|---|---|
| 27 | Vilangad | 15,000.00 |
| | **Total** | **4,04,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

നവംബർ 2022

01 മാനന്തവാടി ദ്വാരകയിൽ അഭിവന്ദ്യ മാർ അലക്സ് താരാമംഗലത്തിന്റെ മെത്രാഭിഷേക ശുശ്രൂഷകളിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജിൽ നാക് അക്രഡിറ്റേഷൻ സന്ദർശക സംഘത്തോടൊപ്പം ഭക്ഷണം കഴിച്ചു.

02 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ ദിവ്യബലിയർപ്പിച്ചു.

03 രാവിലെ, രൂപതാഭവനിൽ അൽഫോൻസ കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

04 രാവിലെ കൂടത്തായി ഇടവകയിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹത്തിലെ രണ്ട് അർത്ഥിനികളുടെ പ്രഥമ വ്രത വാഗ്ദാന സ്വീകരണ കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

05 രാവിലെ, ബാംഗ്ലൂർ ധർമ്മാരാം വിദ്യാപീഠ കപ്പേളയിൽ എസ്.എം. ആർ.സി. സമ്മേളനത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, ബാംഗ്ലൂർ ധർമ്മാരാം യൂണിവേഴ്സിറ്റി ഓഡിറ്റോ റിയത്തിൽ എസ്.എം.ആർ.സി. സമ്മേളത്തിന്റെ സമാപനയോഗത്തിൽ സംബന്ധിച്ച് ആശംസകൾ നേർന്നു.

6-11 ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റൽ ക്യാമ്പസ്സിൽ നടന്ന സി.ബി. സി.ഐ. മീറ്റിംഗിൽ സംബന്ധിച്ചു.

12 രാവിലെ, പാറോപ്പടി സെന്റ് ആന്റണീസ് ദൈവാലയത്തിൽ എം.എസ്.എം.ഐ. സന്യാസസമൂഹത്തിലെ ഏതാനും അർത്ഥിനി കളുടെ പ്രഥമ സന്യാസ സ്വീകരണ കർമ്മത്തിൽ പ്രധാന കാർമ്മി കത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവക പാരിഷ് ഹാളിൽ മിഷൻ ലീഗ് സ്ഥാപനത്തിന്റെ 75-ാം വർഷ രൂപതാതല ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും തുടർന്നു നടന്ന റാലി ഫ്ളാഗ് ഓഫ് നടത്തുകയും ചെയ്തു.

കോടഞ്ചേരി പള്ളിയിൽ ഇടവക കുടുംബകൂട്ടായ്മകൾക്ക് നേതൃത്വം നൽകുന്നവരുടെ ഫൊറോന സംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, വാണിയമ്പലം ഇടവകയിൽ അജപാലന സന്ദർശനം ആരംഭിച്ചു.

13 രാവിലെ, വാണിയമ്പലം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, മലപ്പുറം ഫൊറോന ഇടവകപ്പള്ളിയിൽ ഫൊറോന കുടുംബക്കൂട്ടായ്മ നേതാക്കളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം, കാളികാവ് സെന്റ് സേവ്യേഴ്സ് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നടത്തി.

14 രാവിലെ, രൂപതാഭവൻ കപ്പേളയിൽ ജൂബിലി ആഘോഷിക്കുന്ന സഹോദരങ്ങൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുകയും തുടർന്നു നടന്ന ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ നടന്ന ഇൻഫാം ദേശീയ നിർവാഹക സമ്മേളനം ഉദ്ഘാടനം ചെയ്തു. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷി ക്കുന്ന ഇൻഫാം സ്ഥാപക നേതാക്കളിലൊരാളായ മോൺ. ആന്റണി കൊഴുവനാലിനെ സമ്മേളനത്തിൽ ആദരിച്ചു.

15 രാവിലെ, കൂടരഞ്ഞി ഇടവകയിൽ രണ്ട് ഭവനങ്ങളിലെ നാലാമത്തെ കുഞ്ഞുങ്ങൾക്ക് പ്രാരംഭ കൂദാശകൾ നല്കി.

തിരുവമ്പാടി ഇടവക ദൈവാലയത്തിൽ ഫ്രാൻസിസ്കൻ സന്യാസ സമൂഹാംഗം മ്ശംശാന ജോസഫ് അമ്പലത്തിങ്കലിന് പൗരോഹിത്യ പട്ടം നല്കി.

ഉച്ചകഴിഞ്ഞ്, കൂരോട്ടുപാറ ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി. തുടർന്ന് ഇടവക നിർമ്മിച്ചു നൽകിയ ഒരു ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, മഞ്ഞുവയലിൽ ഹൈസ്കൂളിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ തറക്കല്ലിട്ടു.

വൈകുന്നേരം, തേക്കുംകുറ്റി ഇടവകയിൽ പുതുക്കിപ്പണിത പരി. അമ്മയുടെ നാമത്തിലുള്ള കപ്പേള ആശീർവദിക്കുകയും തുടർന്ന് ദൈവാലയത്തിൽ റംശ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു.

16 രാവിലെ കോരങ്ങാട് എസ്.എം.എം.ഐ. കോൺവെന്റ് കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗല ത്തിനെ രൂപതാഭവനിൽ സ്വീകരിച്ചു.

ഓർത്തഡോക്സ് സിറിയൻ മലബാർ ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷൻ ഗീവർഗീസ് മാർ പക്കോമിയോസിനെ രൂപതാഭവനിൽ സ്വീകരിച്ചു.

ക്ലരീഷ്യൻ സന്യാസ സമൂഹത്തിലെ അങ്കമാലി പ്രൊവിൻസ് സുപ്പീരിയർ ബഹു. ജോസ് തേമ്പള്ളി അച്ചനെ രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, ചേവരമ്പലത്ത് ക്രിസ്തുദാസി സിസ്റ്റഴ്സ് നേതൃത്വം നടത്തുന്ന ഹോം ഓഫ് ലൗ സ്ഥാപനത്തിന്റെ ഹോംഡേ സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചു.

17 രാവിലെ, താമരശ്ശേരി ചാവറഭവനിൽ ദിവ്യബലിയർപ്പിച്ചു.

18 രാവിലെ, മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിക്കുകയും സെമിനാരി വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ നടന്ന ഉപദേശക സമിതി മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, തിരുവമ്പാടി യു.പി. സ്കൂൾ ഓഡിറ്റോറിയത്തിൽ മുക്കം സബ്ജില്ലാ കലോത്സവത്തിന്റെ സമാപന സമ്മേളനത്തിന് ആദ്ധ്യക്ഷ്യം വഹിക്കുകയും വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു.

19 കോഴിക്കോട് പി.എം.ഒ.സി.യിൽ മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഭാ സംഗമ തിരഞ്ഞെടുപ്പിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

ഉച്ചയ്ക്ക്, രൂപതാഭവനിൽ നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡ് ലഭിക്കാൻ നേതൃത്വം നൽകിയ അൽഫോൻസാ കോളേജിലെ അദ്ധ്യാപകർക്ക് നൽകിയ സ്വീകരണചടങ്ങിൽ പങ്കെടുക്കുകയും അധ്യാപകരെ ആദരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, അമലാപുരി ഇടവകയിൽ അജപാലന സന്ദർശനം ആരംഭിച്ചു.

വൈകുന്നേരം, അമലാപുരി ആശ്രമത്തിൽ കോൺഗ്രസ് നേതാവും തിരുവനന്തപുരം ലോകസഭ എം.പി.യുമായ ഡോ. ശ്രീ. ശശി തരൂരിനെ സ്വീകരിച്ചു.

20 അമലാപുരി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് ഗസ്റ്റ് ഹൗസിൽ കാർഷിക ബഫർസോൺ വിഷയത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കേരള പൊതുമരാമത്ത് വകുപ്പ്മന്ത്രി ശ്രീ. മുഹമ്മദ് റിയാസിനെ സന്ദർശിച്ച് നിവേദനം നൽകി.

ഉച്ചകഴിഞ്ഞ്, ചേവായൂർ ഇടവകയിൽ പാറോപ്പടി ഫൊറോനയുടെ കീഴിലുള്ള പള്ളികളിലെ കുടുംബകൂട്ടായ്മ നേതാക്കളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ബാലുശ്ശേരി ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി പണിത ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

21 ഈങ്ങാപ്പുഴ പ്രസന്റേഷൻ നേവിഷേറ്റ് ഹൗസിൽ പരി. അമ്മയുടെ ദൈവാലയ സമർപ്പണ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർ പ്പിച്ചു.

കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

21-23 കോഴിക്കോട് പി.എം.ഒ.സി.യിൽ നടന്ന വൈദിക സമ്മേളനത്തിൽ സംബന്ധിച്ചു.

24 ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, നോബർട്ടൈൻ സന്യാസസമൂഹത്തിന്റെ പുതിയ പ്രിലേറ്റ് റവ. ഫാ. ജോസ് മുരിക്കനെ രൂപതാഭവനിൽ സ്വീകരിച്ചു.

25 രാവിലെ, കൂടരഞ്ഞിയിൽ യു.പി. സ്കൂളിൽ കുട്ടികളുടെ പാർക്ക് വെഞ്ച രിച്ച് ഉദ്ഘാടനം ചെയ്തു.

കൂടരഞ്ഞിയിൽ എം.എസ്.ജെ. സന്യാസസമൂഹത്തിന്റെ നേതൃത്വ ത്തിൽ ആരംഭിച്ച പുതിയ പ്രാഥമിക ആരോഗ്യകേന്ദ്രം വെഞ്ചരിച്ചു.

താമരശ്ശേരി സനാതന മേജർ സെമിനാരിയിലെ ഡീക്കന്മാരെ രൂപതാ ഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധി ച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

26 രാവിലെ, തിരുവമ്പാടി ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

താമരശ്ശേരി കത്തീഡ്രലിൽ ഒരു വിവാഹവാഗ്ദാന ചടങ്ങിന് കാർമ്മി കത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, വിലങ്ങാട് ഇടവകയിൽ അജപാലന സന്ദർശനം ആരം ഭിച്ചു.

27 വിലങ്ങാട് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

# വിഷയവിവരം

## താമരമൊട്ടുകൾ വാല്യം 24, 2022



| | | | |
|---|---|---|---|
| 1. | **മംഗളാശംസകൾ** | | |
| | പുതുവത്സരാശംസകൾ | 1 | 1 |
| | മാർ ജോസഫ് പാംപ്ലാനി പിതാവിന് പ്രാർത്ഥനാശംസകൾ | 2 | 75 |
| | മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന് പ്രാർത്ഥനാശംസകൾ | 2 | 76 |
| | നവവൈദികർക്ക് പ്രാർത്ഥനാമംഗളങ്ങൾ | 2 | 77 |
| | അഭിവന്ദ്യ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ | 3 | 170 |
| | അഭിവന്ദ്യ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ | 5 | 317 |
| | രൂപതാദിനം 2022 | 5 | 318 |
| | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ – ജന്മദിനാശംസകൾ | 7 | 482 |
| | അഭിവന്ദ്യ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ | 9 | 630 |
| | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ – തിരുന്നാൾ ആശംസകൾ | 10 | 734 |
| | രജതജൂബിലി, ഗോൾഡൻ ജൂബിലി ആശംസകൾ | 12 | 884 |
| | നവസന്യാസിനികൾക്ക് ആശംസകൾ | 12 | 919 |
| 2. | **ജന്മദിന ആശംസകൾ** | | |
| | ,, | 1 | 3 |
| | ,, | 2 | 79 |
| | ,, | 3 | 171 |
| | ,, | 4 | 233 |
| | ,, | 5 | 321 |
| | ,, | 6 | 385 |
| | ,, | 7 | 485 |
| | ,, | 8 | 557 |
| | ,, | 9 | 633 |
| | ,, | 10 | 737 |
| | ,, | 11 | 833 |
| | ,, | 12 | 885 |
| 3. | **നാമഹേതുകതിരുനാൾ ആശംസകൾ** | | |
| | ,, | 1 | 4 |
| | ,, | 3 | 172 |
| | ,, | 4 | 234 |
| | ,, | 5 | 321 |
| | ,, | 6 | 386 |
| | ,, | 7 | 486 |
| | ,, | 8 | 558 |
| | ,, | 9 | 634 |
| | ,, | 10 | 738 |
| | ,, | 11 | 833 |
| | ,, | 12 | 885 |
| 4. | **സർക്കുലറുകൾ** | | |
| | ആശാകിരണം കാൻസർ സുരക്ഷായജ്ഞം 01/2022 | 1 | 6 |
| | കസ്തൂരിരംഗൻ – അന്തമ വിജ്ഞാപനം സംബന്ധിച്ച് | 1 | 10 |

| | | |
|---|---|---|
| തിരുബാലസഖ്യദിനം | 2 | 81 |
| കെ.സി.വൈ.എം.-എസ്.എം.വൈ.എം. 02/2022 | 2 | 90 |
| സിനഡ് അനന്തര സർക്കുലർ | 2 | 92 |
| കർഷകദിനം സർക്കുലർ | 2 | 100 |
| മാർപ്പാപ്പയുടെ സന്ദേശം - ലോക രോഗീദിനസന്ദേശം | 2 | 104 |
| മാർപാപ്പയുടെ സന്ദേശം - ലോകസമാധാനദിന സന്ദേശം | 2 | 111 |
| കേരള സഭാനവീകരണം 2022-2025 | 2 | 120 |
| സീറോ മലബാർ പ്രേഷിത വാരാചരണം | 2 | 125 |
| കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും | | |
| പാരിഷ് കൗൺസിൽ രൂപീകരണവും 03/2022 | 3 | 174 |
| മദ്യവിരുദ്ധഞായർ | 3 | 180 |
| കുളത്തുവയൽ 04/2022 | 4 | 236 |
| യേശുനിധി 05/2022 | 4 | 239 |
| രൂപതാദിനം 06/2022 | 4 | 242 |
| ദൈവവിളി 07/2022 | 4 | 246 |
| തുടർവിശ്വാസ പരിശീലനം 08/2022 | 4 | 252 |
| വൈദികരുടെയും പള്ളിജീവനക്കാരുടെയും വേതനം- സർക്കുലർ | 4 | 255 |
| Pope Francis' Act of Consecration of Russia and Ukraine to Our Layd on 2022 March 22 Friday | 4 | 258 |
| മെയ്ദിന സന്ദേശം - കെ.സി.ബി.സി. | 5 | 323 |
| മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണം 10/2022 | 6 | 388 |
| കേരള സഭാനവീകരണം 2022-2025 | 6 | 389 |
| വൈദികരുടെ വാർഷികധ്യാനം 11/2022 | 6 | 389 |
| ലോക മാധ്യമദിനസന്ദേശം -2022 | 6 | 392 |
| പന്തക്കുസ്താ തിരുനാൾ 09/2022 | 6 | 400 |
| മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ രൂപതാദിനവചനസന്ദേശം | 6 | 414 |
| യുവജനദിനം | 7 | 489 |
| അഖണ്ഡജപമാല സമർപ്പണം 13/2022 | 7 | 494 |
| വൈദിക ക്ഷേമനിധി 14/2022 | 7 | 499 |
| സഭാദിനം ഇടയലേഖനം - മേജർ ആർച്ച് ബിഷപ്പ് | 7 | 502 |
| ബഫർസോൺ 12/2022 | 7 | 506 |
| തടവറ പ്രേഷിതദിനം | 8 | 560 |
| ജസ്റ്റിസ് സൺഡേ | 8 | 566 |
| പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ് 15/2022 | 8 | 573 |
| മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 2-ാം ചരമവാർഷികം 17/20229 | | 636 |
| കേരള സഭാനവീകരണം 2022-2025 കെ.സി.ബി.സി. സർക്കുലർ | 9 | 637 |
| സിനഡനന്തര സർക്കുലർ | 9 | 643 |
| ബഫർസോൺ ആശങ്കകൾ | 9 | 651 |
| ജപമാല ഭക്തി 19/2022 | 10 | 740 |
| സർക്കുലർ - കെ.സി.ബി.സി. | 10 | 745 |
| സർക്കുലർ - കെ.സി.ബി.സി. | 10 | 752 |
| ലോകമിഷൻ ദിനം -2019 ഫ്രാൻസിസ് പാപ്പയുടെ സന്ദേശം | 10 | 754 |
| സർക്കുലർ 18/2022 | 10 | 764 |
| സർക്കുലർ 19/2022 | 10 | 740 |

| | | | |
|---|---|---|---|
| | കെസിബിസി സർക്കുലർ | 12 | 887 |
| | സർക്കുലർ 20/2022 | 12 | 892 |
| **5.** | **ഇടയലേഖനങ്ങൾ** | | |
| | നോമ്പുകാലം 01/202 | 2 | 86 |
| **6.** | **പ്രോഗ്രാം** | | |
| | ജനുവരി | 1 | 5 |
| | ഫെബ്രുവരി 2 | 80 | |
| | മാർച്ച് | 3 | 173 |
| | ഏപ്രിൽ | 4 | 235 |
| | മെയ് | 5 | 322 |
| | ജൂൺ | 6 | 387 |
| | ജൂലൈ | 7 | 488 |
| | ആഗസ്റ്റ് | 8 | 559 |
| | സെപ്റ്റംബർ | 9 | 635 |
| | ഒക്ടോബർ | 10 | 739 |
| | നവംബർ | 11 | 834 |
| | ഡിസംബർ | 12 | 886 |
| **7.** | **കച്ചേരിക്കാര്യം** | | |
| | ,, | 1 | 13 |
| | ,, | 2 | 129 |
| | ,, | 3 | 184 |
| | ,, | 4 | 261 |
| | ,, | 5 | 331 |
| | ,, | 6 | 404 |
| | ,, | 7 | 508 |
| | ,, | 8 | 577 |
| | ,, | 9 | 655 |
| | ,, | 10 | 766 |
| | ,, | 11 | 835 |
| | ,, | 12 | 896 |
| **8.** | **പൊതു അറിയിപ്പുകൾ** | | |
| | സസ്പെൻഷൻ ഡിക്രി – ഫാ. ജോർജ് തെക്കേക്കരമറ്റത്തിൽ | 2 | 133 |
| | Constitution of the Election Commission for XII Presbyteral Council | 8 | 576 |
| | ആദരാഞ്ജലികൾ – ശ്രീ ബേബി പെരുമാലിൽ | 9 | 660 |
| | ആദരാഞ്ജലികൾ – ഫാ. ദേവസ്യ വലിയപറമ്പിൽ | 10 | 769 |
| | Decree - Constitution of the XII Pastoral Council | 10 | 772 |
| | Decree - Constitution of the XII Presbyteral Council | 11 | 838 |
| | തിരുപ്പട്ടം സ്വീകരിക്കുന്നവർ | 12 | 900 |
| | ആദരാഞ്ജലികൾ – ഫാ. പോൾ പുത്തൻപുര | 12 | 901 |
| | ആദരാഞ്ജലികൾ – ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിൽ | 12 | 903 |
| | കരുതൽ ഹെൽപ്പ് ലൈൻ | 12 | 907 |
| **9.** | **റിപ്പോർട്ടുകൾ** | | |
| | വൈദികസമിതി സമ്മേളന റിപ്പോർട്ട് | 3 | 166 |
| | വൈദികസമിതി സമ്മേളന റിപ്പോർട്ട് | 8 | 582 |
| | വൈദിക സമ്മേളനം | 12 | 904 |
| **10.** | **സെമിനാരി വാർത്തകൾ** | | |

| | | |
|---|---|---|
| ,, | 1 | 29 |
| ,, | 3 | 216 |
| ,, | 4 | 293 |
| ,, | 5 | 337 |
| ,, | 7 | 524 |
| ,, | 9 | 675 |
| ,, | 10 | 790 |
| ,, | 11 | 854 |
| ,, | 12 | 918 |
| **11. വെക്കേഷൻ ബ്യൂറോ** | | |
| ,, | 4 | 273 |
| **12. വിശ്വാസപരിശീലനം** | | |
| ,, | 1 | 20 |
| ,, | 2 | 134 |
| ,, | 3 | 187 |
| ,, | 4 | 267 |
| ,, | 5 | 333 |
| ,, | 6 | 421 |
| ,, | 7 | 511 |
| ,, | 8 | 585 |
| ,, | 9 | 663 |
| ,, | 10 | 778 |
| ,, | 11 | 841 |
| ,, | 12 | 908 |
| **13. ബൈബിൾ അപ്പോസ്റ്റലേറ്റ്** | 5 | 340 |
| ,, | 7 | 523 |
| ,, | 11 | 855 |
| **14. ചെറുപുഷ്പ മിഷൻലീഗ്** | | |
| ,, | 1 | 25 |
| ,, | 2 | 137 |
| ,, | 3 | 190 |
| ,, | 4 | 271 |
| ,, | 5 | 335 |
| ,, | 6 | 431 |
| ,, | 7 | 514 |
| ,, | 8 | 588 |
| ,, | 9 | 665 |
| ,, | 10 | 782 |
| ,, | 11 | 844 |
| ,, | 12 | 911 |
| **15 തിരുബാലസഖ്യം** | 1 | 28 |
| ,, | 2 | 140 |
| ,, | 3 | 193 |
| ,, | 6 | 435 |
| ,, | 7 | 520 |
| ,, | 8 | 594 |

| | | | |
|---|---|---|---|
| | ,, | 9 | 673 |
| | ,, | 10 | 788 |
| | ,, | 11 | 852 |
| | ,, | 12 | 915 |
| **16.** | **കെ.സി.വൈ.എം.** | | |
| | ,, | 1 | 37 |
| | ,, | 2 | 149 |
| | ,, | 3 | 204 |
| | ,, | 4 | 303 |
| | ,, | 5 | 318 |
| | ,, | 6 | 442 |
| | ,, | 7 | 533 |
| | ,, | 8 | 610 |
| | ,, | 9 | 716 |
| | ,, | 10 | 800 |
| | ,, | 11 | 789 |
| | ,, | 12 | 948 |
| **17.** | **കുടുംബ പ്രേഷിതത്വം** | | |
| | ,, | 2 | 155 |
| | ,, | 3 | 219 |
| | ,, | 4 | 294 |
| | ,, | 5 | 367 |
| | ,, | 9 | 708 |
| | ,, | 11 | 871 |
| **17.** | **മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്** | 1 | 54 |
| | ,, | 2 | 156 |
| | ,, | 3 | 220 |
| | ,, | 4 | 295 |
| | ,, | 5 | 368 |
| | ,, | 6 | 466 |
| | ,, | 8 | 607 |
| | ,, | 9 | 688 |
| | ,, | 10 | 799 |
| | ,, | 11 | 861 |
| | ,, | 12 | 932 |
| **18.** | **മാതൃവേദി** | | |
| | ,, | 1 | 36 |
| | ,, | 5 | 355 |
| | ,, | 6 | 449 |
| | ,, | 9 | 691 |
| | ,, | 12 | 938 |
| **19.** | **കത്തോലിക്കാ കോൺഗ്രസ്സ്** | | |
| | ,, | 1 | 51 |
| | ,, | 3 | 211 |
| | ,, | 4 | 309 |

| | | |
|---|---|---|
| ,, | 7 | 542 |
| ,, | 9 | 709 |
| ,, | 11 | 863 |
| **20. മദ്യവിരുദ്ധസമിതി** | | |
| ,, | 9 | 689 |
| ,, | 12 | 934 |
| **21. ജീസസ്സ് യൂത്ത്** | 1 | 209 |
| ,, | 8 | 616 |
| **22. ക്രിസ്റ്റീൻ മിനിസ്ട്രി** | | |
| ,, | 10 | 813 |
| ,, | 12 | 953 |
| **23. ഇൻഫാം** | 1 | 51 |
| ,, | 2 | 154 |
| ,, | 3 | 210 |
| ,, | 4 | 291 |
| ,, | 5 | 363 |
| ,, | 9 | 686 |
| ,, | 10 | 797 |
| ,, | 11 | 862 |
| ,, | 12 | 936 |
| **24. ലിറ്റർജി കമ്മീഷൻ** | | |
| ,, | 1 | 30 |
| ,, | 2 | 141 |
| ,, | 3 | 194 |
| ,, | 4 | 274 |
| ,, | 5 | 341 |
| ,, | 6 | 436 |
| ,, | 7 | 521 |
| ,, | 8 | 595 |
| ,, | 9 | 674 |
| ,, | 10 | 789 |
| ,, | 11 | 853 |
| ,, | 12 | 916 |
| **25. പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്** | | |
| ,, | 1 | 33 |
| ,, | 2 | 147 |
| ,, | 3 | 199 |
| ,, | 5 | 345 |
| ,, | 6 | 440 |
| ,, | 7 | 529 |
| ,, | 8 | 598 |
| ,, | 9 | 680 |
| ,, | 10 | 794 |
| ,, | 11 | 859 |
| ,, | 12 | 928 |
| **26. ആൽഫ മരിയ അക്കാദമി** | | |

| | | |
|---|---|---|
| ,, | 1 | 34 |
| ,, | 2 | 148 |
| ,, | 3 | 201 |
| | 5 | 354 |
| ,, | 7 | 531 |
| , | 8 | 606 |
| ,, | 9 | 684 |
| ,, | 10 | 796 |
| ,, | 11 | 860 |
| **27. സ്റ്റാർട്ട്** | | |
| ,, | 1 | 32 |
| ,, | 2 | 143 |
| ,, | 3 | 196 |
| ,, | 4 | 279 |
| | 5 | 347 |
| ,, | 6 | 441 |
| ,, | 7 | 530 |
| ,, | 8 | 596 |
| ,, | 9 | 678 |
| ,, | 10 | 793 |
| ,, | 11 | 857 |
| ,, | 12 | 925 |
| **28. എഫ്.എസ്.ടി.** | 1 | 47 |
| **ആദരാഞ്ജലികൾ** | | |
| സി. ഡാമിയൻ എഫ്.സി.സി. | 3 | 217 |
| സി. ലിൻസി സി.പി.എസ് | 4 | 286 |
| സി. മേരി വിക്റ്റിമ എം.എസ്.ജെ. | 5 | 362 |
| സി. മാഗ്ദലിൻ എസ്.എ.ബി.എസ്. | 6 | 461 |
| സി. തെരേസ് മേരി സി.എം.സി. | 9 | 676 |
| സി. ജോൺസീന മറ്റത്തിൽ എസ്.എ.ബി.എസ്. | 9 | 677 |
| സി. സൂസമ്മ എസ്.കെ.ഡി | 12 | 920 |
| **29. കരിസ്മാറ്റിക് നവീകരണം** | | |
| ,, | 1 | 57 |
| ,, | 2 | 159 |
| ,, | 3 | 224 |
| ,, | 4 | 299 |
| ,, | 5 | 370 |
| ,, | 6 | 465 |
| ,, | 7 | 545 |
| ,, | 8 | 617 |
| ,, | 9 | 722 |
| ,, | 10 | 811 |
| ,, | 11 | 868 |
| ,, | 12 | 954 |
| **30. ബഥാനിയ വാർത്തകൾ** | | |

| | | | |
|---|---|---|---|
| | ,, | 1 | 58 |
| | ,, | 2 | 160 |
| | ,, | 3 | 224 |
| | ,, | 4 | 301 |
| | ,, | 6 | 471 |
| | ,, | 7 | 547 |
| | ,, | 8 | 620 |
| | ,, | 10 | 817 |
| | ,, | 11 | 872 |
| | ,, | 12 | 956 |
| 31. | കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ | 4 | 288 |
| | ,, | 6 | 463 |
| | ,, | 8 | 609 |
| | ,, | 9 | 715 |
| | ,, | 10 | 810 |
| | ,, | 12 | 935 |
| 32. | അൽഫോൻസ കോളേജ് | | |
| | ,, | 2 | 144 |
| | ,, | 3 | 198 |
| | ,, | 5 | 349 |
| | ,, | 8 | 599 |
| | ,, | 9 | 681 |
| | ,, | 12 | 929 |
| 33. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 1 | 55 |
| | ,, | 2 | 158 |
| | ,, | 3 | 223 |
| | ,, | 4 | 298 |
| | ,, | 5 | 369 |
| | ,, | 6 | 470 |
| | ,, | 8 | 619 |
| | ,, | 9 | 723 |
| | ,, | 10 | 816 |
| | ,, | 12 | 947 |
| 34. | വിദ്യാഭ്യാസം | | |
| | ,, | 2 | 142 |
| | ,, | 3 | 195 |
| | ,, | 4 | 276 |
| | ,, | 5 | 343 |
| | ,, | 6 | 437 |
| | ,, | 7 | 527 |
| | ,, | 8 | 604 |
| | ,, | 10 | 791 |
| | ,, | 12 | 921 |
| 35. | മലബാർ ലേബർ മൂവ്മെന്റ് (KLM/ MLM) | 1 | 63 |
| | ,, | 2 | 228 |

| | | |
|---|---|---|
| ,, | 12 | 958 |
| 36. വികസനവേദി | | |
| ,, | 1 | 60 |
| ,, | 2 | 162 |
| ,, | 3 | 229 |
| ,, | 5 | 371 |
| ,, | 6 | 473 |
| ,, | 7 | 549 |
| ,, | 8 | 622 |
| ,, | 9 | 724 |
| ,, | 10 | 820 |
| ,, | 11 | 874 |
| ,, | 12 | 959 |
| 37. എൽ.ഡി.എസ്. | 2 | 163 |
| ,, | 9 | 729 |
| ,, | 12 | 955 |
| 38. യേശുനിധി | | |
| ,, | 1 | 65 |
| ,, | 2 | 165 |
| ,, | 3 | 230 |
| ,, | 4 | 311 |
| ,, | 5 | 374 |
| ,, | 6 | 476 |
| ,, | 7 | 552 |
| ,, | 8 | 627 |
| ,, | 9 | 730 |
| ,, | 10 | 825 |
| ,, | 11 | 882 |
| ,, | 12 | 964 |
| 39. അജപാലനക്കുറിപ്പുകൾ | | |
| ,, | 1 | 66 |
| ,, | 2 | 166 |
| ,, | 4 | 312 |
| ,, | 5 | 375 |
| ,, | 6 | 477 |
| ,, | 7 | 553 |
| ,, | 8 | 628 |
| ,, | 9 | 731 |
| ,, | 10 | 826 |
| ,, | 12 | 965 |



# Christmas Reminds Us We Are All United As Brothers and Sisters



"To us a child is born, to us a son is given" (Is 9:6). Jesus was born for everyone, "the 'Son' that God has given to the entire human family"

The Pope underscored that thanks to the Christ Child "we can all call one another brothers and sisters" even as we hail from every continent, every language and culture, with our own identities and differences. He said this fundamental reality is something we can all build on to address the monumental challenges we are facing at this moment in history, such as the ecological crisis and serious economic and social imbalances worsened by the coronavirus pandemic.

The unity we need and seek as brothers and sisters, God has made possible, the Pope said, "by giving us his Son Jesus", a fraternity that is "grounded in genuine love", where we can encounter others who are different, feel compassion for their sufferings, and draw near and care for them even if they "do not belong to my family, my ethnic group or my religion."

The Pope prayed that the Child of Bethlehem might help us open our hearts to help the vulnerable, the sick, those unemployed and affected by the pandemic, as well as women have suffered domestic violence.

*(2020 December 25, Vatican)*

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-11-2022 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 12, December 2022, Pages 97.